# ലോകവാണി

LOKAVANI ★ ★ ★ MADRAS.



വാല്യം 1 വില 4 ണ. ലക്കം 3

Telephone : 3190 Telegram : "Chirstmas"

# ROBERTSON & CO.,

CHEMISTS & DRUGGISTS

★

*Suppliers*

*of* Drugs, patent medicines and surgical appliances etc., etc.

*to* Group Estates, Mission Hospitals & to leading medical practitioners of Madras City and Mofussil places

*at* Reliable and moderate prices

Both for wholesale and retail purchases

★

*Contact*:

**ROBERTSON & CO.,**

**102, Nainiappa Naick Street,**

**MADRAS 3.**

# ലോകവാണി

## ഉള്ളടക്കം

മുഖചിത്രം : ശ്രീ. ജയപ്രകാശ് നാരായണൻ.

1. പത്രാധിപലേഖനം
2. പ്രസംഗഭ്രാന്ത് : ശ്രീ. ഇ. എം. കോവൂർ.
3. പുസ്തകനിരൂപണം
   'സാധു കൊച്ചുകുഞ്ഞ്' : ശ്രീ. കുട്ടികൃഷ്ണമാരാർ.
4. വയറിന്റെ വലിപ്പം (പദ്യം) : ,, ഓ. എം. അനുജൻ.
5. കോളനികളുടെ പ്രശ്നം : ,, കെ. കെ. നായർ.
6. ജീവചരിത്രസരണി-ഷെല്ലി II : ,, കെ. എം. ജോർജ്.
7. കഷായം : വാശടൻ
8. വീഥീനിയമം : വി. പി. എ. വി. പി.
9. സ്കൂളിലേക്ക് (പദ്യം) : ശ്രീ. ആലുവാ രാഘവൻ പിള്ള
10. ശ്രീ. പുളിമാന : ശ്രീ. എസ്സ്. ഗുപ്തൻ നായർ.
11. വായനക്കാർ ലോകവാണിയിൽ.


# ലോകവാണി

## ( ഒരു പ്രതിപക്ഷപത്രിക )

മാസന്തോറും 1, 15 എന്നീ തീയതികളിൽ
പ്രസിദ്ധപ്പെടുത്തുന്നതാണ്.

കേരളത്തിലെ പേരുകേട്ട എല്ലാസാഹിത്യകാരന്മാരും ലോകവാണി
യിൽ എഴുതുന്നുണ്ട്.

ഒററ പ്രതി 4 ണ. വരിസംഖ്യ ഒരു വഷത്തേക്ക 6 ക.

കേരളത്തിനുള്ളിലും വെളിയിലും ഏജൻറന്മാരെ ആവശ്യമുണ്ട്.

വ്യവസ്ഥകൾക്ക് ഉടനേ എഴുതുക :

*The Manager,*
**Lokavani Office,**
**TAMBARAM.**

# മഹാകവി വള്ളത്തോളിൻെറ
# 70-ാം ജന്മദിനം കൊണ്ടാടുന്നു

മദിരാശി,
27-3-48

ഗവ: പ്ലീഡർ ശ്രീ. കുട്ടികൃഷ്ണമേനോൻെറ വസതിയിൽ ഇന്നു വൈകുന്നേരം കൂടിയ ഇവിടത്തെ പ്രമുഖരായ മലയാളികളുടെ ഒരു യോഗത്തിൽ വെച്ചു് താഴെ പറയുന്ന നിശ്ചയങ്ങൾ പാസ്സാക്കിയിരിക്കുന്നു.

1. വരുന്ന ഒക്ടോബറിൽ മഹാകവി വള്ളത്തോളിൻെറ 70-ാമത്തെ ജന്മദിനം മൂന്നു ദിവസങ്ങളിലായി കൊണ്ടാടണം.

2. മഹാകവിക്കു് ആ അവസരത്തിൽ ഒരു പണക്കിഴിയും ഉപഹാര ഗ്രന്ഥവും സമർപ്പിക്കണം.

3. പണക്കിഴിക്കും ഉപഹാര ഗ്രന്ഥത്തിനും ബഹുജനങ്ങളുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കണം.

ജന്മദിനാഘോഷങ്ങളുടെ നടത്തിപ്പിനു് താഴെപ്പറയുന്ന ഒരു കേന്ദ്രസമിതിയും പ്രസിദ്ധീകരണ വകുപ്പും നിശ്ചയിച്ചു.

(a) ജന്മദിനാഘോഷസമിതി. (കേന്ദ്രസമിതി)

അദ്ധ്യക്ഷൻ:– ശ്രീ. വി. എം. കുട്ടികൃഷ്ണമേനോൻ.

ഖജാൻജി:– ശ്രീ. ഡി. എച്ചു്. നമ്പൂരിപ്പാട്ടു്.

കാര്യദർശി:– ഡാക്ടർ സി. കുഞ്ഞൻരാജാ.

സഹകാര്യദർശി:– ശ്രീ. സി. ജി. കുറുപ്പു്.

അംഗങ്ങൾ:– ശ്രീമാന്മാർ, കെ. പി. ഗോപാലമേനോൻ, ഡോക്ടർ സി. ആർ. കൃഷ്ണപിള്ള, ഗോപിനാഥൻ, ഡോക്ടർ ചേലനാട്ടു് അച്യുതമേനോൻ, വി. മാധവൻ നായർ, കെ. പത്മനാഭൻ നായർ, യു. പി. മേനോൻ, യു. പി. ശങ്കുണ്ണിമേനോൻ, ശ്രീമതി കുട്ടിമാളു അമ്മ, മിസ്സസ് വിശ്വനാഥൻപിള്ള.

(b) പ്രസിദ്ധീകരണ വകുപ്പു്.

അദ്ധ്യക്ഷൻ:– ഡോക്ടർ ചേലനാട്ടു് അച്യുതമേനോൻ.

കാര്യദർശി:– എസ്സ്. കെ. നായർ.

അംഗങ്ങൾ:– ഡാക്ടർ സി. കുഞ്ഞൻരാജാ, എം. ജി. മേനോൻ, പി. എം. പത്മനാഭമേനോൻ, വി. മാധവൻ നായർ, പി. ഭാസ്കരൻ, കെ. പത്മനാഭൻ നായർ, യു. പി. ശങ്കുണ്ണിമേനോൻ.

കാര്യദർശി.

# ലോകവാണി

വാല്യം 1　　15-4-1948　　ലക്കം 3


## സോഷ്യലിസ്റ്റ് പാർട്ടിയുടെ ഭാവി

ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിനുള്ളിൽ ഒരു പ്രത്യേക പാർട്ടിയായി സോഷ്യലിസ്റ്റ്പാർട്ടി രൂപമെടുത്തതു് 1934-ൽ മാത്രമാണു്. ഇക്കഴിഞ്ഞ പതിന്നാലു കൊല്ലത്തെ അതിന്റെ വളർച്ച അത്ഭുതാവഹം തന്നെയായിരുന്നു. ഈ ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ സോഷ്യലിസ്റ്റ് പാർട്ടി, സംഖ്യാബലത്തിൽ ഇന്ത്യയിലെ രണ്ടാമത്തെ രാഷ്ട്രീയപ്പാർട്ടിയായി വളർന്നു കഴിഞ്ഞു. സ്വതന്ത്രമായ ഒരു നിലപാടു സ്വീകരിച്ചാൽ കുറേക്കൂടെ സമർത്ഥമായി പൊതുജനസേവനം നിർവ്വഹിക്കാമെന്നു സോഷ്യലിസ്റ്റ് പാർട്ടിയിലെ നേതാക്കന്മാർക്കു തോന്നിത്തുടങ്ങിയിട്ടു കുറേക്കാലമായി. ഭാരതത്തിന്റെ രാഷ്ട്രീയസ്വാതന്ത്ര്യലബ്ധി പ്രസ്തുത ചിന്താഗതിയെ ഉറച്ച ഒരു രൂപത്തിൽ കൊണ്ടുവരികയുംചെയ്തു. വിദേശഭരണത്തോടു പട വെട്ടുന്ന വിഷയത്തിൽ, കോൺഗ്രസ്സിന്റെ നിയന്ത്രണത്തിൽ ഒത്തു ചേർന്നു മുമ്പോട്ടു പോകുന്നതു യുക്തവും ആശാസ്യവുമായിരുന്നു. എന്നാൽ കോൺഗ്രസ്സ് ഇന്ത്യയുടെ ഭരണകൂടം കൈയ്യേററപ്പോൾ, ഭരണീയരുടെ ഭാഗത്തേക്കു ചരിഞ്ഞ പുരോഗമനോന്മുഖമായ സോഷ്യലിസ്റ്റ് പാർട്ടി, ഒരു വിടവുണ്ടാക്കിയതിൽ അത്ഭുതപ്പെടാനില്ല. അങ്ങനെ കോൺഗ്രസ്സുപാർട്ടിയുടെ അച്ചടക്കത്തിനു വിധേയമായി കഴിഞ്ഞുകൂടുക നിവൃത്തിയില്ലെന്ന ഘട്ടത്തിൽ സോഷ്യലിസ്റ്റ്പാർട്ടി എത്തിച്ചേരുകയും ചെയ്തു. ഈ പരിവർത്തനങ്ങളുടെ ഒരു പരിണതഫലമായിട്ടാണ് സോഷ്യലിസ്റ്റ് പാർട്ടി ഒരു സ്വതന്ത്ര രാഷ്ട്രീയപാർട്ടിയായി ഇയ്യിടെ 'വേറേ മാറി'യതു്.

സോഷ്യലിസ്റ്റ് പാർട്ടിയുടെ ജീവനാഡിയായ ശ്രീ. ജയപ്രകാശ് നാരായണൻ നാസിക്കിൽവെച്ചു ചെയ്ത ഉജ്ജ്വലമായ പ്രസംഗത്തിൽ, പ്രസ്തുത പാർട്ടിയുടെ പ്രധാന ലക്ഷ്യങ്ങളെക്കുറിച്ചും, പരിപാടികളേക്കുറിച്ചും പരാമർശിച്ചിരുന്നു. സോഷ്യലിസം എന്ന പദപ്രയോഗത്തിൽ കടന്നുകൂടിയിട്ടുള്ള അവ്യക്തതകളേയും ദുർവ്യാഖ്യാനങ്ങളേയും കുറിച്ച് അദ്ദേഹം സൂചിപ്പിക്കയുണ്ടായി. 'ഉദ്ദേശ്യം ഉപായത്തെ നീതീകരിക്കുന്നില്ലേ?' എന്ന കുടുക്കുചോദ്യം സംബന്ധിച്ചു മഹാത്മാ ഗാന്ധി പഠിപ്പിച്ചതു്, 'ഉപായം തന്നെ ഉദ്ദേശ്യം' എന്ന മഹാതത്വമാണ് എന്നു

ശ്രീ.ജയപ്രകാശ് ഊന്നിപ്പറകയുണ്ടായി. ഭക്ഷണവും, വസ്ത്രവും, വീടും എല്ലാവക്കുമുണ്ടെങ്കിൽ എല്ലാമായി എന്നു സോഷ്യലിസം പഠിപ്പിക്കുന്നില്ല. ഓരോ വ്യക്തിയുടെയും ഭൗതികാവശ്യങ്ങൾ വേണ്ടവണ്ണം നിറവേറകയും, അതേ സമയത്തു തന്നെ സംസ്കാരവും, പരിഷ്കാരവും, ധമ്മബോധവും അവനിൽ വിളയിക്കുകയും ചെയ്യുന്ന ഒരു സാമൂഹ്യഘടനയാണു സോഷ്യലിസത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്കു ഉത്തമമായ ഉപാധി സ്വീകരിക്കുകയല്ലാതെ മറെറാരു കുറുക്കുവഴിയുമില്ല. ഭരണകൂടമാകുന്ന യന്ത്രത്തിന്റെ നിയന്ത്രണത്തിൽ,തന്റേടം കാണിക്കാതെ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ചക്രമല്ല രാജ്യത്തിലെ ഒരു പൗരൻ. ജനാധിപത്യപരമായ ഒരു സോഷ്യലിസ്ററ ഭരണകൂടത്തിന്റെ അടിത്തറ കെട്ടുവാനാണു ജയപ്രകാശും കൂട്ടരും ഉദ്യമിക്കുന്നതു്. അവിടെ പരസ്പരചൂഷണത്തിനു ഇടം കൊടുക്കാത്ത വിധത്തിൽ വ്യക്തിസ്വാതന്ത്ര്യം ധാരാളം ഉണ്ടായിരിക്കുന്നതാണു്.

സോഷ്യലിസ്റ്റു് പാർട്ടിയുടെ നേതാക്കന്മാരായി അടിയുറച്ച ചിന്തകരും, തികഞ്ഞ ദേശഭക്തരും, ആദശസമ്പന്നരുമായി പലരും ഉണ്ടെങ്കിലും, അവരുടെയൊക്കെ നട്ടനായകമായി പരിലസിക്കുന്ന ദേഹമാണു് ശ്രീ. ജയപ്രകാശ് നാരായണൻ. രാഷ്ട്രീയ രംഗത്തിൽ അദ്ദേഹത്തിന്റെ പേരു കേട്ടു തുടങ്ങിയിട്ടു പതിനഞ്ചു വഷങ്ങൾ ആയിട്ടുണ്ടെങ്കിലും, ഇന്നും അദ്ദേഹം ഒരു യുവാവാണു്. ഒരു വൃദ്ധന്റെ പക്വതയും, ഒരു യുവാവിന്റെ തീക്ഷ്ണതയും അദ്ദേഹത്തിൽ കളിയാടുന്നുണ്ടു്. ജീവിതത്തിന്റെ പല വശങ്ങളും നേരിട്ടുകണ്ടും അനുഭവിച്ചും അറിഞ്ഞിട്ടുള്ള ഒരു ഉൽകൃഷ്ടവ്യക്തിയാണു ജയപ്രകാശ്.

സവ്വകലാശാലാവിദ്യാഭ്യാസത്തിനായി 1922-ൽ ജയപ്രകാശ് കാലിഫോർണിയയിൽ പോയി. അഭ്യസനം തുടങ്ങുന്നതിനു മുമ്പു് അദ്ദേഹം തൊഴിലാളി സംഘത്തിൽ ചേന്നു ഏതാനും മാസം ജോലി ചെയ്തു കുറെ പണം സമ്പാദിച്ചു. അദ്ദേഹം എട്ടു കൊല്ലത്തോളം അമേരിക്കയിൽ ചെലവഴിച്ചു. വിഷയങ്ങളും കലാശാലകളും മാറി മാറി അദ്ദേഹം പഠിച്ചു. ഒടുവിൽ സാമൂദായിക ശാസ്ത്രമാണു ജയപ്രകാശിന്റെ ഉത്സാഹകേന്ദ്രമെന്നു തെളിഞ്ഞു. മാക്സ്സിന്റെ തത്വശാസ്ത്രവും, സാമൂഹ്യപ്രശ്നങ്ങളും നല്ലതുപോലെ പഠിക്കുകയും ചിന്തിക്കുകയും ചെയ്തു ഇദ്ദേഹം, മോശമായ ധനസ്ഥിതി മൂലം ഒരു തൊഴിലാളിയായി ഇടയ്ക്കിടെ പണിയെടുക്കുകയും ചെയ്തുവന്നു. ബീഹാറിലുള്ള ഒരു കഷികകുടുംബത്തിൽ ജനിച്ചു വളന്ന ജയപ്രകാശിനു്, നേതൃത്വപരിശീലനം നൽകിയതു് അമേരിക്കയിലെ ഈ ജീവിതമാണു്. അങ്ങനെ ഒരു നല്ല സോഷ്യലിസ്റ്റു് ചിന്തകനായി ഇൻഡ്യയിൽ എത്തിയ ജയപ്രകാശ് കോൺഗ്രസ്സു പ്രവത്തനങ്ങളിൽ ഇടപ്പെട്ടു.

നാസിക് ജയലിൽ ജയപ്രകാശും കൂട്ടരും കഴിച്ചുകൂട്ടിയ നാളുകളാണു് സോഷ്യലിസ്റ്റു് പാട്ടിയുടെ ബീജാവാപം ചെയ്തതു്. 1934-ൽ അവർ പുറത്തു വന്നപ്പോൾ വ്യക്തമായ ആദശങ്ങളും നിദ്ദേശങ്ങളും അവർ ഭാരതത്തിനു സംഭാവന ചെയ്തു. അന്നു മുതൽ ഇന്നു വരെ 'സോഷ്യലിസ്റ്റു് പാട്ടി' എന്ന പേരു കേൾക്കുമ്പോൾ

ആരും ആദ്യം സ്മരിക്കുന്നതു ജയപ്രകാശ് നാരായണനെയയാണ്.

ജയപ്രകാശിൻെറ പ്രസംഗത്തിൽ സോഷ്യലിസ്റ്റ് പാർട്ടിയുടെ അടുത്ത പരിപാടി എന്താണെന്നു് ഏകദേശമായി നിർദ്ദേശിച്ചിട്ടുണ്ടു്. പൊതു ജനങ്ങളുടെ ഇടയിൽ സൃഷ്ടിപരമായ പ്രവർത്തനം ചെയ്യുന്നതോടൊപ്പം തന്നെ, ഭരണസമിതിയിലും പ്രവേശിക്കാനാണ് അവർ ഉദ്ദേശിക്കുന്നതു്. പക്ഷെ ഇതിൽ താരതമ്യേന പ്രധാനമായിട്ടുള്ളതു് സൃഷ്ടിപരമായ പരിപാടികളാണെന്നു് അദ്ദേഹം പ്രസ്താവിക്കുകയും ചെയ്യുന്നു. വ്യവസായപദ്ധതികൾ സമർത്ഥമായി നടത്താൻ പര്യാപ്തമായ ഒരു ടെയിഡ് യൂണിയൻ രൂപവൽക്കരിക്കുക, തൊഴിലാളികളിൽ പൗരധർമ്മബോധം ഉളവാക്കുക, ഗ്രാമങ്ങളിൽ സഹകരണ സംഘടനകൾ സ്ഥാപിക്കുക, യുവജനങ്ങളെ ദേശസേവനത്തിൽ ഉൽസുകരാക്കുക, സമുദായത്തിൻെറ ഇരുട്ടറകളിൽ കഴിഞ്ഞുകൂടുന്നവരുടെ ഇടയിൽ സാംസ്കാരികവെളിച്ചം പ്രവേശിപ്പിക്കുക, ജാതിവ്യത്യാസങ്ങളും അന്ധവിശ്വാസങ്ങളും പാടേ വിപാടനം ചെയ്യുക ഇതൊക്കെയാണു പ്രധാന കർമ്മപരിപാടികളായി ജയപ്രകാശ് നർദ്ദേശിക്കുന്നതു്. അധികാരസ്ഥാനങ്ങളോടു യാതൊരു ആവേശവും കാണിക്കാത്ത അനേകായിരം പ്രവർത്തകരേയാണ് ഇതിന്നാവശ്യമായിട്ടുള്ളതു്.

പക്ഷേ അധികാരസ്ഥാനങ്ങൾ ആരേയും പ്രലോഭിപ്പിക്കുന്നതാണ്. അതിനെ നിയന്ത്രിക്കേണ്ടതാണ് എന്നു പ്രസംഗത്തിൽ പറയാൻ പ്രയാസമില്ലെങ്കിലും പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതു് തികച്ചും ദുഷ്കരം തന്നെയാണ്. ഭരണപരമായ പരിപാടികളിലേക്കു പ്രവേശം കിട്ടണമെങ്കിൽ തന്നെ, അതിനു മുമ്പു സാധാരണ ജനങ്ങളുടെ ഇടയിൽ വളരെയധികം പ്രവർത്തനങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ഇനിമേൽ വിദേശഭരണത്തോടെതിർത്തു പൊതുജനങ്ങളുടെ പിന്തുണ സമ്പാദിക്കുന്ന നയം വിലപ്പോവുകയില്ല. അതിനാൽ സൃഷ്ടിപരമായ പ്രവർത്തനം മാത്രമാണ് ഏകാവലംബം എന്നു വരുന്നു. സോഷ്യലിസ്ററ പാർട്ടി, കോൺഗ്രസ്സ് വൃക്ഷത്തിൽ ഉയർന്നു നിന്നിരുന്ന ഒരു ശാഖയാണെങ്കിലും വെട്ടി മുറിച്ചിട്ടപ്പോൾ അതിൻെറ ഔന്നത്യവും പ്രതാപവും വളരെ കുറഞ്ഞിട്ടുണ്ടു്. അപ്പോൾ അതു രാഷ്ട്രീയമാമരത്തിനിൽ അധികം തലയിട്ടിളക്കാതെ അല്പകാലത്തേക്കു മണ്ണിൽ ഉറച്ചു നില്ക്കാനാണു ശ്രമിക്കേണ്ടതു്. അങ്ങനെ അതു് വേരുറച്ചു വളർന്നു പടർന്നു തായ്‌വൃക്ഷത്തേതന്നെ അതിശയിക്കുകയില്ലെന്നു് ആരു കണ്ടു! അതുകൊണ്ടു ഭരണപരമായ പരിപാടികൾ തല്ക്കാലത്തേക്കു മനസ്സിൽ മാത്രം വെച്ചുകൊണ്ടു, സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ സോഷ്യലിസ്റ്റ്പാർട്ടി വേണ്ടതുപോലെ ശ്രദ്ധിക്കുന്ന പക്ഷം, അതിന്നു് ഒരു വലിയ ഭാവിയുണ്ടെന്നു നിസ്സംശയം പറയാൻ കഴിയുന്നതാണ്.

——

# പുളിമാന പരമേശ്വരൻ പിള്ള

വളരെ ശുഷ്കവും രസശൂന്യവുമായ ഭാഗങ്ങൾ വരുമ്പോൾ പുസ്തകം അടച്ചുവെച്ചു നേരെയൊന്നു ശ്വാസം വിടുന്നതു് അപൂർവ്വമല്ല. എന്നാൽ മറിച്ചു, ഹൃദയം തകർക്കുന്ന രസാനുഭവത്തിൽ അമർന്നു പുസ്തകം അടയ്ക്കേണ്ട സന്ദർഭങ്ങളും ഉണ്ടാകാം. വിശ്വസിക്കുക പ്രസ്സിലേക്കു പോകുന്നതിന്നായി ഇലക്ട്രിക്ക് ട്രെയിനിൽ കയറുന്നതിനു് അല്പം മുമ്പാണു്, 'പുളിമാന'യെപ്പററിയുള്ള ശ്രീ. ഗുപ്തൻ നായരുടെ ലേഖനം ഇതെഴുതുന്ന ആളിൻെറ കൈയ്യിൽ കിട്ടിയതു്. ഇയ്യിടെ അന്തരിച്ചുപോയ സാഹിത്യകാരനായ പുളിമാനയേക്കുറിച്ചു് ഒരു സഹപാഠിക്കു പറയാനുള്ളതു് മററൊരു സഹപാഠി എത്ര കൗതുകത്തോടും, താല്പര്യത്തോടും വായിച്ചു നോക്കുമെന്നുള്ളതു് ആലോചിക്കുക! ത്രസിക്കുന്ന ഹൃദയത്തോടുകൂടി കഷ്ടിച്ചു ഞാൻ ഒരു പുറം വായിച്ചു. അപ്പോഴേക്കും നൂറു നൂറു സ്മരണകൾ ഹൃദയത്തിൽ ഓളമടിച്ചു. അഞ്ചോ ആറോ കച്ചിക്കടലാസു കൈയ്യിലിരിക്ക കാരണം ഒരു പുരുഷൻ കണ്ണീരൊലിപ്പിക്കയോ! ചുററുപാടും ഇരിക്കുന്ന ആളുകളിൽ നിന്നു് ഈ ദൗർബ്ബല്യം മറക്കുന്നതിനു വണ്ടിയുടെ ജനലിൽക്കൂടെ വെളിയിലേക്കു നോക്കിയിരിക്കുക, കൈലേസ്സ് എടുത്തു് കൗശലത്തിൽ തുടയ്ക്കുക, ഇതൊക്കെ നടത്തിയശേഷം വീണ്ടും വായിക്കാൻ തുടങ്ങി. എങ്കിലും, സാധിച്ചില്ല. വായിച്ചുതീർക്കാനുള്ള വലിയ ആഗ്രഹം ഒരു വശത്തു്, ദൗർബ്ബല്യം മറയ്ക്കാനുള്ള പ്രേരണ മറുവശത്തു്. ഈ വടംവലിയിൽ കുറേ നേരം അനങ്ങാതെ ഇരുന്നു പോയി.

പ്രതിപാദ്യവും പ്രതിപാദനവും ഒന്നുപോലെ ഹൃദയ വശീകരണ സമർത്ഥമായിട്ടുള്ള പ്രസ്തുത ലേഖനത്തിലേക്കു് വായനക്കാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. അന്നു് ആർട്ട്സ് കോളേജിൽവെച്ചു 'നിലാവും നിഴലും' എന്ന നാടകത്തിൽ ശ്രീ. പുളിമാന അഭിനയിച്ച രംഗങ്ങൾ എൻെറ മനസ്സിൽ ഇപ്പോഴും സ്പഷ്ടമായി നിഴലിക്കുന്നു. കോളേജിലെ ചെറുതാരങ്ങളുടെ ഇടയിൽ അന്നു് ഒരു നിലാവുതന്നെ ആയിരുന്ന പുളിമാന ഇന്നിതാ ഒരു കരി'നിഴലി'ൽ ആണ്ടു പോയിരിക്കുന്നു. ചങ്ങമ്പുഴയും, പുളിമാനയും മററും വിദ്യാർത്ഥികളായിരുപ്പോൾ ആർട്ട്സ് കോളേജിനു് ഉണ്ടായിരുന്ന ചൈതന്യം —തെളിച്ചം— ഇപ്പോഴത്തെ യൂണിവേഴ്സിററി കോളേജിനു് ഉണ്ടോ എന്നു് എനിക്കറിഞ്ഞുകൂടാ. അല്ലെങ്കിൽ ഓണേഴ്സ് പരീക്ഷയ്ക്കു കഷ്ടിച്ചു മൂന്നാംക്ലാസ്സും, തോൽവിയും സമ്പാദിച്ച ഈ കലാകാരന്മാരെക്കുറിച്ചു ധാരാളം ഒന്നാംക്ലാസ്സുകൾ നേടുന്ന കലാലയത്തിനു് എന്തൊരു ചിന്തയാണു്! ഒന്നു കണിശമാണു്. കലാഭിരുചിക്കു കടിഞ്ഞാണിടാൻ നിവൃത്തിയില്ല. കടിഞ്ഞാണില്ലാതെ ഈ ലോകത്തിൽ വിജയവുമില്ല. പുളിമാനയുടെ വിയോഗത്തിൽ കേരളത്തിനു് ഒരു മികച്ച സാഹിത്യകാരനേ, നൂറു ശതമാനവും കലാകാരനായിരുന്ന ഒരു സമത്വവാദിയെ, ആണു നഷ്ടമായിരിക്കുന്നതു്. ഈ നഷ്ടത്തിൽ ഞങ്ങളുടെ അകൈതവമായ ദുഃഖം രേഖപ്പെടുത്തിക്കൊള്ളട്ടെ.

# വള്ളത്തോൾ ജന്മദിനാഘോഷം

മഹാകവി വള്ളത്തോളിന്റെ 70-ാമത്തെ ജന്മദിനം ആഘോഷപൂർവ്വം കൊണ്ടാടണമെന്നു തീരുമാനിച്ചിരിക്കുന്നതായി ഒരു വിജ്ഞാപനം അന്യത്ര ചേർത്തിട്ടുണ്ട്. നമ്മുടെ മഹാന്മാരേ ആദരിക്കുന്നതിലും, അഭിനന്ദിക്കുന്നതിലും പ്രായേണ അലസന്മാരായിച്ചമഞ്ഞിരുന്ന നാം, ഇയ്യിടെ ഈ വിഷയത്തിൽ കുറേ ഉത്സാഹം പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നു. ഇതു ശുഭോദർക്കമാണെന്നു ഇതിന്നു തർക്കമില്ല. നമ്മുടെ മഹാകവികളിൽ പലതു കൊണ്ടും അഗ്രഗണ്യനായ വള്ളത്തോളിന്ന് അടുത്തു വരുന്ന ഒക്ടോബർ മാസത്തിൽ 70 വയസ്സു തികയുകയാണ്. ഇക്കഴിഞ്ഞ ജനുവരിയിൽ മദിരാശിയിൽ വെച്ചു നടത്തിയ മലയാളിസമ്മേളനത്തിലെ ഒരു പ്രത്യേക യോഗത്തിൽ വെച്ചു ജന്മദിനാഘോഷം നടത്തുന്നതിന്നായി ഒരു പ്രവർത്തകസമിതിയെ തിരഞ്ഞെടുത്തതാണ്. മററാരു പ്രവർത്തക സമിതി വേറെ എവിടെയോ രൂപവൽക്കരിച്ചിട്ടുണ്ട് എന്ന് അവിടെ വച്ചു ആരോ പ്രസ്താവിക്കയും ചെയ്തു. മദ്രാസിൽ തന്നെ രണ്ടാമതും ഒരു പ്രവർത്തക സമിതി ഉണ്ടായിരിക്കുന്നു. ആദ്യത്തെ സമിതിയിലെ ചില അംഗങ്ങൾ രണ്ടാമത്തേതിലും ഉണ്ടായിരിക്കയാൽ, ആദ്യത്തേതു 'ലിക്വിഡേഷ'നിൽ ഇരിക്കയാണ് എന്നു ന്യായമായി വിചാരിക്കാം. ഏതായാലും മദിരാശിയിലെ പ്രമുഖന്മാരുടെ ഈ ഉത്സാഹ പ്രകടനം മഹാകവിയുടെ മനം കുളിർപ്പിക്കുമെന്നുള്ളതിന്നു സംശയമില്ല.

ഏതൊരു നല്ല കാര്യം തുടങ്ങിയാലും അവിടെ കറുപ്പു ചായം അടിക്കാൻ ചില ആളുകളുണ്ടാവും. മഹാകവിയെ മാനിക്കുന്ന വിഷയത്തിലും എന്തൊക്കെ പരാതികളാണ് ആളുകൾ പറഞ്ഞു നടക്കുന്നത്! 'ഒരൊററ ക്രിസ്ത്യാനിയോ', മഹമ്മദീയനോ ആ കമ്മിററിയിൽ ഇല്ല; 'ഹിന്ദുക്കളിൽ തന്നെ ഒരു ഉപവിഭാഗക്കാരാണ് കമ്മററിയിലെ അംഗങ്ങളെല്ലാം', 'പ്രദേശിക പ്രാധിനിത്യമില്ലാത്ത ഈ സമിതി 'കേന്ദ്രസമിതി' എന്നു സ്വയം വിളിക്കുന്നതിന്നുള്ള ന്യായമെന്താണ്'? എന്നിങ്ങനെ എന്തെല്ലാം വമർശനങ്ങളാണ സ്ഥാനത്തും അസ്ഥാനത്തും പറഞ്ഞു കേൾക്കുന്നത്! കഷ്ടം! ഇതിനൊക്കെ വല്ല കാര്യവുമുണ്ടോ? ഈ പരാതിക്കാരിൽ പലരുടേയും അകത്ത് ഒരു ചോദ്യമേയുള്ളു—"എന്നേ എന്താണു സമിതിയിൽ ഒരംഗമായി എടുക്കാഞ്ഞതു്" എന്ന്.

ഇതു മഹാകവി വള്ളത്തോളിനേ ബഹുമാനിക്കാനുള്ള ഒരു സംരംഭമാണ്. അല്ലാതെ പ്രവർത്തകസമിതിയെ ബഹുമാനിക്കാനുള്ള ഒരു പ്രസ്ഥാനമല്ല എന്ന് അവരേ ഞങ്ങൾ ഓർമ്മിപ്പിച്ചു കൊള്ളട്ടെ. രാവും, പകലും

പണിപ്പെട്ടു് എങ്ങനെനെങ്കിലും അതു് ഒരു സമ്പൂർണ്ണ വിജയമാക്കണമെന്നു നിശ്ചയിച്ചു കൊണ്ടു്, അരയും തലയും മുറുക്കി ഇറങ്ങിയിട്ടുള്ള പ്രസ്തുത അംഗങ്ങളുടെ ഉദ്ദേശ്യശുദ്ധിയേയോ, ശുദ്ധഗതിയേയോ ചോദ്യം ചെയ്യുന്നതു തികച്ചും അനുചിതമാണു്. ഒരു തൊട്ടി വെള്ളത്തിൽ ഒരു തുള്ളി വെള്ളം പോലെ, വേറിട്ടറിയണമെന്നു മോഹമില്ലാതെ, ശാന്തമായി, സമത്ഥമായി എന്തുകൊണ്ടു നമുക്കു് ഈ മഹോദ്യമത്തിൽ സഹകരിച്ചുകൂടാ? ഈ മനോഭാവത്തിലല്ലേ യഥാർത്ഥ സംസ്കാരം ഘടിതി ചെയ്യുന്നതു്? അതു കൊണ്ടു് ജാതി മത ഭേദമെന്യേ സകല കേരളീയരും മഹാ കവിയുടെ ജന്മദിനാഘോഷം ഏററം വിജയപ്രദമാകുന്നതിനു പ്രത്യേകം ഉത്സാഹിക്കണമെന്നു ഞങ്ങൾ ഉൽബോധിപ്പിച്ചു കൊള്ളുന്നു.

—:o:—


THE

**TRAVANCORE FORWARD BANK, LTD.**

Incorporated In Travancore, 1929.

*(Liability of Members Limited)*

A SCHEDULED BANK

**HEAD OFFICE : KOTTAYAM.**

Branches and Agencies at all Important Centres in India.

| | | |
|---|---|---|
| Authorised Capital | ... | Rs. 50,00,000 |
| Issued and Subscribed Capital | ... | Rs. 25,00,000 |
| Paid-up Capital and Reserves | ... | Rs. 17,26,000 |

FIXED DEPOSITS RECEIVED AND

3 YEAR CASH CERTIFICATES

ISSUED ON VERY FAVOURABLE TERMS

All Kinds of Banking Business Transacted

*Madras Branch :*

14-A, STRINGER ST., "Loane Square", BROADWAY.

Telephone No. "2725".

C. M. CHERIAN, M.A.,

*Secretary.*

# പ്രസംഗഭ്രാന്ത്

ഈ. എം. കോവൂർ.

മനുഷ്യന് ഈ ലോകത്തിൽ വച്ച് സർവ്വവ്യാപിയായിരിപ്പാൻ സാദ്ധ്യമല്ലല്ലോയെന്നോർത്തു ഞാനും വളരെ ദുഃഖിക്കാറുണ്ട്. മററുള്ളവരുടെ കുണ്ടാമണ്ടികളും കുരുത്തക്കേടുകളും ഒളിഞ്ഞു നോക്കി രസിപ്പാൻ കഴിവില്ലല്ലോ എന്നുള്ളതു കൊണ്ടല്ല ഈ ദുഃഖം. നേരേമറിച്ചു പരിശുദ്ധമായ ആദർശഭ്രാന്തിലാണു സർവ്വവ്യാപിയായിരിപ്പാനുള്ള എന്റെ ഈ ആഗ്രഹം ചാരി വിശ്രമിക്കുന്നതു്.

സകലയിടത്തും ഒരേ സമയം എത്തി മററുള്ളവർ തങ്ങളെപ്പററി പറയുന്നതെന്താണെന്നു് അശരീരികളായി കേൾപ്പാൻ ഇടലഭിക്കുന്ന പക്ഷം ഇത്രമാത്രം അഹങ്കാരികളും, പുങ്കന്മാരും, പരോപദ്രവികളും, ചുഴിയന്മാരും ഭൂമുഖത്തുണ്ടായിരിക്കുമോയെന്നാണു ഞാൻ ചോദിക്കുന്നതു്. ധിക്കാരികളായ ഈ ഉദ്യോഗസ്ഥന്മാരും, നേതാക്കളാണെന്നു സ്വയം വിശ്വസിച്ചു ഗാന്ധിത്തൊപ്പികളും വാത്തെടുത്ത കൈക്കൂപ്പുകളുമായി നടക്കുന്ന ഈ സാധാരണന്മാരും ഇങ്ങനെ നടക്കുമോയെന്നാണു ചോദിക്കുന്നതു്. അങ്ങേ വീട്ടിലെ ആ കാക്കക്കണ്ണി ഉർവ്വശിയാണെന്നു് ഇങ്ങനെ സ്വയം സങ്കൽപിച്ചു് ചുവടിന്നു് അര അടി പൊക്കമുള്ള ഷൂസ്സിൽക്കയറി ഇങ്ങനെ ചടപടായെന്നു് മരീനായിലൊക്കെ വലിഞ്ഞു നീങ്ങുമോയെന്നാണു ഞാൻ ചോദിക്കുന്നതു്.

എല്ലാ മഹാസത്യങ്ങളെപ്പോലെ ഈ മഹാസത്യവും എന്റെ തലയിൽ ഉദിച്ചതു് ഒരു മിന്നൽപ്പിണർ പോലെ ആയിരുന്നു.

കുറെ വർഷങ്ങൾക്കു മുമ്പു്. കോഴഞ്ചേരിക്കടുത്തുള്ള ഒരു കുഗ്രാമപ്രദേശം. സ്ഥലത്തെ പ്രാർത്ഥനായോഗക്കാരുടെയോ മറേറാ ഒരു മീററിങ്ങ്. കാളയെക്കുളിപ്പിച്ചു് തവിടും കാടിയും കൂടെ അതിനു കലക്കിക്കൊടുത്ത ശേഷം എത്തിയിട്ടുള്ള മാത്തൻചേട്ടനും കീവറീതു മൂപ്പനുമൊക്കെയാണു് ഇടത്തു വശത്തെ ശ്രോതാക്കൾ. വീട്ടിൽ തലേ ദിവസം വിരിച്ചിറക്കിയ കോഴിക്കുഞ്ഞുങ്ങളെ പരുന്തു റാഞ്ചിക്കൊണ്ടു പോകുമോയെന്നും, അടുപ്പിൽ കിടന്നു തിളയ്ക്കുന്ന കഷായം കുറികോലിൽ താണു വററുമോയെന്നും ഉൽക്കണ്ഠാപൂർവ്വം ചിന്തിച്ചു തല ചൊറിഞ്ഞു്, തോളിലേക്കു വീണുപോയ കവണിയുടെ നടുഭാഗം തലയിലേക്കു് വീണ്ടും വീണ്ടും ഉയർത്തി വയ്ക്കുന്ന കൊച്ചേലിയാച്ചേട്ടത്തിമാരും, റാഹേലമ്മമാരുമാണു് വലത്തെ ചേരിയിലെ ശ്രോതാക്കൾ. മുമ്പിൽ തറയിൽ, നാഗസ്വര ശ്രുതിക്കാരെപ്പോലെ കണ്ണും കവിളും വീർപ്പിച്ചിരിക്കയും പരസ്പരം നുള്ളുകയും, അഴിഞ്ഞുപോയ കാലുറകളുടെ കെട്ടു ചരടുകൾ അന്വേഷിക്കയും ചെയ്യുന്ന എട്ടും പൊട്ടും തിരിയാത്ത കുറെ ചെറു മുട്ടത്തല

കരം. പുറകിൽ അങ്ങകലത്തു് ജോയ്ക്കോളർ വച്ചു പിടിപ്പിച്ച വെള്ള ടപ്പിൽ ഷർട്ടുകളും, ടൽക്കം പൌഡറും, ഹാസ്‌ലിൻസ്നോയും, 'വെറുതെ റിസ്റ്റ്വാച്ചും' ധരിച്ച കുറെ ചെറുപ്പക്കാരും. ദുർഭാഗ്യത്തിന്നു് ഞാനും ഇവരുടെ ഇടയിൽ ചെന്നു പെട്ടുപോവാൻ ഇടയായി. അന്നാണു് യഥാർത്ഥത്തിൽ സർവ്വവ്യാപിത്വത്തിന്റെ പരമമായ ആവശ്യം എനിക്ക ബോദ്ധ്യമായതു്.

ആദ്ധ്യക്ഷൻ, ഒരു പെൻഷ്യൻ പററിയ ബി. എ. എൽ. ററി. ക്കാരൻ—പലതും പറഞ്ഞു.—നാം പരസ്പരം സ്നേഹിക്കണമെന്നും, ഐക്യത്തിൽ ഒരുമിച്ചു കഴിയണമെന്നും, ക്രിസ്തുവിൽ ഒന്നായിത്തീരണമെന്നും, ദൈവരാജ്യ മഹത്വത്തിനായി സുവിശേഷഘോഷണം നടത്തണമെന്നും എല്ലാം. പള്ളി പ്രസംഗങ്ങൾ കേട്ടു കേട്ടു് ട്രാൻസ്പോർട്ട് ബസ്സിലെ പലക സീററുകൾ പോലെ തഴമ്പിച്ചിരുന്ന കേൾവിക്കാരിൽ അതു യാതൊരു പ്രതികരണവും സൃഷ്ടിക്കാതെ ചേമ്പിലയിൽ വീണ വെള്ളം പോലെയങ്ങു കടന്നു പോയി.

പിന്നീടൊരു ചെറുപ്പക്കാരനങ്ങോട്ടു പ്രസംഗിക്കുവാൻ കയറി. ഇരുപതോ ഇരുപത്തിനാലോ വയസ്സു പ്രായം വരും. സി. ആർ. ദാസും, മോട്ടീലാൽ നെഹ്റുവും ഗാന്ധിജിയുടെ ആഗ്രഹത്തിനെതിരായി സ്വരാജ്പാർട്ടി രൂപവൽക്കരിച്ചു് കൽക്കട്ടാ കോൺഗ്രസ്സിൽ പ്രത്യക്ഷപ്പെട്ടപ്പോൾ അവരെ എതിർക്കുവാൻ എഴുന്നേററ ബാരിസ്റ്റർ ജോർജ്ജ് ജോസഫിനെ ഓർമ്മിപ്പിക്കുന്ന മട്ടിലായിരുന്നു ആ യുവാവിന്റെ പ്രസംഗപീഠത്തിലേക്കുള്ള നടത്തം. ഒരു മൂല ചേർന്നിരുന്നിരുന്ന ഞാൻ പ്രതീക്ഷകൾ കൊണ്ടു് വാ പൊളിച്ചിരുന്നു പോയി.

ആ യുവാവു് കയറി അങ്ങോട്ടു് ഒരു നില നിന്നു. ലക്ഷങ്ങളെ അഭിമുഖീകരിക്കുന്ന ജവഹർലാൽ പോലും ഇങ്ങനെ നിന്നിരിക്കാൻ ഇടയില്ല. തോളിൽ കിടന്ന കശവു കവണി പിടിച്ചു ശരിയായെന്നിട്ടു. പിന്നീടു് യാതൊരു മുന്നറിയിപ്പും നൽകാതെ, യാതൊരു പ്രകോപനങ്ങൾക്കും വിധേയനാകാതെ ആററക്കട്ടയിൽ ഒരു വിടീൽ— ഘോഷാക്ഷരങ്ങൾ നിറഞ്ഞതും ശരിക്കു് നാലു പ്രാവശ്യം ഉറക്കെച്ചൊല്ലിയാൽ മദനപ്പള്ളിക്കു പോവാൻ ഒരു സമയം ഇടവരുത്തുന്നതുമായ ഒരു ശ്ലോകം.

"സംഭരിത ഭൂരികൃപമംബ ശുഭമംഗ – – –" എന്നു തുടങ്ങുന്ന ഉദ്ദണ്ഡ ശാസ്ത്രികളുടെ ആ തമുക്കടി ശ്ലോകം.

"ജംഭരിപുകുംഭിവര കുംഭയുഗഡംഭ– – –" എന്നോ മറേറാ ഉള്ള മൂന്നാമത്തെ വരിയിലെത്തിയപ്പോഴേക്കും ആ ചെറുപ്പക്കാരന്റെ പതപ്പുകൾ കാണ്ടാമൃഗത്തോൽ കൊണ്ടുള്ളതാണെന്നു് ഞാൻ തീരുമാനിച്ചു. ആ ശ്ലോകം ആ ശ്രോതാക്കളുടെയിടയിൽ ഉണ്ടാക്കിത്തീർത്ത പ്രത്യാഘാതങ്ങളായിരുന്നു എന്നെ രസിപ്പിച്ചതു്. പൊട്ടുന്നനവെ നമ്മുടെ കാലിനടിയിൽക്കിടന്നു് കുറെ ഏറു പടക്കങ്ങൾ വെറുതെയങ്ങു പൊട്ടാൻ തുടങ്ങിയാൽ എന്തൊരു സംഭ്രാന്തിയായിരിക്കും! അതിന്റെ ഏതാണ്ടൊരു വകഭേദമാണു് ഞാനവിടെക്കണ്ടതു്. കീവറീതു ചേട്ടൻ തന്റെ കാളയേയും കഴുതയേയും മറന്നു; അന്നച്ചേട്ടത്തി

യുടെ കോഴിക്കുഞ്ഞുങ്ങളെയും താറാവിൻ കുഞ്ഞുങ്ങളെയും മുഴുവനായി പരുന്തു കൊണ്ടുപോയിരുന്നെങ്കിലും അവരപ്പോൾ വകവച്ചില്ലായിരുന്നു. കാരണം ആ ചെറുപ്പക്കാരൻ പ്രാസംഗികന്റെ ശ്ലോകം ചൊല്ലലു് ആ സാധു ഗ്രാമീണരുടെ തലച്ചോറുകളെ അത്രമാത്രം മരവിപ്പിച്ചിരുന്നു.

ആ ചെറുപ്പക്കാരൻ പിന്നീടു് ആക്രം രക്ഷപ്പെടുവാൻ നിവൃത്തിയില്ലാത്ത വള്ളത്തോളിന്റെ "പച്ചയാം വിരിപ്പിട്ട — — —" മാത്രവന്ദനം നീട്ടി, തല്ലുകൊണ്ട നായെപ്പോലെ മിഴികൾ മേലോട്ടുയർത്തിക്കൊണ്ടു് 'അസ്സലായി' ചൊല്ലിക്കേൾപ്പിച്ചു.

പിന്നീടായിരുന്നു പ്രസംഗം. "കാളിദാസൻ, ഭവഭൂതി, ദണ്ഡി മുതലായ കവികുലകൂടസ്ഥന്മാരാൽ വാഴ്ത്തപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന സച്ചിദാനന്ദ മൂർത്തിയും ചിൽക്കാന്തിപ്രസരവുമായ സാക്ഷാൽ വാണീദേവിയുടെ പാദ പത്മങ്ങളിൽ തന്നെ കുസുമാർച്ചനയും കുസുമാർപ്പണവും നിർവ്വഹിച്ചു കൊണ്ടു് ഈയുള്ളവൻ "സാഹിത്യത്തിലെ ആഭ്യന്തര കലാന്തബോധ ഘടക"ത്തെക്കുറിച്ചു് അൽപം ചില സൂക്ഷ്മവും സ്ഥൂലവുമായ ആശയങ്ങൾ സഹൃദയരായ നിങ്ങളുടെ മുമ്പിൽ ആവിർഭവിപ്പിച്ചു കൊള്ളട്ടെ." എന്താണു പറക !

മറിയച്ചേട്ടത്തിയും, തൊമ്മി മാപ്പിളയും, അത്തരം വേറൊരു പത്തിരുനൂറു സഹൃദയരത്നങ്ങളും നിറഞ്ഞ ആ സദസ്സിന്റെ മുമ്പിൽ അയാൾ പിന്നീടു് പല നൂതന സാഹിത്യ സിദ്ധാന്തങ്ങളും ആവിർഭവിപ്പിച്ചു. ഭട്ടബാണനും, മാഘനും, മാത്യൂ അർനോൾഡും, എഡ്മണ്ട് ഗോസ്സും വേറെ ഒരു നൂറു പേരും അയാളുടെ നിർദ്ദേശമനുസരിച്ചു് അവിടെ ആഗതരായി.

കുട്ടികൾ നോട്ടു ബുക്കുകളിൽ പകർത്തിയെടുത്തിട്ടുള്ളതു് കാണാതെ പഠിച്ചു് ഉരുവിടുന്നതുപോലെ എന്താണ്ടൊരു തോന്നൽ എന്ടിക്കയാളുടെ പ്രസംഗം കേട്ടപ്പോൾ തോന്നി. അടുത്തിരുന്ന ഒരു ജോയ് ക്കോളറുകാരൻ അതുടനെ സ്ഥിരീകരിച്ചു. അയാൾ അടുത്തുള്ള ഒരാളോടു പറയുന്നതു കേട്ടു :—

"ഉണ്ണിസാർ ഞങ്ങൾക്കു് കഴിഞ്ഞതിന്റെ മുമ്പത്തെക്കൊല്ലം പറഞ്ഞുതന്ന നോട്ടു മുഴുവനുമാണു് അവൻ ഛർദ്ദിക്കുന്നതു്. ഒരക്ഷരം അവൻ മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല."

ഉടനെ അപരൻ പറഞ്ഞു :—
"മാത്യൂ, തല താഴ്ത്തിപ്പിടിച്ചോളൂ അവൻ നമ്മളെ ഇപ്പോൾ കണ്ടാൽ തല കറങ്ങി താഴെ വീണേക്കും. എന്റെ ഈശ്വരാ ഈ വിഡ്ഢിക്കു് എന്നു ബുദ്ധി ഉദിക്കും ! ഈ പാവങ്ങളോടു വല്ല കാളയെപ്പററിയോ കലപ്പയെപ്പററിയോ പറയാതെ കലകലസ്സാണോ,തേങ്ങാക്കലസ്സാണോ എന്നു പറയുന്ന ഇവനെ എന്താണു ചെയ്യേണ്ടതു !"

എന്ടിക്കു് കാര്യങ്ങളുടെ കിടപ്പു് ഏതാണ്ടു പിടികിട്ടി. അവൻ പഴയ ക്ലാസ്സ് നോട്ടു ഛർദ്ദിക്കയായിരുന്നു.

പിന്നീടവൻ ഒരു കഥാകാലക്ഷേപം തന്നെ നടത്തി—പുട്ടിനു് ഇടസ്സിടക്കു് അരിപ്പൊടിയും തേങ്ങാ

പ്പീരയും ഇട്ടിട്ട പോകുന്ന ആ രീതിയിൽ ഗദ്യവും പദ്യവും. ചില പത്താംതരം ശ്ലോകങ്ങൾ അവൻ ചൊല്ലി, വീണ്ടും ചൊല്ലി, നീട്ടിച്ചൊല്ലി, കുറുക്കിച്ചൊല്ലി, അഴിച്ചിട്ട ചൊല്ലി, അർത്ഥം പറഞ്ഞു് വ്യാഖ്യാനിച്ചു് "ഹാ! ഹാ! എന്തൊരു



ഹാ! എന്തൊരു ഭാവന!....

ഭാവന! എന്തൊരു പുതുമ! എന്തൊരു കാവ്യാനുഭൂതി! എന്തൊരു ശബ്ദഭംഗി! എന്തൊരു ഗാംഭീര്യം!" എന്തെല്ലാം, മുളകിൽ കടിച്ചിട്ടെരിക്കുന്ന രീതിയിൽ അവൻ മേല്പോട്ട നോക്കി പുലമ്പി. "എന്തൊരു മണ്ണാങ്കട്ട!" എന്നുമാത്രം അവൻ പറഞ്ഞില്ലെന്നാണ് എന്റെ ഓർമ്മ.

അവൻ അവസാനം ഇരുന്നു. "കേയൂരാണിന ഭൂഷയേന്തി – – – –" എന്നുള്ള ഭർതൃഹരിയുടെ വിശ്രുത ശ്ലോകം അടിച്ചു വിട്ട ശേഷം ഒരു അലക്സാണ്ടറുടേയോ, സീസറിന്റെയോ വിജയ ഭാവത്തോടെ അവൻ ഇരുന്നു. ആ ഇരിപ്പ് ഞാനിന്നും ഓർക്കുന്നുണ്ട്.

കേൾവിക്കാർ അത്ഭുതസ്തബ്ധരായി ഇരുന്നുപോയി. ഇങ്ങനൊരു പണ്ഡിതനുണ്ടോയെന്നവർ സ്വയം നൂറു വട്ടം ചോദിച്ചിരിക്കണം. എന്നിട്ടും പിറകിലിരുന്ന ആ അധിക പ്രസംഗികളിൽ ഒരുവൻ മററവനോട്ട പറകയാണ്:—

"അമ്പടാ, അവന്റെ തൊലി കാണ്ടാമൃഗത്തൊലിയാണ്. ഇത്തരം വിവരക്കേടിനും മനുഷ്യർ മുതിരുമല്ലോ" എന്നു്.!

അപ്പോഴാണ് എനിക്ക് സർവ്വവ്യാപിത്വം മനുഷ്യനു വേണമെന്നുള്ള ആഗ്രഹം തോന്നിയതു് — ആ പ്രാസംഗികൻ ആ ചെറുപ്പക്കാർ പറഞ്ഞതു് ഒന്നു കേൾക്കുവാൻ.

---

അമേരിക്കയിൽ ഒരു പള്ളിയിൽ ഒരു നീഗ്രോ പാതിരി തകൃതി പ്രസംഗിക്കുകയായിരുന്നു, 'നരകം' എന്ന വിഷയത്തെക്കുറിച്ചു്. നരകത്തിലെ ദുസ്സഹമായ ചൂടു്, അട്ട, പുഴ ഇവയേക്കുറിച്ചെല്ലാം വിസ്തരിച്ചു പ്രതിപാദിച്ച ശേഷം പാതിരി പറകയാണ്: "ഇതിനെല്ലാററിനും മേലായി അവിടെ അവസാനമില്ലാത്ത കരച്ചിലും പല്ലു കടിയും ഉണ്ടാകും".

ഒരു പല്ലു പോലും ഇല്ലാത്ത ഒരമ്മൂമ്മയ്ക്കു് ഒരു സംശയം. "അച്ചാ! അപ്പോൾ പല്ലില്ലാത്തവർ എങ്ങനെയാണു പല്ലു കടിക്കുന്നതു്?"

"പല്ലില്ലാത്തവർക്ക് പല്ലു കൊടുക്കപ്പെടും"—അച്ചൻ ഉടനെ മറുപടി കൊടുത്തു.




# 'സാധു കൊച്ചുഞ്ഞിനെ'പ്പററി

കുട്ടികൃഷ്ണമാരാർ.

പ്രിയ സുഹൃത്തേ,

താങ്കൾ സൌഹാർദ്ദോപഹാരമായി അയച്ചു തന്ന പുസ്തകങ്ങളിൽ 'സാധു കൊച്ചുഞ്ഞ്' എന്നതു സവിശേഷം ആകർഷിച്ചു ഓരോ അദ്ധ്യായം കടക്കുംതോറും ഏറിയേറി വന്ന ഉന്മേഷത്തോടുകൂടിയാണ് ഞാനതു വായിച്ചു തീർത്തതു്—ആ പുസ്തകത്തിലൂടെ സാധുവിൻെറ 'വചനശുശ്രൂഷ' അനുഭവിച്ചതു്. ഒടുവിൽ, "സാധുവിനെ അകമേ ആരാധിച്ചിരുന്ന അനേകം ഹിന്ദുക്കൾ തൻെറ പാദത്തിൽ തൊട്ടു മുത്തം ചെയ്യുന്ന കാഴ്ച ഏററം ഹൃദയസ്പൃശ്കമായിരുന്നു...." എന്ന താങ്കളുടെ വിവരണം വായിച്ചപ്പോൾ—പരമാർത്ഥമാണു പറയുന്നതു്—ഞാനും മനസ്സുകൊണ്ടു് ആ പരേതാത്മാവിൻെറ പാദങ്ങളിൽ അന്തിമചുംബനമർപ്പിച്ചു്, എൻെറ മാനസികമായ പാപം ഏററു പറഞ്ഞു.

എന്തായിരുന്നു ആ പാപമെന്നു വാക്കു കൊണ്ടു കൂടെ ഏററു പറയുന്നതു്, ഇന്നത്തെ സ്ഥിതിക്കു, പ്രയോജനകരമായിക്കൂടായ്കയില്ല എന്നു തോന്നുന്നു. അതുകൊണ്ടു കൂടിയാണു പ്രസിദ്ധീകരിക്കത്തക്കവണ്ണം ഇങ്ങനെ ഒരു കത്തെഴുതാൻ നിശ്ചയിച്ചതു്, 'അഭിപ്രായം എഴുതിയയച്ചാൽ കൊള്ളാ'മെന്ന താങ്കളുടെ നിർദ്ദേശത്തെ മാനിച്ചിട്ടു മാത്രമല്ല.

ഈ അടുത്ത കാലത്തു്, കൊല്ലവർഷം 1059 മുതൽ 1121 വരെ, എന്നോടൊപ്പം ഈ കേരളക്കരയിൽ ജീവിച്ചു ദക്ഷിണേന്ത്യയിലാകെ ക്രൈസ്തവസ്നേഹം പ്രചരിപ്പിച്ചു പ്രസിദ്ധി വളർത്തിക്കൊണ്ടിരുന്ന ആ പുണ്യാത്മാവിൻെറ നാമധേയം, താങ്കളുടെ ഈ പുസ്തകം കാണുന്നതുവരെ, ഞാൻ കേട്ടിട്ടില്ല; എൻെറ ശ്രദ്ധയിൽ പതിഞ്ഞിട്ടില്ല, തീർച്ച. ഇതിനു കാരണം, സന്യാസിമാരിലും മതോപദേഷ്ടാക്കളിലും ഞാൻ സാമാന്യമായി നിലനിർത്തിക്കൊണ്ടു വരുന്ന അവിശ്വാസം മാത്രമാണെങ്കിൽ, ഞാനതിൽ പശ്ചാത്തപിക്കുന്നില്ല. എന്നാൽ, അതിനു പുറമെ മറേറതു മതത്തിൻെറ നേർക്കും അവജ്ഞയും പ്രതീ

ഷേഷവുമുറക്കൊള്ളുന്ന ഒരു പാരമ്പര്യത്തിലാണ് ഞാൻ വളർത്തപ്പെട്ടിട്ടുള്ളതെന്ന വാസ്തവംകൂടി അതിനു കാരണമായിട്ടില്ലേ എന്നു ഞാൻ ശങ്കിക്കുന്നു. ആ പാരമ്പര്യപ്രേരിതമായ ചാപലത്തെയാണ് ഞാനിവിടെ ഏറ്റു പറയുന്നതു്.

എന്റെ ഭൂതകാലജീവിതത്തിലേക്കു തിരിഞ്ഞു നോക്കുമ്പോൾ, അതിൽ മതപരമായ പല ആവരണങ്ങളും ഉണ്ടായിരുന്നതിനെപ്പററിയും, അവയിൽ പലതും അപ്പപ്പോൾ അകററപ്പെട്ടതു് എങ്ങിനെ എന്നതിനെപ്പററിയും എനിക്കു ധാരാളം പറയാനുണ്ടു്. അതൊന്നും ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ല. താങ്കളുടെ ഈ പുസ്തകം ഒരാവരണത്തെക്കൂടി അകററിക്കളഞ്ഞതായി അനുഭവപ്പെട്ടു എന്നു പറഞ്ഞാൽ കഴിഞ്ഞു.

ജീവിതത്തെ അകൈതവമായി ഈശ്വരാങ്കിതപ്പിച്ചു ലോകസേവനം നടത്തിയവരായിട്ടു, വിക്തോർ യുഗോവിന്റെ 'പാവങ്ങ'ളിലെ മെത്രാനെപ്പോലുള്ള സങ്കല്പസൃഷ്ടികളോ മഹാത്മാ ഗാന്ധിയെപ്പോലുള്ള യുഗാന്തരവ്യക്തികളോ മാത്രമല്ല ഉള്ളു, വേറെയും പലർ താരതമ്യേന അപ്രശസ്തരായിട്ടെങ്കിലും, ആ സാത്വിയ മാർഗ്ഗത്തിലൂടെ കടന്നുപോകുന്നുണ്ടെന്നു് എനിക്ക് ഒന്നിക്കൽക്കൂടി ബോധപ്പെട്ടു. നമ്മളെല്ലാവരും ഒടുവിൽ—ഇജ്ജന്മത്തിലല്ലെങ്കിൽ ജന്മാന്തരത്തിൽ— ആ യജ്ഞപുരുഷന്മാരെ അനുഗമിക്കേണ്ടവരാകയാൽ, അവരിൽ ഓരോ ആളേയും നാം ഒരുപോലെ വന്ദിക്കുകയും വേണം.

സാധു കൊച്ചുകുഞ്ഞിന്റെ വിവാഹം പന്തിരണ്ടാം വയസ്സിൽത്തന്നെ നടന്നതിനേയും അദ്ദേഹം പതിനേഴാം വയസ്സിൽ ഒരു പിതാവായതിനേയും പററി പ്രസ്താവിച്ചപ്പോൾ ഗാന്ധിജിയുടെ വിവാഹോല്പാദനങ്ങളുടെ കഥ കൂടി അനുസ്മരിച്ചുകളഞ്ഞതിൽ താങ്കൾ സങ്കോചം കൊള്ളുന്നു, "നമ്മുടെ കഥാപുരുഷനെ ഗാന്ധിജിയുമായി താരതമ്യപ്പെടുത്തണമെന്നു് എനിക്കുദ്ദേശമില്ല" എന്നു്. താരതമ്യത്തിന്നെടുക്കേണ്ടതില്ലാത്ത ഒരു യാദൃച്ഛികസംഗതി മാത്രമാവാം അതു്; എന്നാൽ ഈ രണ്ടുപേരുടേയും ജീവിതസാരമായ മററു പല വിഷയത്തിലും ഇവർക്കു തമ്മിൽ സ്പഷ്ടമായ സാദൃശ്യമുണ്ടെന്നു് എനിക്കു തുടർന്നു വായിക്കുംതോറും കാണുമാറായി. ഗാന്ധിജിയുടെ ആത്മകഥയിൽ പലേടത്തും തനിക്കു ചില ആത്മമഥനങ്ങളും അനുഭവപ്പെട്ടതായും, ഈശ്വരാഭിമുഖമായ ഒരു നിഗമനത്തിലെത്തിയതായും പ്രതിപാദിച്ചിട്ടുണ്ടു്. അതേ വിധം അനുഭവങ്ങളും സാധുവിന്നും ഉണ്ടായതായി താങ്കളുദ്ധരിച്ച ഡയറിക്കുറിപ്പുകളിൽ പലേടത്തും കാണുന്നുണ്ടു്. എന്നു വേണ്ട, രണ്ടു നാലു കുട്ടികളുണ്ടായതിനു ശേഷം ലോകസേവനശ്രദ്ധയാൽ ആജീവനാന്തം പരിവർജ്ജനവ്രതം (ബ്രഹ്മചര്യം) കൈക്കൊണ്ടതു്, രോഗികളെ ശുശ്രൂഷിക്കുന്നതിലുള്ള സവിശേഷ താല്പര്യം, ഉപവാസപ്രായമായ ആഹാരസംയമം, മരുന്നു കഴിക്കാതെ ഈശ്വരനാമത്തിൽ രോഗം മാറുമെന്ന വിശ്വാസം, അന്ത്യകാലങ്ങളിൽപ്പോലും താൻ അപൂർണ്ണനാണെന്നുള്ള ആ വ്യസനം, 'പ്രത്യവലോകന'മെന്നഅദ്ധ്യായത്തിൽ താങ്കൾ എടുത്തു കാണിച്ച ആ പരസ്പരവിരുദ്ധതകൾ എന്നീ വക വായിക്കുമ്പോഴൊക്കെ ഞാൻ മഹാത്മജിയെ അനു

സ്മരിച്ചുകൊണ്ടിരുന്നു. എന്നിരിക്കിലും, താങ്കൾ ആ വക സാദൃശ്യങ്ങളെ എടുത്തെടുത്തു പറയാൻ തുനിയാഞ്ഞതു വളരെ നന്നായി. സാധു കൊച്ചുഞ്ഞിന്റെ നിസര്‍ഗ്ഗസുന്ദരമായ ജീവിതത്തിനു മഹാത്മജിയുടെ ജീവിതസാദൃശ്യം കൊണ്ടു് ആഡംബരം കൂട്ടാൻ ശ്രമിച്ചു എന്ന അപഖ്യാതിക്കു് ഇട വെച്ചില്ലല്ലോ. എന്നാൽ ഉത്തമജീവിതങ്ങളെ കണ്ടാരാധിപ്പാൻ ശ്രദ്ധയുള്ളവർ ഇതൊന്നും കാണാതെ പോവില്ല താനും.

കലാപരമായ വിമർശത്തിൽ, "....അപഗ്രഥനസങ്കലനങ്ങളുടെ കാര്യക്ഷമതയാണു് ഒരു ജീവചരിത്രത്തെ മഹത്തായ ഒന്നാക്കിച്ചമയ്ക്കുന്നതും...ശ്രീ. ജോർജിന്റെ മതമനശ്ശാസ്ത്രപരമായ അപഗ്രഥനസങ്കലനപാടവം കണ്ടു ഞാൻ അത്ഭുതപ്പെടുന്നു." എന്ന ശ്രീ. ബാലകൃഷ്ണപിള്ളയുടെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. ഞാൻ പറയുക, താങ്കൾക്കു ജീവചരിത്രരചനയിലുള്ള ശിക്ഷാവൈദഗ്ധ്യം സാധുവിന്റെ ഡയറിക്കുറിപ്പുകളാൽ യഥാർഹം അനുഗ്രഹിക്കപ്പെട്ടതായിക്കണ്ടു ഞാൻ അഭിനന്ദിക്കുന്നു എന്നാണു്.

ഈ വൈദഗ്ധ്യം ഏററവുമധികം വിവേകപൂര്‍വ്വം പ്രവര്‍ത്തിക്കേണ്ടതെവിടെയോ, അവിടെത്തന്നെയാണു് താങ്കൾ കൂടുതൽ വിജയിച്ചിട്ടുള്ളതും. ഒരു സാധാരണ കുടുംബത്തിൽ ജനിച്ചു് സാധാരണ മട്ടിൽ ജീവിച്ചുവന്ന ഒരു മനുഷ്യൻ,പ്രാപഞ്ചികതയിൽനിന്നു പിൻവാങ്ങി ഈശ്വരദൌത്യം വഹിച്ചു് ഒരു സിദ്ധനോളം വളൎന്നതെങ്ങിനെ—ആ മനഃപരിവര്‍ത്തനം വന്നതെങ്ങിനെ — എന്നതാണല്ലോ ഇത്തരം ജീവിതത്തിലെ വലിയൊരു കരുക്കു്. കാപട്യങ്ങളെക്കൊണ്ടു കാടും പടലും കെട്ടിക്കിടക്കുന്ന സന്യാസിതപ്പരപ്പിലൂടെ സത്യാഭിമുഖമായി ഒരു വഴി വെട്ടിത്തുറക്കുക എന്നതു തുലോം വിഷമമത്രെ. എന്നിരിക്കെ, അതു മാതൃകായോഗ്യമായി നിര്‍വ്വഹിച്ച ഇതിലെ മൂന്നും നാലും അദ്ധ്യായങ്ങളെ എത്ര വാഴ്ത്തിയാലും ഏറിപ്പോയെന്നു വരില്ല. എന്നിട്ടും ഒരു നിരൂപകൻ, " കൊച്ചുഞ്ഞിന്റെ ജീവിതത്തിലെ തിരികുറി എന്തായിരുന്നു എന്ന പ്രധാന സംഗതിയുടെ നേക്കു താങ്കൾ ഒരു വിരൽ ചൂണ്ടുക പോലും ചെയ്തിട്ടില്ല" എന്നെഴുതിക്കണ്ടതിനെച്ചൊല്ലിയാണു് ഞാൻ അത്ഭുതപ്പെടുന്നതു്. ഒരു നിരൂപകന്റെ കണ്ണു് ഇത്രമാത്രം അന്ധമാവുകയോ!

ഇപ്പുസ്തകത്തിൽ എനിക്കു കുറെ മുഷിപ്പുനായിത്തോന്നിയ ഭാഗം 'പ്രസ്ഥാനങ്ങൾ' എന്ന ആറാമദ്ധ്യായവും, 'സ്ഥാപനങ്ങൾ' എന്ന ഏഴാമദ്ധ്യായവുമാണു്. അവയിൽ കാണിച്ച പട്ടികകൾ പറയാതെ ഒഴിക്കാവുന്നവയല്ല; എന്നാൽ കുറേക്കൂടി കലാപരമായി പ്രതിപാദിക്കാൻ ശ്രമിക്കേണ്ടതായിരുന്നു എന്നു തോന്നി. തന്റെ പൊതുജനസേവനങ്ങൾക്കിടയിൽ ചില സവിശേഷ സംഗതികളുണ്ടായിട്ടാണല്ലോ കൊച്ചുഞ്ഞുപദേശി ആ വക സ്ഥാപനങ്ങൾ ഏപ്പെടുത്തിയതു്— ആ സവിശേഷ സംഗതികളെ മുൻനിര്‍ത്തിക്കൊണ്ടു വേണ്ടിയിരുന്നു ആ സ്ഥാപനകളുടെ വിവരണം. ഇപ്പോഴാകട്ടെ, ആ സവിശേഷസംഗതികൾ ഈ പട്ടികകൾക്കിടയിൽ നിറം മങ്ങി ആണ്ടു കിടക്കുകയാണു്.

(ശേഷം 28-ം പേജിൽ)

# വയറിന്റെ വലിപ്പം

ഒ. എം. അനുജൻ

ഒന്ന്

വാഹനഗതാഗതം പടർത്തും പൊടി പൊങ്ങി
വാരെഴുമന്തിച്ചുവപ്പോടൊത്തു കലർന്നപ്പോൾ,
അന്ധകാരാക്രാന്തമാം പൂർവ്വദിങ്മുഖം നോക്കി-
യന്തമററവൾ നിന്നു കണ്ണിണ പറിക്കാതെ.
തൻ ജന്മസ്മരണകളോരോന്നായവളുടെ
ചിന്തയിൽ ബിംബിക്കയായ് ചലച്ചിത്രത്തേപ്പോലെ.

രണ്ട്

ലജ്ജ തൻ ഭാരം താങ്ങാനാകാതെ കുനിഞ്ഞെഴും
മുഗ്ധമാം മുഖം തന്നിൽ ഗൂഢസുസ്മിതത്തോടെ
പാതി കൂമ്പിയ കണ്ണാലൊന്നവൾ കടാക്ഷിച്ചാൾ
പ്രാണനാഥനെ,ത്താലി കഴുത്തിൽ ചാർത്തിച്ചപ്പോൾ.
എന്തൊരു കോരിത്തരിപ്പെന്തൊരു പതറിച്ച?
എങ്കിലുമക്കൈയ് തട്ടിനീക്കുമോ നവ വധു?

മൂന്ന്

അവളന്നറിഞ്ഞില്ല പട്ടിണിപ്പാടിൻ ഖേദം,
അവളന്നറിഞ്ഞില്ല കുടുംബക്ലേശങ്ങളും.
അറിയേണ്ടൊരു ബുദ്ധിമുട്ടുമേ ; പ്രിയനെന്നും
പറയാതെത്താൻ നിറവേററിടും തന്നിച്ഛകൾ.

നാല്

രോഗശയ്യയിലശ്രുവിററിക്കെ, പ്രാണാനിലൻ
വേഗം തൻ പ്രാണേശന്റെ കൂടു വിട്ടെങ്ങോ പോയി.
ദാരിദ്ര്യച്ചൂടിൽ വേവുമിവൾക്കു വൈധവ്യത്തിൻ
നീറിയ മരുഭൂവിൽ കാൽ കുത്തേണ്ടതായ് വന്നു.

കഴിഞ്ഞ കൊല്ലം 'തീൎത്തുതീരാത്ത' പാട്ടം ചെററ
കടമായ്ശേഷിച്ചതു 'മുതലാ'ക്കാനെന്നോതി
തൻ കുടിയിരിപ്പൊഴിപ്പിക്കുവാൻ മേലാളിയാം
തമ്പുരാൻ കല്പിച്ചപ്പോ,ളതിൻെറ ഗൂഢാൎത്ഥത്തിൽ
തെല്ലു ഞെട്ടിയതന്നവി ; വീടു വിട്ടാകിൽ ഗതി–
യില്ലൊന്നും, വഴങ്ങേണം മററപ്പാമയാംക്കെന്നായ്

## അഞ്ചു്

നോവിനാൽ വിവശയായ് ഗൎഭിണിയവാം രാത്രി
നേരെ തമ്പുരാൻ തൻെറാ വീടിഴഞ്ഞെത്തഞ്ഞപ്പോറാം,
തൻെറയാ വയററിലെ കുഞ്ഞിൻെറ പിതാവവാൻ
കണ്ടുള്ള ഭാവംപോലുമവളിൽ കാണിച്ചില്ല.
"വേവുന്നു പേർനോവാൽ ഞാൻ ; വല്ലതും തരണമേ"
വേദന പ്രയാസപ്പെട്ടടക്കിച്ചൊന്നാളവാം.
"പോവെടീ പുറത്തുടൻ" ഗൎജ്ജിച്ചാനയാം, "പേററ-
നോവായാൽ പണം തരാൻ ഞാൻ നിൻെറ മറേറാനാണോ ?"
"അല്ലായിരിക്കാ"മെന്നു പറഞ്ഞുകൊണ്ടന്നേര–
മല്ലലാലവളൊരു നീററന്ന നോട്ടം നോക്കി.
ആജ്ഞാരൂപമായ് ജന്മി നോക്കവേ, തൽഭൃത്യന്മാർ
'വയറിൻ വലിപ്പ'ത്തെ ച്ചൂരലാൽ ചോദ്യം ചെയ്തു !

*　　　*　　　*

ഇരുളിൽ ക്കിടന്നന്നു പെററുവീഴവേ, പൊട്ടി–
ക്കരഞ്ഞില്ലെന്തോ പൈതൽ—കരഞ്ഞു മാതാവപ്പോറാം.

## ആറു്

കാ,ററില ചലിപ്പിക്കെ, പ്പിൻതിരിഞ്ഞവാം നോക്കീ:
ക്രൂററനാമാ മാവെന്തോ ചില്ലയാലാംഗ്യം കാട്ടി.
താരശോഭമാം വ്യോമം നിശ്ചലമവാം നോക്കീ
ക്രൂരിരുാം പിളൎത്തിക്കൊണ്ടൊരു കൊള്ളിമീൻ വീഴ്കെ !

———

(പകർപ്പവകാശം)

# കോളനികളുടെ പ്രശ്നം

കെ. കെ. നായർ എം. എ; ബി. ടി.

സാമ്രാജ്യത്വരാഷ്ട്രങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവും സാമുദായികവുമായ ചൂഷണങ്ങൾക്കു വിധേയമായി, നരകയാതനകൾ അനുഭവിക്കുന്ന, അനേകം കോളനികൾ ഭൂമുഖത്തിൻെറ നാനാ ഭാഗങ്ങളിലുമായി നിലകൊള്ളുകയാണ്. ഈ കോളനികളുടെ ഭാവിയെന്തായിരിക്കും ; അവിടങ്ങളിലെ കോടിക്കണക്കായ ജനങ്ങളുടെ ഭാഗധേയമെന്തായിരിക്കും ; സാമ്രാജ്യത്വരാഷ്ട്രങ്ങൾക്ക് ഇനിയും ഈ രാജ്യങ്ങളെ ചവിട്ടടിയിലാഴ്ത്തി നിർത്തുവാൻ സാദ്ധ്യമാണോ ; കോളനികളിലെ ജനങ്ങൾ സാമ്രാജ്യത്വത്തിന്നെതിരായി വിട്ടുവീഴ്ചയില്ലാതെ സമരം നടത്തിയും കൊണ്ടു വിദൂരമല്ലാത്ത ഭാവിയിൽ തന്നെ സ്വാതന്ത്ര്യം സമ്പാദിക്കുമോ ? ഇവയെല്ലാം ലോകത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ വളരെ പ്രധാനമായവയാണെന്നു ആരും സമ്മതിക്കും. മാത്രമല്ല, ഇന്നത്തെ പരിതഃസ്ഥിതികളിൽ കോളനികളുടെ പ്രശ്നം ഏററവും ഗൗരവതരമായ രൂപം കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു.

ഏതാനും വൻകിട രാഷ്ട്രങ്ങൾ ചെറുതും വലുതുമായ മററനേക രാഷ്ട്രങ്ങളെ കീഴ്പെടുത്തി ചൂഷണം ചെയ്യുക ; സാമ്രാജ്യത്വരാഷ്ട്രങ്ങൾ തമ്മിൽ കോളനികളെ വിഭജനം ചെയ്യുന്നതിനു വേണ്ടി മത്സരിക്കുക ; ഇതാണ് ഇക്കഴിഞ്ഞ കുറെ ദശാബ്ദങ്ങളായി ലോകത്തിൽ നടന്നുകൊണ്ടിരുന്നതു്. ഇക്കഴിഞ്ഞ കാലത്തു ലോകരംഗത്തു് അനേകം യുദ്ധങ്ങളും കൂട്ടക്കൊലകളും നടന്നിട്ടുള്ളതും കോളനികളെ സംബന്ധിക്കുന്ന പ്രശ്നങ്ങളെച്ചൊല്ലിയാണുതാനും.

കോളനികളെ വൻകിട രാഷ്ട്രങ്ങൾക്കിടയിൽ പുനർവിഭജനം ചെയ്യുന്നതിനു വേണ്ടി നടന്ന ഒന്നാം ലോകമഹായുദ്ധം കോളനികളെ സംബന്ധിക്കുന്ന പ്രശ്നത്തിനു പരിഹാരം കണ്ടില്ല. രണ്ടാം ലോകമഹായുദ്ധത്തിന്നു ശേഷവും ഈ പ്രശ്നം ലോകത്തിലെ വിഷമപ്രശ്നമായിട്ടു തന്നെ അവശേഷിക്കുന്നു. ഈ പ്രശ്നത്തിന്നു തീരുമാനം കാണാതെ, സാമ്രാജ്യത്വത്തെ എന്നെന്നേക്കുമായി അവസാനിപ്പിക്കാതെ, ലോകത്തിലുള്ള മുഴുവൻ കോളനികളും സ്വാതന്ത്ര്യം പ്രാപിക്കാതെ, ലോകസമാധാനം കെട്ടിപ്പടുക്കുവാൻ സാദ്ധ്യമല്ല.

രണ്ടാം ലോകമഹായുദ്ധത്തിന്നു മുമ്പെന്നപോലെ, ലോകത്തിലെ ആകെ ജനസംഖ്യയിൽ മൂന്നിലൊരു ഭാഗം ഇപ്പോഴും കേവലം പ്രാഥമികമായ അവകാശങ്ങൾ പോലുമില്ലാതെ അസ്വതന്ത്രരായി നരകിക്കുന്നു. എഴുപതു കോടി ജനങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ, വൻ കിട രാഷ്ട്രങ്ങളുടെ ചവിട്ടടിക്കു കീഴിൽ കഷ്ടതകൾ അനുഭവിക്കുന്നു. രണ്ടാം ലോകമഹായുദ്ധം

രലാകത്തിലെ പ്രധാന ഫാസിസ്റ്റ് രാഷ്ട്രങ്ങളുടെ പരാജയത്തിന്നിട യാക്കിയെങ്കിലും, ലോകത്തിലെ കോ ളനികഠം സ്വാതന്ത്ര്യഠങ്ങളായില്ല എന്ന തു് ഒരു നഗ്നമായ വൈപരീത്യമാ യിട്ടു തന്നെ അവശേഷിക്കുന്നു.

ലോകത്തിലെ എല്ലാ കോളനിക ളിലെയും ജനങ്ങഠം രണ്ടാം ലോക മഹായുദ്ധത്തിൻെറ കാലത്തു് അട ങ്ങിയിരിക്കുകയായിരുന്നില്ല. ഫാസി സത്തിന്നെതിരായി, പ്രജാധിപത്യ ത്തിന്നും സ്വാതന്ത്ര്യത്തിന്നും വേണ്ടി പൊരുതുകയായിരുന്നു. ജനാധിപത്യ ശക്തികളുടെ അണികളിൽ ചേൎന്നു കൊണ്ടു, കോളനികളിലെ സ്വാത ന്ത്ര്യപ്രേമികളായ ജനങ്ങഠം സമരം ചെയ്തു. കോളനികളിലും മററാശ്രിത രാജ്യങ്ങളിലും ദേശീയസ്വാതന്ത്ര്യത്തി ന്നു വേണ്ടിയുള്ള ദേശീയപ്രസ്ഥാന ങ്ങഠം അലച്ചു കയറി. കിഴക്കൻ അ റേബിയ, സീറിയ, ലെബനോൻ ഈജിപ്റ്റ് മുതലായ സമീപപൌര സ്ത്യദേശങ്ങളിലെ സാമ്രാജ്യവിരോ ധപ്രസ്ഥാനങ്ങഠംക്കു ശക്തി കൂടി. ഇന്ത്യയിലും ബൎമ്മയിലും ബ്രിട്ടീഷു സാമ്രാജ്യത്വത്തിന്നെതിരായ ജനകീ യ മുന്നേററം ഇരമ്പിപ്പൊങ്ങി. ജപ്പാ ൻെറയും ഫ്രാൻസിൻെറയും ചവിട്ട ടിയിൽ നിന്നും കുതറിച്ചാടി, ഇന്തൊ ചീനയിലെ ജനങ്ങഠം സ്വാതന്ത്ര്യം പ്രഖ്യാപിച്ചു; സ്വാതന്ത്ര്യം സംരക്ഷി ക്കുവാൻ ആയുധമെടുത്തു യുദ്ധം ചെ യ്തു. ബ്രിട്ടീഷുമലയ, ഇണ്ടൊനേഷ്യ, ഫിലിപ്പൈൻസ് മുതലായ പ്രദേശ ങ്ങളിൽ ജപ്പാൻ ഫാസിസത്തിന്നെതി രായി ജനകീയ ശക്തികഠം ആയുധ മെടുത്തു.

എല്ലാ ജനവിഭാഗങ്ങളുടെയും ദേ ശീയ താല്പൎയ്യങ്ങളെ ചവിട്ടി മെതി ക്കുവാൻ വെമ്പുന്ന ഫാസിസത്തി ന്നെതിരായി, കോളനികളിലെ അ സ്വതന്ത്രരായ ജനങ്ങഠം സമരം ചെ യ്യാൻ തയ്യാറായെന്നതു കേവലം സ്വാഭാവികം മാത്രമായിരുന്നു. അ തായതു രാജ്യത്തെ പ്രതിലോമശക്തി കളും പിന്തിരിപ്പൻ ഭരണകൂടങ്ങളും തടസ്ഥമായി നിന്നിരുന്നില്ലെങ്കിൽ, ഈ ജനകീയസമരങ്ങഠം കൂടുതൽ സംഘടിതവും ശക്തിയേറിയതുമായ രൂപം കൈക്കൊള്ളുകയും ചെയ്യുമാ യിരുന്നു.

രണ്ടാം ലോകമഹായുദ്ധത്തിൻെറ പര്യവസാനത്തിൽ ലോകമാകമാനം സാമ്പത്തികമായ പല മാററങ്ങളും സംഭവിച്ചു. കോളനികളിലെ സ മ്പൽവ്യവസ്ഥകഠംക്കും കാൎയ്യമായ പരിവൎത്തനമുണ്ടായി. കോളനിക ളിൽ സമാധാനക്കാലത്തു വളരുവാൻ അനുവദിക്കപ്പെടാതിരുന്ന ഏതാനും വ്യവസായങ്ങഠം, യുദ്ധപരിത:സ്ഥി തികളിൽ അവിടങ്ങളിൽ വളൎന്നുവരു ന്നതു കണ്ടില്ലെന്നു നടിക്കുവാൻ സാ മ്രാജ്യത്വശക്തികഠം നിർബ്ബന്ധിത മായി. സാധാരണ പരിത:സ്ഥിതി കളിൽ ഈ വ്യവസായങ്ങഠം കോള നികളിൽ അഭിവൃദ്ധിപ്പെടുന്നതു് അ ധീശരാജ്യങ്ങളിലെ മുതലാളിത്ത താ ല്പൎയ്യങ്ങഠംക്കു ഹാനികരമായിരുന്നു. എന്നാൽ യുദ്ധാവശ്യങ്ങഠം നിർവ്വ ഹിക്കുന്നതിന്നുവേണ്ടി അധീശശക്തി കഠംക്കു് ഏതാനും വിട്ടുവീഴ്ചകഠം ചെയ്യാതെ നിവൃത്തിയില്ലെന്നായി. അങ്ങിനെ കോളനികളിൽ വ്യാവസാ യികമായി അല്പമായ പുരോഗതിയു ണ്ടായി. കോളനികഠംക്കു് അധീശ ഗവൎമ്മെണ്ടുമായുണ്ടായിരുന്ന ആശ്രി ത ഭാവത്തെ, വ്യാവസായികമായു ണ്ടായ ഈ അഭിവൃദ്ധി, സാരമായി ബാധിക്കാതിരുന്നില്ല. യുദ്ധാവശ്യ

ങ്ങൾ നിർവ്വഹിക്കുവാനുണ്ടായിരുന്നതു കൊണ്ട് അധീശരാജ്യങ്ങളുടെ കയററുമതിയിൽ കാര്യമായ ഇടിവു സംഭവിച്ചു. കോളനികളിൽ ചരക്കുകൾ കുന്നു കൂട്ടുകയായിരുന്ന അതേ അധീശ രാജ്യങ്ങൾ തന്നെ, കോളനികളിൽ നിന്നു് അസംസ്കൃതസാധനങ്ങൾ മാത്രമല്ല സംസ്കൃതസാധനങ്ങൾ തന്നെയും വാങ്ങിക്കൊണ്ടു പോകാൻ നിർബ്ബന്ധിതമായി.

രണ്ടാം ലോകമഹായുദ്ധത്തിൻെറ കാലത്തു കോളനികളിലെ സമ്പൽ വ്യവസ്ഥയിലുണ്ടായ ഈ മാററം അവിടങ്ങളിലെ രാഷ്ട്രീയരംഗങ്ങളിലും ചില പ്രത്യാഘാതങ്ങൾ ഉണ്ടാക്കി. വ്യാവസായികമായ പുരോഗതിക്കനുസരിച്ചു തൊഴിലാളിവർഗ്ഗത്തിൻെറ എണ്ണവും ശക്തിയും വർദ്ധിച്ചു. കോളനികളിലെ തൊഴിലാളിവർഗ്ഗത്തിൻെറ വർഗ്ഗബോധവും രാഷ്ട്രീയ ബോധവും ആ രാജ്യങ്ങളിലെ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനങ്ങളിൽ പ്രതിഫലിക്കാൻ തുടങ്ങുകയും ചെയ്തു. കോളനികളിൽ വ്യവസായത്തൊഴിലാളികൾ എണ്ണത്തിലും രാഷ്ട്രീയ ബോധത്തിൻെറ കാര്യത്തിലും മാത്രമല്ല പ്രാധാന്യം സമ്പാദിച്ചതു്, സംഘടനാപരമായും ആശയപരമായും തൊഴിലാളിവർഗ്ഗം മുന്നോട്ടു നീങ്ങി.

ഈ സംഭവവികാസങ്ങൾ സാമ്രാജ്യത്വശക്തികളുടെ ശ്രദ്ധയിൽ പതിയാതിരുന്നില്ല. കോളനികളുടെ അധീശത്വം തുടൎന്നുപോകുവാൻ സാമ്രാജ്യത്വരാഷ്ട്രങ്ങൾ അനുസരിച്ചു വന്നിരുന്ന തന്ത്രങ്ങൾക്കും പുതിയ രൂപം കൊടുക്കേണ്ടത ത്യാവശ്യമായിത്തീൎന്നു. ഇടിഞ്ഞു തകരുവാൻ പോകുന്ന തങ്ങളുടെ മേൽക്കോയ്മയും പ്രതാപവും താങ്ങി നിൎത്തുവാൻ പുതിയ അടവുകളും തന്ത്രങ്ങളും ഉപയോഗിക്കേണ്ടതിൻെറ പ്രാധാന്യം സാമ്രാജ്യവാദികൾ വ്യക്തമായിക്കണ്ടു. പണ്ടത്തെപ്പോലെ നഗ്നമല്ലെങ്കിലും, അത്ര തന്നെ മർദ്ദനപരമായ ഭരണക്രമങ്ങളിൽക്കൂടി, തങ്ങളുടെ അധികാരം തുടൎന്നു പോകുവാൻ സാമ്രാജ്യത്വ ശക്തികൾ ഒരുക്കു കൂട്ടി. കോളനികളെ മർദ്ദിക്കുന്നതിലും, ചവിട്ടടിയിൽ നിൎത്തുന്നതിലും പുതിയ പങ്കാളികളെ സമ്പാദിക്കുവാനും, കോളനികളിലെ സാമ്രാജ്യത്വഭരണത്തിനു ദേശീയ നിറം കൊടുക്കുവാനും അവർ തീൎച്ചപ്പെടുത്തി. കോളനികളിലെ ദേശീയ പ്രസ്ഥാനങ്ങൾക്കു നാമമാത്രമായ വിട്ടുവീഴ്ചകൾ ചെയ്തു കൊടുത്തു കൊണ്ടു, കോളനികളിൽ സാമ്രാജ്യത്വ ഭരണം തുടൎന്നു പോകുവാൻ ഉള്ള പുതിയ വിദ്യകൾ അവർ കണ്ടുപിടിച്ചു.

കോളനികൾക്കു് ഒരടിക്കു സ്വാതന്ത്ര്യം അനുവദിക്കുന്നതു് അപ്രായോഗികമാണു്; കോളനികളെ പടിപടിയായി സ്വാതന്ത്ര്യത്തിലേക്കു നയിക്കേണ്ടതു് അധീശ ശക്തികളുടെ കടമയാണു്; എന്നിങ്ങനെ സാമ്രാജ്യത്വവാദികൾ പാടി നടക്കാറുണ്ടു്. ബ്രിട്ടീഷുസാമ്രാജ്യത്വത്തിൻെറ വൈതാളികന്മാർ ഈ പല്ലവി പാടുന്നതു നാം ധാരാളം കേട്ടിട്ടുള്ളതുമാണു്. അങ്ങിനെയിരിക്കെ നാമമാത്രമായ വിട്ടുവീഴ്ചകൾ അനുവദിച്ചുകൊണ്ടു സ്വാതന്ത്ര്യത്തെക്കുറിച്ചു സംസാരിക്കുവാൻ അധീശശക്തികൾ മുന്നോട്ടു വന്നപ്പോൾ, അവരുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുവാൻ നമുക്കു ചങ്കുറപ്പില്ലാതെ പോയതു കഷ്ടമായിരുന്നു.

ബ്രിട്ടനിലെ ലേബർ പാൎട്ടി ഗവൺമെണ്ടു് ഇന്ത്യൻപ്രശ്നത്തിനു പരിഹാരം കണ്ടപ്പോൾ ചൎച്ചിൽ വളരെ

സന്തോഷിച്ചു. രണ്ടാം ലോകമഹായുദ്ധം കഴിഞ്ഞപ്പോൾ കോളനികളുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനു, സാമ്രാജ്യത്വശക്തികൾ കണ്ടുപിടിച്ച പുതിയ തന്ത്രങ്ങൾ എത്ര പിന്തിരിപ്പനായിരുന്നു എന്നു മനസ്സിലാക്കുവാൻ, വേറെ തെളിവൊന്നും ആവശ്യമില്ല. മതത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയെ രണ്ടാക്കി വിഭജിച്ചു്, ബ്രിട്ടീഷുരാഷ്ട്രസമുച്ചയത്തിൽ രണ്ടു രാഷ്ട്രങ്ങളെയും ഡൊമിനിയനുകളാക്കി നിർത്തുകയാണു്, ബ്രിട്ടൻ ചെയ്തതു്. ഒരു വലിയ വിട്ടുവീഴ്ച ചെയ്തതാണെന്ന നാട്യത്തിൽ, ദേശീയവും മതപരവുമായ സ്പർദ്ധകൾ കത്തിപ്പൊക്കി പഴയ മട്ടിൽ ഇന്ത്യയിൽ ചടഞ്ഞു കൂടുവാൻ തന്നെയാണു ബ്രിട്ടൻ പരിശ്രമിക്കുന്നതു്.

ഇങ്ങിനെ ഓരോ കോളനിയുടെയും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവകാശവാദത്തെത്തന്നെ, അധീശരാജ്യത്തിന്റെ മർദ്ദനഭരണത്തിനു മൂടുപടമായുപയോഗിക്കുക; അതാണു സാമ്രാജ്യത്വശക്തികൾ എടുക്കുന്ന പുതിയ തന്ത്രം.

അധീശരാജ്യങ്ങൾ കോളനികളിലുള്ള കുത്തകാവകാശങ്ങൾക്കു അയവു വരുത്തുവാൻ ഉദ്ദേശിച്ചിട്ടില്ല. കോളനികളിൽ യുദ്ധകാലത്തിരമ്പിക്കയറിയ സ്വാതന്ത്ര്യപ്രസ്ഥാനത്തെ വഴിതെറ്റിച്ചു, സ്വന്തം താല്പര്യങ്ങളെ നിലനിർത്തുവാൻ തന്നെയാണു സാമ്രാജ്യത്വം പരിശ്രമിക്കുന്നതു്.

ഇന്ത്യയുടെ വിഭജനത്തിനുശേഷം ഇവിടെ നടന്നിട്ടുള്ള സംഭവങ്ങൾ, ഇണ്ടോണേഷ്യയുടെ കാര്യത്തിൽ യു. എൻ. ഒ.-വിൽ ഉണ്ടായ തീരുമാനം, പലസ്തീൻപ്രശ്നം കുഴഞ്ഞുമറിഞ്ഞു കിടക്കുന്നതു്; മറ്റുള്ള കോളനികളിലെല്ലാം തന്നെ നടന്നുകൊണ്ടിരിക്കുന്ന കുത്തിത്തിരുപ്പുകൾ; ഇവയെല്ലാം കോളനികളുടെ പ്രശ്നം എത്ര വിഷമമായിത്തന്നെ നില്ക്കുന്നു എന്നു കാണുവാൻ നമ്മെ സഹായിക്കുന്നതാണു്. ലോകസാമ്രാജ്യത്വശക്തികളുടെ കൂട്ടക്കൊലക്കും മർദ്ദനങ്ങൾക്കുമുള്ള കേളീരംഗമായിട്ടു തന്നെ ഇതു പോകുവാൻ അനുവദിക്കുക; കോളനികളുടെ പ്രശ്നത്തിന്റെ പ്രാധാന്യം മനസ്സിലാക്കുവാൻ കൂട്ടാക്കാതിരിക്കുക; ഇതു് ഏറ്റവും വലിയ കൃത്യവിലോപമായി ജനാധിപത്യവാദികൾ കാണേണ്ടതാണു്.

കോളനികളിലെ ജനങ്ങൾ ഉയിർത്തെഴുന്നേല്ക്കുക തന്നെയാണു ചെയ്യുന്നതു്. അവിടങ്ങളിലെ സ്വാതന്ത്ര്യപ്രസ്ഥാനങ്ങളെ ചോരയിൽ മുക്കിക്കൊല്ലുവാൻ ലോകസാമ്രാജ്യത്വത്തിനു് ഇനിയും സാധിച്ചിട്ടില്ല. കോളനികളിലെ എഴുപതു കോടി ജനങ്ങൾ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തെ ഒരു പുതിയ പതനത്തിലേക്കുയർത്തുക തന്നെയാണു ചെയ്യുന്നതു്. എന്തെല്ലാം കൂട്ടുകെട്ടുകളും സാഹചര്യങ്ങളും സൃഷ്ടിച്ചാലും സാമ്രാജ്യത്വശക്തികൾക്കു കോളനികളിലെ സ്വാതന്ത്ര്യസമരത്തെ ചെറുത്തുനിർത്തുവാൻ സാദ്ധ്യമല്ല. ലോകം സ്വാതന്ത്ര്യത്തിലേക്കു കുതിക്കുകതന്നെ ചെയ്യും.

---

# ജീവചരിത്രസരണി

ഷെല്ലി II

## ഹാ! സ്നേഹമേ!

കെ. എം. ജോർജ്

കോളറിഡ്ജ്, സതി എന്നീ രണ്ടു കവികൾ താമസിച്ചിരുന്ന തടാക പ്രദേശത്തേ (Lake Districts)ക്കാണു ഷെല്ലി പോയതു. അവിടത്തെ താമസം കവികളുമായി പരിചയപ്പെടുന്നതിനു സഹായകമാകുമല്ലോ എന്നു് ഷെല്ലി ഓർക്കാതിരുന്നില്ല. സതിയോടു ഏതാണ്ടു് അടുത്തിടപെടുന്നതിനു ഷെല്ലിക്കു സാധിച്ചു; എങ്കിലും ജോർജ് മൂന്നാമനെ വാനോളം പുകഴ്ത്തി ധനവും, പ്രതാപവും നേടുന്നതിനു സതി തന്റെ കവിതയെ അടിമപ്പെടുത്തിയതു ഷെല്ലിയിൽ കഠിനമായ പുച്ഛത്തെ ഉളവാക്കി. അങ്ങനെയിരിക്കുമ്പോഴാണു്, തന്നെ നിരീശ്വരത്വത്തിലേക്കു വഴിനയിച്ച ആ ഗ്രന്ഥത്തിന്റെ—രാഷ്ട്രീയനീതി (Political justice)—കർത്താവായ ഗോഡ്വിൻ ലണ്ടനിലുണ്ടെന്ന വസ്തുത ഷെല്ലി അറിഞ്ഞതു്. നിരീശ്വരനും, വിപ്ലവബുദ്ധിയും, വിവാഹകർമ്മത്തിന്റെയും ദൈവിക ബോധത്തിന്റെയും പരമ ശത്രുവുമായ ഗോഡ്വിനേ സന്ദർശിക്കാൻ സാധിക്കുന്നതു ഒരു മഹാ ഭാഗ്യമായി ഷെല്ലിക്കു തോന്നി. തന്റെ ജീവിതവും, ആദർശങ്ങളും എത്രമാത്രം ഗോഡ്വിന്റെ ചിന്താഗതിക്കു വിധേയമായിരിക്കുന്നുവെന്നു് ആദരസമന്വിതം രേഖപ്പെടുത്തിയും, ഒരു സന്ദർശനത്തിനു അനുവാദം അപേക്ഷിച്ചും കൊണ്ടുള്ള ഒരു കത്തു് ഷെല്ലി ഉടനേ തന്നെ ആ ഗ്രന്ഥകാരനു് അയച്ചു കഴിഞ്ഞു.

'രാഷ്ട്രീയനീതി'യുടെ പ്രസിദ്ധീകരണത്തിനു് ശേഷം കുപ്രസിദ്ധിയിൽ നിന്നും അപ്രസിദ്ധിയിലേക്കു് ക്രമേണ ഇഴുകിവീണ ഗോഡ്വിന്റെ മനസ്സിൽ പ്രസ്തുതകത്തു സന്തോഷാത്ഭുതങ്ങളുടെ തരംഗങ്ങൾ ഇളക്കി വിട്ടു. ഒരു പുരോഹിതനായി ജീവിതവൃത്തി ആരംഭിച്ച ഇദ്ദേഹം മുപ്പതാമത്തെ വയസ്സിൽ ഒരു നിരീശ്വരനായി തീർന്നു. 1793-ൽ 'രാഷ്ട്രീയ നീതി' പ്രസിദ്ധപ്പെടുത്തി. മേരി വോൾസ്റ്റോൺ ക്രാഫ്റ്റ് എന്ന ഒരു ഗ്രന്ഥകർത്രിയോടു കൂടി ജീവിച്ചുവന്ന ഇദ്ദേഹം, നാലു വർഷം

കഴിഞ്ഞു അവരേ വിവാഹം കഴിച്ചു. അവർ പ്രസവസമയത്തു മൃത്യുവിന്നിരയായി. വിവാഹവിരോധിയായ ഗോഡ്വിനാകട്ടെ, ഒട്ടും തന്നെ താമസിക്കാതെ അയൽവക്കത്തു താമസിച്ചിരുന്ന ക്ലെയൻ മോണ്ട് എന്ന ഒരു വിധവയേ വിവാഹം കഴിച്ചു. ഈ ദമ്പതിമാരുടെ ജീവിതം പല കാരണങ്ങളാലും ക്ലേശകരമായിരുന്നു. അഞ്ചു മക്കളെയാണ അവർ സംരക്ഷിക്കേണ്ടി വന്നതു്. അതിൽ ഭർത്താവിൻേറതു ഒന്നു്-ഭാൎയ്യയുടേതു് രണ്ടു്-ഭർത്താവിൻേറതുംഭാൎയ്യയുടേതും കൂടെ ഒന്നു്-രണ്ടുമല്ലാത്തതു് ഒന്നു്-അങ്ങനെ അഞ്ചു്. ജെയിനും ചാർല്ലസ്സും ഭാൎയ്യയുടെ പൂർവ്വ സ്വത്താണ്. അതുപോലെ ഗോഡ്വിന്നു പ്രതിഭാശാലിനിയായ പൂർവ്വഭാൎയ്യയിൽ ഉണ്ടായ പുത്രിയാണ മേരി. അഞ്ചാമത്തേതായ ഫാന്നി എന്ന യുവതിയുടെ ആവിർഭാവത്തിനു ഇവർ രണ്ടു പേരും ഉത്തരവാദികളല്ല. മേരി വോൾസ്റ്റോൺ ക്രാഫ്ററിനു ഒരു അമേരിക്കൻ കാമുകനിലുണ്ടായതാണ് അവൾ. ഇങ്ങനെയുള്ള ഒരു കുടുംബത്തിലാണ് ഷെല്ലിയുടെ രണ്ടു മൂന്നു കത്തുകൾ വന്നതു്. ഈ യുവകവിയുടെ കത്തുകൾ അവിടെയുള്ള പെൺകുട്ടികൾ അത്യന്തം ഉത്സാഹത്തോടു വായിക്കയും, വമൎശിക്കയും ചെയ്തു വന്നു.

ഗുരുവരനായ ഗോഡ്വിനേ സന്ദർശിക്കുന്ന കാൎയ്യം തല്ക്കാലത്തേക്കു മാററിവച്ചിട്ടു് ലിൻമോത്തു് എന്ന സ്ഥലത്തുള്ള ഒരു ചെറിയ വീട്ടിൽ ഷെല്ലിയുംകുടുംബവും താമസമാക്കി. ഒരു പൂൎവ്വസ്നേഹിതയായിരുന്ന മിസ്സ് ഹിച്ചനർ അവിടെ ആഗതയായി. ഹാരിയററ സുന്ദരിയും സുശീലയും ആയിരുന്നെങ്കിലും, ഷെല്ലിയെപ്പോലുള്ള ഒരു ചിന്തകൻെറ ഭാവനകളെ ഇളക്കി വിടുന്നതിന്നുള്ള ബുദ്ധിപ്രകർഷംഅവൾക്കുണ്ടായിരുന്നില്ല. എന്നാൽ ഒരു നല്ലബുദ്ധിശാലിനിയായ ഹിച്ചനരുമായുള്ളസഹവാസം ആ ന്യൂനത പരിഹരിക്കുമെന്നും,ഹാരിയററിനു അതുകൊണ്ടു് വിശേഷിച്ചൊരു നഷ്ടം വരാനില്ലെന്നും ആ യുവകവി വിചാരിച്ചു. അങ്ങനെ ആ ആത്മീയ സഹോദരിയേ ഒരു സ്ഥിരം അതിഥിയായി അംഗീകരിക്കയും ചെയ്തു. പുതിയ പുതിയ ആദർശങ്ങളും ആശയങ്ങളും ഹിച്ചനറോടു മാത്രം ഷെല്ലി ചൎച്ച ചെയ്തു തുടങ്ങി. ഹരിയററിൻെറ ഹൃദയാകാശത്തിൽ ഉണ്ടായ മേഘഗൎജ്ജനങ്ങൾ, ഭാവനാ പക്ഷങ്ങളിൽ സൈ്വരവിഹാരം ചെയ്തിരുന്ന നമ്മുടെ യുവകവി അറഞ്ഞതേയില്ല. അങ്ങനെ ഒരു നാലു മാസം കഴിഞ്ഞു. ലിൻമോത്തിലേ പുഷ്പങ്ങൾ വാടിത്തുടങ്ങി. ഹിച്ചനരുടെ നക്ഷത്രം അസ്തമിക്കാറായി.തൻെറഭർത്താവിൻേറ ഈ പുതിയ ബന്ധത്തിൽ ഹാരിയററിന്നു തോന്നിയ അമൎഷവും, വെറുപ്പും ദുസ്സഹമായ തോതിൽ എത്തിയപ്പോൾ ഷെല്ലിയും അതു അറിഞ്ഞു തുടങ്ങി. അയാൾക്കുതന്നേ ഹിച്ചനരുടെ വിജ്ഞാനദീപം എണ്ണയില്ലാതെ മങ്ങുന്നതായി തോന്നി. ആ സ്വൎണ്ണ പ്രതിമയുടെ കാലുകൾ കളിമണ്ണാണെന്നു ഷെല്ലിക്കു മനസ്സിലായി. കാൎയ്യങ്ങൾ കലങ്ങിത്തെളിയുന്നതിനായി പരിപാടികളിൽ ചില ഭേദഗതികൾ വരുത്തി ഗോഡ്വിനേ സന്ദർശിക്കുന്നതു് നന്നായിരിക്കുമെന്നു തോന്നി. ആ യാത്രയോടു കൂടെ ഹിച്ചനർ ഷെല്ലിയിൽ നിന്നും അകലുകയും ചെയ്തു.

1812-ഒക്ടോബർ മാസത്തിലാണ് ഷെല്ലിയും ഹാരിയററും ആദ്യമായി

'ഗോഡ്വിൻ കുടുംബ'ത്തെ സന്ദർശിച്ചു്. അത്ഭുതചരിതനായ ഈ യുവചിന്തകനേ വലിയപ്രതീക്ഷകളോടും ജിജ്ഞാസയോടും കൂടെയാണ്‌ അവിടുത്തെ ചെറു സംഘം കാത്തിരുന്നതു്. ഗോഡ്വിൻ എല്ലാവരേയും പരിചയപ്പെടുത്തി. തന്റെ മകൾ മേരി സ്കോട്ട്‌ലാണ്ടിൽ ആയിരുന്നതിനാൽ, അവളോടു അത്ഭുതകരമായി സാദൃശ്യം വഹിച്ചിരുന്ന പൂർവ്വഭാര്യയുടെ ഫോട്ടോ കാണിച്ചു ആ കൃത്യവും നിർവ്വഹിച്ചു. ആ ഫോട്ടോയിൽ, പ്രത്യക്ഷമായിക്കണ്ട ചൈതന്യം ഷെല്ലിയേ വികാരഭരിതനാക്കി. അങ്ങനെ തുടങ്ങിയ പരിചയം പരസ്പരബഹുമാനം മൂലം അടിയുറച്ച സൗഹൃദമായി വേഗം വളൻ്ന കഴിഞ്ഞു.

ഷെല്ലി പലപ്പോഴും അവരേ സന്ദർശിച്ചു വന്നു. ഫാന്നിയും, ജെയിനും ഷെല്ലിയുടെ സഹവാസത്തിൽ മതിമറന്നു വശായി. ചില ദിവസം വളരെ സമയം ഷെല്ലിയുടെ പ്രഭാഷണങ്ങൾ അത്ഭുതാദരങ്ങളോടെ അവർ ശ്രദ്ധിച്ചു പോന്നു. ഹാരിയററിനേ അവർ വലിയ കാര്യമായി ഗണിച്ചില്ല. "അർഹിക്കുന്ന ഒരു ഭാര്യയേ ഷെല്ലിക്കു ലഭിച്ചിട്ടില്ല" എന്നു് അവർ പലപ്പോഴും തമ്മിൽ മന്ത്രിച്ചു. അസൂയ മുഴുക്കുമ്പോൾ സ്ത്രീകൾ ഇങ്ങനെ പറയുക സഹജവുമാണല്ലോ. ഇക്കാര്യങ്ങളെല്ലാം അവർ മേരിയേ കത്തുകൾ മൂലം സുവിശദം അറിയിച്ചു വന്നു.

ഹിച്ചനരുടെ അകൽച ഹാരിയററിനേ വളരേ സന്തോഷിപ്പിച്ചു. അവൾ ഷെല്ലിയേ സന്തോഷിപ്പിക്കുന്നതിനായി ലാററിനും പഠിച്ചു തുടങ്ങി. അവൾക്കു ഒരു മാതാവാകാനുള്ള കാലം അടുത്തു. ഷെല്ലിക്കു ഇരുപത്തൊന്നാമത്തേ പിറന്നാളും. ആ പ്രായത്തിൽ പിതാവുമായിനിരക്കുന്നതിനു ഇടയുണ്ടെന്നു ഷെല്ലി വിശ്വസിച്ചു. വേണ്ടിവന്നാൽ ഷെല്ലിയുടെ കഠിന പ്രമാണങ്ങൾ അല്പം മയപ്പെടുത്തിയും, കാര്യം നേടി അങ്ങനെ ആഡംബരത്തിലും, ആനന്ദത്തിലും കഴിഞ്ഞു കൂടണമെന്നു ഹാരിയററു അഭിലഷിച്ചു. പക്ഷേ ററിമോത്തി ഷെല്ലിയുടെ മനസ്ഥിതി വളരെ മാറിയിരുന്നില്ല.

അവൾക്കു ഒരു പുത്രിയുണ്ടായി. നീലക്കണ്ണുള്ള ആ കൺമണിക്കു അവർ 'അയാന്ത' എന്നു പേരിട്ടു. പുതിയ അനുഭൂതികളുടെ ഔൽസുക്യം ജീവിതത്തിൽ മിന്നിത്തിളങ്ങി. മനോഹരമായ ഈ കൊള്ളിമീനിന്റെ പിമ്പിൽ കാർമേഘപടലങ്ങൾ ആഞ്ഞടുത്തു. ശിശുവിനേ ശുശ്രൂഷിക്കാൻ ഒരു നഴ്സു വേണമെന്നു ഹാരിയററു്—അമ്മതന്നേ വേണ്ട വിധം നോക്കുകയാണ്‌ ഉത്തമമെന്നു ഷെല്ലി. ലാററിൻപഠനം തീരെ തള്ളിയിട്ടു, ആഭരണങ്ങളും പുള്ളിയുടുപ്പുകളും അന്വേഷിക്കുന്നതിൽ അമിതമായ ഭ്രമം ഹാരിയററിനു്‌-ഷെല്ലിക്കോ അതിൽ വല്ലാത്ത പുച്ഛം. സ്ഥലകാല സ്മരണ കൂടാതെ ഇഷ്ടമുള്ള വിഷയങ്ങൾ, ബുദ്ധിജീവികളായ പെണ്മണികളുമായി ചർച്ചചെയ്യുന്നതിൽ മാദകമായി അഭിനിവേശം ഷെല്ലിക്കു്—ഹാരിയററിന്നോ അതിൽ വല്ലാത്ത വെറുപ്പു്. ഇങ്ങനെ അവർ തമ്മിൽ ക്രമേണ അകന്നു തുടങ്ങി.

"സ്വന്തം ഭാര്യക്കു നല്ല വസ്ത്രം വാങ്ങിക്കൊടുക്കാൻ ഷെല്ലിക്കു പണമില്ല ; പക്ഷേ, ഗോഡ്വിന്റെ കടം വീട്ടുവാൻ നല്ല തുക ചെലവാക്കുന്നു" എന്നിങ്ങനെ എലിസാ പോലും പരാതി പറഞ്ഞു തുടങ്ങി. അയർല

ണ്ടിൽ വെച്ചു പണ്ടു പരിചയപ്പെട്ട പട്ടാള ഉദ്യോഗസ്ഥനായ ഒരു മേജർ റയാൻ (Major Ryan) അന്നു ല ണ്ടനിൽ വന്നു ഇവരേ സന്ദർശിച്ചു. അയാളുടെ സന്ദർശനങ്ങളിൽ സുന്ദ രിയായ ഹാരിയററ കാണിച്ച കൌ തുകം, കരങ്ങിന്ന് ഏണി വെച്ചു കൊ ടുത്തതു പോലെയായി. ഷെല്ലിയു ടെ പെരുമാററം തൃപ്തികരമല്ല എ ന്നു് അയാളും വിധിച്ചു.

സ്ഥലം മാറിത്താമസിച്ചാൽ മന സ്സിന്നു സുഖം ഉണ്ടായേക്കുമെന്നു വി ചാരിച്ചു്, അങ്ങനെ ചെയ്തു. അക്കാ ലത്തു ലണ്ടനിൽ വെച്ചു പഴയ സ്നേ ഹിതൻ ഹോഗ്ഗ് അവരേ സന്ദർശിച്ചു. ഇവരേ മൂന്നു പേരേയും കൊർണീ ലിയാ എന്ന യുവതിയുടെ അമ്മ അ തിഥികളായി ക്ഷണിച്ചു. കൊർണീ ലിയാ സംസ്കാരചിത്തയും, സുന്ദര രൂപിണിയുമായ ഒരു വിദുഷിയായി രുന്നു. അവളുടെ സാഹചര്യം ഷെ ല്ലിക്കു് ഏററം ഉത്സാഹജനകമായി തോന്നി. ദിവസന്തോറും അതിരാവി ലെ ഓരോ ഗീതകം മനഃപാഠമാ ക്കുക കൊർണീലിയായുടെ ഒരു പ തിവായിരുന്നു. യുവകവിയും ഹോ ഗ്ഗും കേട്ടു രസിക്കത്തക്കവണ്ണം ആക ർഷകമായി ആ പ്രേമകവന ങ്ങൾ പാടിക്കേൾപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു വന്നു. ഷെല്ലിയെ പ്പോലുള്ള ഒരു സങ്കല്പജീവിയെ ദേവലോകത്തേക്കു നയിക്കുന്നതിന്നു പററിയ ഒരു അപ്സരസ്സായി പല പ്പോഴും അവൾ പ്രത്യക്ഷപ്പെട്ടു. ഹാ രിയററിന്നു തുല്യസ്ഥാനം ലഭിക്കുന്നി ല്ലെന്നു് അവൾ നല്ലവണ്ണം മനസ്സി ലാക്കി. നിഗൂഢമായി ഉള്ളിൽ പുക ഞ്ഞു കൊണ്ടിരിക്കുന്ന അസൂയയെ പ്പോലെ മറെറാന്നും ഒരു സ്ത്രീയെ ബുദ്ധിശൂന്യയാക്കുന്നില്ല. നിർദ്ദോഷ മായുള്ള വാക്കിലും, നോക്കിലും അ വൾ ദുർവ്യാഖ്യാനമാലിന്യം കല ർത്തുന്നു.

“പേഴ്സി വെറും തൻകാര്യശീല ക്കാരനാണു്. എന്നാൽ പരിപൂർണ്ണ നാണെന്നു ഭാവവും. എലിസാ പറ ഞ്ഞതു നേരു തന്നെ............ഞാൻ ഇഷ്ടം പോലെ ജീവിക്കും. അ തു തടയാൻ അയാൾക്കെന്തവകാശ മാണുള്ളതു് ” എന്നിങ്ങനെയായി ഹാരിയററിൻെറ ചിന്താഗതി. ലണ്ട നിൽ പോയി കുറേ നാൾ എലീസ യുടെ കൂടെ താമസിക്കാൻ ഹാരി യററ തീരുമാനിച്ചു. പേഴ്സി അതി ന്നു് എതിരു പറഞ്ഞില്ല. “ഷെല്ലി ക്കു ചേരാത്ത ഒരു ഭാര്യ” എന്നു് അ വിടത്തെ സ്ത്രീകളും ചിന്തിച്ചു.

* * *

മേജർ റയാനുമായി ഹാരിയററ സമയം കഴിച്ചുകൂട്ടുകയാണെന്നു താ മസിയാതെ ഷെല്ലിക്കു് അറിവുകിട്ടി. വിവാഹത്തിന്നു ശേഷം ആദ്യമായി ട്ടാണു് അവിശ്വസ്തതയുടെ ചുവ എ ങ്ങിനെയിരിക്കുമെന്നു ഷെല്ലി അറി യുന്നതു്. അതു് ഏററം ദുസ്സഹമാ യിട്ടു് അദ്ദേഹത്തിന്നു തോന്നി. യു ക്തിയും വികാരവും തമ്മിൽ ഭയങ്കര മായ ഒരു മത്സരം നടന്നു. ‘കേവലം സാധാരണക്കാരിയായ ഒരു സ്ത്രീ യിൽ നിന്നും ഇങ്ങനെ വിമുക്തനാകു ന്നതു് ഒരു ഭാഗ്യമല്ലേ....ഇപ്പോൾ ഞാൻ ആരെയെങ്കിലും സ്നേഹിക്കു ന്നെങ്കിൽ അതു കൊർണീലിയായേ അല്ലേ... സങ്കുചിതബുദ്ധിയായ ഹാ രിയററിൻെറ അസൂയയും വിഡ്ഢിത്ത വും എന്നെ വളരെ മുഷിപ്പിച്ചില്ലേ? കാമജടിലമായ പ്രഥമവികാരങ്ങൾ മായുമ്പോൾ രണ്ടുപേരും സ്വതന്ത്രർ

തന്നെയല്ലേ ? ' എന്നിങ്ങനെയുള്ള ന്യായങ്ങൾ 'യുക്തി' ആനയിച്ചു. എങ്കിലും മുമ്പു തങ്ങൾ അനുഭവിച്ച സന്തോഷസന്താപങ്ങളുടെയും, പ്രേമ പ്രകടനങ്ങളുടെയും സ്മരണയിൽ നിന്നും പൊട്ടിപ്പുറപ്പെട്ട ഉൽക്കടമായ വികാരപ്രവാഹത്തിൽ ന്യായങ്ങളും യുക്തികളും അടിതകൻ പറിഞ്ഞു പോയി. വേണ്ടിവന്നാൽ ക്ഷമ ചോദിക്കുന്നതിനും, സ്നേഹപൂർവ്വം സ്വീകരിക്കുന്നതിനും തയ്യാറായി ഷെല്ലി ഹാരിയററിനേക്കാണാൻ ഉടനേ പുറപ്പെട്ടുകഴിഞ്ഞു. മൂന്നു മാസം മുമ്പുവരെ മൃദുലമോഹനമായിരുന്ന ആ വിഗ്രഹം പാറപോലെ കട്ടിയുള്ളതായിത്തീൻ. ഷെല്ലിയുടെ അപേക്ഷകൾതിരമാലകൾ പോലെ തല്ലിത്തകൻ പോയി.

" ഞാൻ എന്തു ഭോഷൻ. എന്നെ സ്നേഹിക്കാത്ത, ഒരിക്കലും യഥാത്ഥമായി സ്നേഹിച്ചിട്ടില്ലാത്ത ഒരു സ്ത്രീയുടെ വലയിൽ വീണു കിടക്കയോ ! ഛേ. എൻെറ ധനവും സ്ഥാനവും കാമിച്ചാണു് അവൾ എന്നെ വിവാഹം കഴിച്ചതു്. അതൊക്കെ നിഷ്ഫലമെന്നു കണ്ടപ്പോൾ മട്ടുമാറി എന്നെ ശിക്ഷിച്ചു തുടങ്ങി. മഞ്ഞുകട്ട പോലെ തണുത്ത ഒരു ഹൃദയം ! - - - " ഇങ്ങിനെ ചിന്തിച്ചു കൊണ്ടു ഷെല്ലി മടങ്ങി.

പിന്നെയും കുറേക്കാലം ഹാരിയററിൻെറ സുന്ദരവദനം സ്മരിച്ചു കൊണ്ടും പരസ്പര രഞ്ജനം സാദ്ധ്യമായേക്കുമെന്നു് അഭിലഷിച്ചു കൊണ്ടും കഴിച്ചു കൂട്ടി. അവളുടെ കണ്ണുകളുടെ അതുല്യ പ്രകാശത്തിൽ തുള്ളിക്കളിച്ച ഒരു ജീവിക്കു എങ്ങിനെ അവളുടെ പരിഹാസത്തിൻെറ ക്രൂരിരുട്ടിൽ കഴിഞ്ഞുകൂടാൻ സാധിക്കും ! എന്നിങ്ങനെ അത്ഥം വരുന്ന ഒരു കവിത എഴുതി അയച്ചു. പക്ഷേ ഈ ശ്രമങ്ങളെല്ലാം വിഫലീഭവിച്ചതേയുള്ളു. ഷെല്ലി താമസിയാതെ ലണ്ടനിൽ ഗോഡ്വിൻെറ വസതിക്കടുത്തു താമസമാക്കി. തൻെറ കടം വീട്ടുന്നതിൽ ഷെല്ലിക്കു ഉത്സാഹമുണ്ടെന്നുമനസ്സിലാക്കിയ ഗോഡ്വിൻ, അദ്ദേഹത്തെ താല്പര്യപൂർവ്വം സ്വാഗതം ചെയ്തു. അങ്ങനെ ഷെല്ലിയുടെ അത്താഴം ദിനന്തോറും ഗോഡ്വിൻെറ ഭവനത്തിലായി. ഈ പ്രാവശ്യം സ്കോട്ട്ലണ്ടിൽ നിന്നും മടങ്ങിയ മേരിയും അവിടെയുണ്ടായിരുന്നു. മേരിയും ഷെല്ലിയും കാണാതെ തന്നെ പരസ്പരം ആകൃഷ്ടരായി ചമഞ്ഞിരുന്നു. കണ്ടപ്പോഴോ, രണ്ടു ഹൃദയങ്ങളിലും അഭിനിവേശം അസാമാന്യമായി അലയടിച്ചു. മേരിയുടെ സന്നിധിയിൽ ഫാനിയും ജെയിനും, സൂര്യോദയത്തിൽ നക്ഷത്രങ്ങളേപ്പോലെ വിളറിപ്പോയി.

അഖിലാണ്ഡത്തിൽ ചിതറിക്കിടക്കുന്ന അപൂർവ്വ ശക്തികളും മഹിമകളും സുന്ദരിയായ ഒരു സ്ത്രീയുടെ രൂപത്തിൽ ദർശിക്കുക ! അതാണു ഷെല്ലിയുടെ ആനന്ദത്തിൻെറ പരമകാഷ്ഠ. സുന്ദര വികാരങ്ങളുടെയും ബുദ്ധിപ്രകഷത്തിൻെറയും അസുലഭ സമ്മേളനമാണു ഷെല്ലിയുടെ പ്രേമലക്ഷ്യം. അവിടെ അദ്ദേഹം കലാസൃഷ്ടിയുടെ കഴമ്പു കണ്ടിരുന്നു. കാലം കഴിയുന്തോറും ഹാരിയററു ഈ ആദർശത്തിൽ നിന്നു താണു താണു വരുന്നതായി ഷെല്ലിക്കു തോന്നി. എന്നാൽ മേരിയുടെ ആകാരവും വികാരവും ഒരുപോലെ ഉജ്ജ്വലങ്ങളായിരുന്നു. അവളുടെ കണ്ണുകളും, വിസ്തൃതമായ നെററിത്തടവും, രൂ

പമൊത്ത തലയിൽ മനോഹരമായി അലങ്കരിച്ചുവെച്ചിരിക്കുന്ന വാർക്രന്തലും ദർശിച്ചപ്പോഠം, ഹോമറോ, പ്ലേട്ടോക്കോ വായിക്കുന്ന ആനന്ദമാണു ഷെല്ലിക്കുണ്ടായതു്. ചൈതന്യം ചിതറുന്ന അവളുടെ സംഭാഷണങ്ങഠം ഷെല്ലിക്കു് ഊജ്ജിതവും ഉന്മേഷവും നൽകി. ജ്വലിക്കുന്ന കണ്ണുകളോടു കൂടിയ മേരിയെ ഭാവനാരഥത്തിൽ കയററി ചിന്താമണ്ഡലത്തിൻെറ ചക്രവാളത്തോളം ഷെല്ലി സഞ്ചരിച്ചു തുടങ്ങി.

ഹാരിയററിൻെറ ബുദ്ധിക്കുറവും, അത്ഥശൂന്യമായ നോട്ടവും, ആഡംബരഭ്രമവും, അസൂയയും കരിക്കട്ട പോലെ അനാകഷ്കമായി ഷെല്ലിക്കു തോന്നി. മേരിയാകട്ടെ തത്വചിന്തയിൽ രസിക്കയും കവിത ആസ്വദിക്കയും ചെയ്യുന്ന ഒരു ബുദ്ധിമതി. സുന്ദരനും പ്രതിഭാസമ്പന്നനുമായ ഈ യുവകവിക്കുവേണ്ടി സ്വജീവിതം അപ്പിക്കുന്നതു് ഒരു മഹാഭാഗ്യമായി മേരി ഗണിച്ചു. അവഠം അമ്മയുടെ ശവകുടീരത്തിൽ ഒരു പുസ്തകവുമായി പോയി വായിക്കയും ധ്യാനിക്കയും ചെയ്തുവന്നു. ഷെല്ലി സാനുവാദം ഒരു ദിവസം അവളെ അനുഗമിച്ചു........ അങ്ങനെ അവർപ്രേമനിബദ്ധരായി. പക്ഷേ ഷെല്ലി വിവാഹിതനാണു്.

അദ്ദേഹം Queen Mab എന്ന തൻെറ ഒരു കവിതാഗ്രന്ഥം മേരിക്കു സമ്മാനിച്ചു. അതിൽ അവഠം രഹസ്യമായി ഇങ്ങനെ എഴുതി:

"ഈ പുസ്തകത്തിൻെറ കത്താവിനെ ആവിഷ്ക്കാരശക്തികഠംക്കപ്പുറമായി ഞാൻ സ്നേഹിക്കുന്നു....നമ്മുടെ പ്രേമം അനശ്വരമാണു്. ഞാൻ ഇപ്പോഴും നിങ്ങളുടേതല്ല എങ്കിലും മറെറാരു ആളുടേതാകയില്ല. മററാരും കാണാത്ത ആ നോട്ടം, മററാരും മനസ്സിലാക്കാത്ത ആ പുഞ്ചിരി, ഹൃദയങ്ങളുടെ രഹസ്യസല്ലാപം, രോമാഞ്ചം അണിയിക്കുന്ന ആ സ്പശനം!... ഹാ! എന്നേ ഞാൻ പൂണ്ണമായി അങ്ങേയ്ക്കു സമർപ്പിക്കുന്നു."

പക്ഷേ, ആരും കാണാത്ത നോട്ടങ്ങളും, കേഠംക്കാത്ത സല്ലാപങ്ങളും ഗോഡ്വിൻ മനസ്സിലാക്കിയിരുന്നു. ഷെല്ലി വിവാഹിതനാകയാൽ ഇക്കാര്യത്തിൽ പുരോഗമിക്കരുതു് എന്നദ്ദേഹം അറിയിക്കയും ചെയ്തു. പക്ഷേ ഈ തടസ്സം കാര്യങ്ങളെ ത്വരിതപ്പെടുത്തുകയാണുണ്ടായതു്. ഹോഗ്ഗും മറെറാരു സ്നേഹിതനും ഹാരിയററിൻെറ ഭാഗം പിടിച്ചു വാദിച്ചു; എങ്കിലും അവളാണു കുററക്കാരി എന്നു ഷെല്ലി സമത്ഥിച്ചു. "അവഠംക്കു വേണ്ടതു പണമാണു്. അതുകൊണ്ടു് അവളുടെ ഭാവി സുഗമമായിരിക്കത്തക്കവണ്ണം അക്കായ്യം ഞാൻ നിവ്വഹിച്ചുകൊള്ളാം" എന്നു ഷെല്ലി മറുപടി പറഞ്ഞു. ഷെല്ലിയേപ്പോലെ ഒരു സഹൃദയനെ സന്തോഷിപ്പിക്കാൻ കഴിയാതിരുന്ന ഹാരിയററിനെക്കുറിച്ചു് മേരിക്കു വലിയ പുച്ഛമായിരുന്നു. സ്വാത്മമതിയായ അവഠംക്കു പണം കൊടുത്താലും ഷെല്ലി സ്വതന്ത്രനാകട്ടെ എന്നു് മേരിയും അഭിലഷിച്ചു. ന്യായങ്ങളും എതിർ ന്യായങ്ങളും ഷെല്ലി പലതും കേട്ടു; പലതും അദ്ദേഹം ചിന്തിച്ചു. ആകപ്പാടെ മനോമണ്ഡലത്തിലുണ്ടായ പ്രക്ഷോഭണങ്ങഠം അദ്ദേഹത്തെ അത്യന്തം വിവശനാക്കിത്തീത്തു. മനസ്സമാധാനത്തിനുവേണ്ടി ധാരാളം അവിൻ ഉപയോഗിച്ചു തുടങ്ങി.

* * *

നക്ഷത്രങ്ങളും എണ്ണവിളക്കും ഒരുപോലെ മങ്ങിത്തുടങ്ങി. മണി നാലാ

യി. ഗോഡ്വിൻെറ വീട്ടിന്നെതിർ വശത്തു്, അതുവരെയും ഉറങ്ങാതെ ഷെല്ലി കാത്തിരുന്നു. അവിടെ വണ്ടി നിന്നു. ഗോഡ്വിൻെറ ഭവനദ്വാരം ശബ്ദരഹിതമായി തുറക്കപ്പെട്ടു. ശാന്തമായി വണ്ടിയിൽ സാമാനങ്ങൾ കയററി. മേരിയും ജയിനും ഷെല്ലിയോടൊന്നിച്ചു വണ്ടിയിൽ കയറി ഇരുന്നു. സുഖസുഷുപ്തിയിൽ ലയിച്ചിരുന്ന ഗോഡ്വിൻഭവനത്തോടു, പതിവുപോലെയുള്ള ശബ്ദത്തിൽ യാത്ര പറഞ്ഞിട്ടു് ആ വണ്ടി അകന്നകന്നു പോയി........

നീണ്ടു ചുരുണ്ട മുടിയിൽ ശീതക്കാററു പാറിക്കളിക്കുമ്പോൾ ഷെല്ലിയോർത്തു : " അഞ്ചു കൊല്ലം മുമ്പ് ഇതുപോലൊരു യാത്ര ഹാരിയററിനോടുകൂടെ....സ്നേഹത്തിൻെറ പേരിൽ....പിന്നെ എവിടെയെല്ലാം.... ജയിൻ– കൊർണീലിയാ– ഇപ്പോൾ മേരി – ....ഹാ! സ്നേഹമേ ! "

—o—

(Ref:- 'Ariel'- by Maurois)

---

അതുപോലെ, താങ്കളീപ്പുസ്തകത്തിൽ സാധുവിൻെറ 'സാഹിത്യപരിശ്രമങ്ങ'ളെ വിവരിക്കുന്നേടത്തു് അദ്ദേഹത്തിൻെറ ചില അപശബ്ദപ്രയോഗങ്ങളേയും വൃത്തവൈകല്യങ്ങളേയും മററും, നമ്മുടെ ചില പുസ്തകാഭിപ്രായക്കാരേപ്പോലെ, എണ്ണിപ്പെറുക്കിക്കാണിയ്ക്കാൻ തുനിഞ്ഞതു് അനുചിതമായി; ഭാഷാശുദ്ധിയിൽ നിഷ്കർഷിപ്പാൻ തരം കിട്ടാതെ ആത്മീയശുദ്ധിക്കു വേണ്ടി ജീവിതമർപ്പിച്ച സാധു കൊച്ചുകുഞ്ഞിനെപ്പോലുള്ള ഒരാളെ വ്യാകരണക്കോടതിയിൽ കയററി വിചാരണ ചെയ്തതു് അവിനയമായി, വിദഗ്ദ്ധംമന്യതയായിപ്പോയി എന്നു കൂടി ഞാൻ പറയും.


ആകപ്പാടെ പറഞ്ഞാൽ, നമ്മൾ തമ്മിൽ പരിചയപ്പെടാനിടയായതിൽ നിന്നു് എനിയ്ക്കുണ്ടായ ശ്രേഷ്ഠതരമായ ഫലം, ഈ ക്രിസ്തുശിഷ്യൻെറ ജീവിതം കണ്ടു വന്ദിപ്പാനിടവന്നതാണെന്നു ഞാൻ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നു. മറിച്ചെങ്കിൽ, 'ഏതോ ഒരു കൃസ്ത്യൻപാതിരിയുടെ കഥ' എന്ന ഭാവത്തിൽ–ഞാൻ കുട്ടിക്കാലത്തു് അമർഷപൂർവ്വം നോക്കിക്കണ്ടിട്ടുള്ള വിധം, ഹിന്ദുദേവാലയങ്ങളുടെ മുമ്പിൽ ഉത്സവാവസരങ്ങളിലെ ആൾക്കൂട്ടത്തിൽ വന്നുനിന്നു ഹിന്ദുമതത്തെപ്പററി ചീത്ത പറയുന്ന ആ ഉഭയഭ്രഷ്ടവർഗ്ഗത്തിലൊരാളുടെ കഥ എന്ന ഭാവത്തിൽ—ഞാനീപ്പുസ്തകം വായിക്കാതെ പോയേനേ. ഹാ കഷ്ടം, മതസംബന്ധികളായ വിശ്വാസഭേദങ്ങളും അനുഷ്ഠാനഭേദങ്ങളും മററും, ഒരേ പരമാത്മാവിൻെറ സന്നിധിയിലേക്കു തീർത്ഥയാത്ര പോകുന്ന മനുഷ്യരായ നമ്മളെ തമ്മിൽ എത്രമാത്രം അകററിക്കളയുന്നില്ല. തന്മൂലം ഓരോ സംഘത്തിൻേറയും യാത്രയ്ക്കു് എത്രമാത്രം മാർഗ്ഗഭ്രംശം പററുന്നില്ല !

———

---

സാധു കൊച്ചുകുഞ്ഞു് (ഗ്രന്ഥകർത്താവു്: കെ. എം. ജോർജ്) വില 1 ക. 4 ണ.

# കഷായം



വാഗ്ഭടൻ

സേവിച്ചാൽ ചവൎപ്പുണ്ടാം, കാറ
ലും കൈപ്പുമുണ്ടാം
സ്വാദേറും സർബ്ബത്തല്ല, മദിരാ
രസമല്ല;
എങ്കിലുമകത്തേയ്ക്കു തെല്ലു ചെല്ല
ട്ടെ, തെല്ലും
ശങ്ക വേണ്ടാത്തരോഗസംഹാരി
യാം കഷായം.

—അഷ്ടാങ്കഹൃദയം ഭാഷ (വാഗ്ഭട വിവൎത്തിതം)

അനുഷ്ടുപ്പു വൃത്തത്തിൽ വേണമെന്നു വിചാരിച്ചു. പക്ഷേ ശ്ലോകമൃത്തശ്ശിയേപ്പററി പുത്തൻകൂററുകാൎക്കു പുച്ഛമല്ലേ? കേകയെത്തന്നെയങ്ങു കടന്നു പിടിച്ചു. ഇരുക്കാലികളാവുമ്പോഠം വൃത്തഗ്രഹണവും ശയ്യാഗ്രഹണവും ഒന്നുവേറെയാട്ടെച്ചാ! ഹായ്!

* * *

ഒരു പിടി ആളുകഠം ഒരു പടി ആക്ഷേപങ്ങഠം വാഗ്ഭടനെപ്പററി പറഞ്ഞു വിടുന്നു.

"എന്തോന്നു ചക്കയോ, ഇവന്മാരുടെ കഷായം?" "പുച്ഛരസത്തിന്റെ പുളിയുണ്ടു് കഷായത്തിൽ" "എവിടുന്നു വലിഞ്ഞു കയറി ഈ തുകലൻ?" ഇങ്ങിനെ മുക്കിലും മൂലയിലും 'കുശുകുശ' തന്നെ; കശപിശയും — പക്ഷെ വാഗ്ഭടനു് അനുകൂലികളുമുണ്ടു പിള്ളെ. നമ്മുടെ തങ്ങളുകുഞ്ഞു മൊല്ല അയച്ച പാട്ടുതന്നെ നോക്കു.

"ഹലാക്കിന്റെ കൊടി കുത്താൻ ദു
നിയാവിൽ വന്നു സാത്താൻ
ബലാലവൻ വലിഞ്ഞേറി പാമ്പു
പോലെ കൊത്താൻ
കസായത്തിന്നോലയൊന്നു് വൈ
ദ്യർ വന്നു കുറിച്ചപ്പോ
വിസായങ്ങഠം തുടങ്ങാതെ ഇബ്ലി
ലീസേപോ!"

പപ്പുപിള്ളയ്ക്കു് കള്ളി തിരിഞ്ഞുവോ? മൊല്ലായ്ക്കു് 'രൂപഭദ്രത'യുടെ കാൎയ്യം ഇച്ചിരി കഷ്ടിയാ. പാട്ടിലു് അല്ലസ്വല്ലം മിസ്റ്റിസിസവും

മിസ്റ്റേക്കും ഉണ്ട്. ചൈത്താൻ ലോകത്തിനെ കൊത്തി മുറിപ്പെടുത്താൻ വന്നിരിക്കുന്നു; ആ വിഷബാധയിറക്കാൻ കഷായവുമായി വന്നു വൈദ്യൻ. അപ്പോൾ അതുമിതും എഴുതുന്നിക്കൾ പറയുന്ന ' കണ്ണേരുപന്മാ'രേ കടന്നു പോവിൻ! എന്നാണു സാരം. എന്താ പററിയില്ലേ? പപ്പുപിള്ളച്ചേട്ടനെന്താണ് നീരസം?

*   *   *

പത്രാധിപന്മാരുടെ ശനി ദശയാണിതു്. വെറും ശനിയല്ല കണ്ടകശ്ശനി തന്നെ. ഒരു ദിനപ്പത്രത്തിന്റെ അധിപര് ഇപ്പോൾ ലാക്കിൽ 'ലീവെ'ടുത്തു പ്രസംഗിച്ചു നടക്കുകയാണ്. മറെറാരു വാരികയുടെ പത്രാധിപര് നാട്ടിൽ പരിവാരങ്ങളോടെ പൊടി പാററി വിലസുന്നു. ഇനിയും പല പത്രങ്ങളിൽ നിന്നും കിംവദന്തികൾ വന്നുകൊണ്ടേയിരിക്കുന്നു. പപ്പുപിള്ളേ വാഗ്ഭടൻ പത്രാധിപന്മാരുടെ ഭാഗത്താണ് കേട്ടോ!

"എന്തു പററി സാറേ, കാര്യം പറ"

"മാനേജ്മെണ്ടും പത്രാധിപന്മാരും ഒരു വടംവലി, പിള്ളെ"

"അതെന്തോന്നിനാ?"

"പോളിസിയിൽ മാനേജര്ക്ക് കൊറെ സ്വന്തക്കാരുണ്ടാവും. അവരുടെ കാര്യമൊക്കെ എഴുതണം"

"പത്രാധിപക്കും ഇല്ലേ സ്വന്തക്കാര്—അവരടെ കാര്യവും എഴുതണ്ടേ?

"ആ! യൂസി! അതുതന്നെ കൊഴപ്പം." കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോവിന്റെ ശതവാഷികാഘോഷവേളയിൽ മാനിഫെസ്റ്റോവിലെ അവസാനത്തിലെ ഒന്നുരണ്ടു വരികൾ വാഗ്ഭടൻ ഇങ്ങിനെ തിരുത്തുന്നു. "ലോകത്തിലെ പത്രാധിപ വർഗ്ഗമേ! സംഘടിക്കുവിൻ. നിങ്ങൾക്കു മാനേജർമാരുടെ സേവയല്ലാതെ മററൊന്നും നഷ്ടപ്പെടുവാനില്ല. കിട്ടുവാനോ, ധാരാളം ജോലികൾ വേറെയുണ്ട്".

പത്രമുതലാളിത്തം മൂർദ്ദാബാദ്!
പത്രാധിപവർഗ്ഗം സിന്താബാദ്!!
സർവ്വാപവാദങ്ങളും പത്രമുടമകൾക്ക്!
സർവ്വാധികാരങ്ങളും പത്രാധിപന്മാർക്ക്!!

*   *   *

"'മാതൃഭൂമി' പത്രത്തിന്റെ നുണകളറിവാൻ 'റഷ്യൻ പ്രശ്നം' വാങ്ങി വായിക്കുക"—പുസ്തകത്തിന്റെ പരസ്യം. കോൺസ്റ്റാൻറിൻ സിമണോവ് എന്ന ഒരു കേരളീയ സാഹിത്യകാരൻ മാതൃഭൂമി ദിനപ്പത്രത്തിന്റെ നുണകൾ കേട്ടു മടുത്തു ഒടുവിൽ 'റഷ്യൻ പ്രശ്നം' എന്നൊരു നാടകമെഴുതി. കെ. കെ. വാരിയർ എന്നൊരു റഷ്യാക്കാരൻ അതു തർജ്ജമ ചെയ്തു. അതാണ് 'ഹിൽമത്ത്'! ഈ കോൺസ്റ്റാൻറിൻ സിമനോവ് എന്ന പേര് 'കോൺമാട്ടിൽ ശാമുമേനോൻ' എന്നോ മറേറാ ഒരു മലയാളപ്പേരിന്റെ റഷ്യൻ രൂപവും, കെ. കെ. വാരിയർ എന്നതു്, 'കാഗ്നോവിച്ച് കസ്സട് സോവ്വാരിയോസ്കി' എന്ന റഷ്യൻ പേരിന്റെ മലയാള പരിഭാഷയുമാണ്, അല്ലേ?

*   *   *

ഊയിൻറമ്മോ! ബ്രിട്ടീഷ് പാർല്ലിമെൻറ് മെമ്പറ്, അതും ഒരു പെ

മ്പറന്നോര് – മിസിസ് ലീമാനിങ്ങ് സഭേന്നു് തൊടീങ്ങലോ വൈരം കൊട്ടക്കാൻ. [വടക്കൻ ഭാഷയിൽ 'വൈരം കൊട്ടക്കക' എന്നു വെച്ചാൽ കരയുകയെന്നാണർത്ഥം, തെക്കൻ പപ്പുപിള്ളയ്ക്കു വേണ്ടിയാണ് വിശദീകരണം] ആൺപിറന്നോററിങ്ങള് പൊയ്ത്തിനെപ്പററിയും പോരിനെപ്പററിയും പിറപിറക്കാതെ ! പെൺകിടാവിന്നു പിടിക്കില്ലേ അരിശം ?

" നേരിട്ട്വെട്ടി മരിച്ചതെങ്കിൽ
വിട്ടേയ്ക്കു തന്ന്യോരുകാര്യമാണ്
ഒളിവാള കൊണ്ടു മരിച്ചതെങ്കിൽ
ഇലചൂല ഞങ്ങറം കുളിക്കയില്ല
പച്ചോലെ കെട്ടി വലിപ്പിക്കേണ്ട്"

എന്നു് ആരോമുണ്ണിയെ അങ്കത്തിന്നു് അലങ്കരിപ്പിച്ചയച്ച ആച്ച്യെവിടെ? ഈ മദാമ്മയെവിടെ ?

* * *

അതും കൊണ്ടും കഴിഞ്ഞില്ല കുരുത്തക്കേട്. മിസസ് മാന്നിങ്ങ് പ്രചാരത്തിനു പുറപ്പെട്ടം പോൽ. നാട്ടകളിലൊക്കെ നടന്നു പ്രസംഗിക്കും; പെണ്ണുങ്ങറംക്കിടയിൽ പ്രചാരം നടത്തും. ഓ! ഈ മദാമ്മ, മലയാളത്തിലെ ഒരു ചെറുകഥാകാരി ച്ചേച്ചിയെപ്പോലെ മഹാ പൂരുഷവിദ്വേഷിണിയാണ്. ആണുങ്ങളൊക്കെ യുദ്ധത്തിനു വട്ടംക്രൂട്ടുന്നവരാണ്; അതിനെ ചെറുക്കാൻ പെണ്ണുങ്ങറംക്കേ കഴിയൂ ള്ളു. മദാമ്മയുടെ വാദം, പോരേ ?

അപ്പോറം ഇനിയത്തെ യുദ്ധം ആംഗ്ലോ–അമേരിക്കൻ മൂരാച്ചികളും സോവിയററു–കിഴക്കൻ യൂറോപ്യൻ പോക്കാച്ചികളും തമ്മിലല്ല; ആണുങ്ങളും പെണ്ണുങ്ങളും തമ്മിലാണ്. പപ്പുപിള്ളെ 'ഹോം ഫ്രണ്ടു്' നല്ല വണ്ണം കാത്തുകൊള്ളൂ. അപായങ്ങറം അധീകരിച്ചിരിക്കുന്നു. അടുക്കളയിൽ നിന്നും ആററം ബോംബു പൊട്ടിയേക്കും !

* * *

ഇതിൽ ഏതു ബ്ളോക്കിലാണ് പുരോഗമനസാഹിത്യകാരൻ ചേരേണ്ടതു് ?

"പു. സാ. ക്കാരൻ?" പപ്പുപിള്ളയുടെ കുസൃതി ചോദ്യം.

പൊൻകുന്നം വർക്കിയുടെ "വിത്തുകാളു"യും, പൊറെറക്കാട്ടിൻെറ "കള്ളപ്പശു"വും ഇതിൽ ഓരോ ചേരിയേയും പ്രതിനിധീകരിക്കുന്ന പ്രതിരൂപങ്ങളാണെന്നേ തൽക്കാലം വാഗ്ഭടനു പറയാനുള്ളൂ.

* * *

സാഹിത്യപരിഷൽസമ്മേളനത്തിൻെറ കാര്യം കുറെ അപകടത്തിലാണെന്നാണു കേറംവി. സ്വാഗതസംഘത്തിൽ ചിലക്കു വാലുണ്ടെന്നാണ് ആവലാതി. കുററ്യാടിയിൽ നിന്നും എഴിമലയിൽ നിന്നും കുറെ കുരങ്ങന്മാരോടിച്ചാടി വന്നു് സ്വാഗതസംഘത്തിൽ ചേന്നിരിക്കുമോ, ആവോ?

'ഒന്നുണ്ടു കേറംക്കണം പപ്പുപിള്ളെ
പൊന്നാരം പായുന്ന പപ്പുപിള്ളെ
വാലുള്ളോൻബാലേഷ്ണൻനായരോളി
ചാലാട്ടുകീയുമ്പൊ കാണാമോളി !
വാലില്ലാമൂപ്പരാ'ണാറോനു'ണ്ണി
വക്കാണക്കാരനാമാരോമുണ്ണി.
ചേകോനും നായരും പേരു മാറി
ചാലാട്ടെ കാര്യങ്ങളാകെ നാറി

(കേക)

വാലെഴും ബാലകൃഷ്ണൻനായരും
വാലില്ലാത്ത
വാനരങ്ങളും ക്രൂടി കണ്ണൂരിൽ
സമ്മേളിയ്ക്കെ,

നായർ സാർവ്വീസ് സൊസൈററിയു ടെ ദ്രോണാചാര്യൻ മന്നത്തു പത്മ നാഭപിള്ളയും, എസ്. എൻ. ഡി. പി. ജാംബവാൻ സി. വി. കുഞ്ഞു രാമനും ഓരോ 'ജാഥ'കഠം തെക്ക നിന്നു നയിച്ചുകൊണ്ടുവരുമെന്നു കിം വദന്തികഠം കേഠംക്കാനുണ്ട്; നേരോ?

*　　*　　*

"പപ്പുപിള്ളേ ! നിങ്ങഠംക്കെത്ര വയസ്സായി ? "

"ഹും, ഇപ്പോഠം എന്താ ചോദി ക്കാൻ കാര്യം ? വല്ല കല്യാണം ആ ലോചനയുമാണോ ?

"തനിക്കോ കല്യാണം ! മൂത്തു മുരടിച്ചിരിക്കുന്ന തനിക്കോ ? "

"അയ്യോ അങ്ങനെ പറയരുതേ– എന്നേക്കണ്ടാൽ ഒരു നാല്പതിൽ കൂ ടുതൽ ആരും പറകയില്ല.''

"ഞാൻ വെറുതേ ചോദിച്ചതല്ല പിള്ളേ. തനിക്ക് ഒരു അറുപതോ എഴുപതോ ആട്ടത്തെങ്കിൽ–എനിക്ക് അതുകൊണ്ട് ഒരു കാര്യം സാധിക്കാ നുണ്ടായിരുന്നു "

"എന്താ അതു്. ഞാൻ ചത്തിട്ട എൻെറ അവകാശം........"

"ഛെ- ഛെ- അതൊന്നുമല്ല. തൻെറ ഷഷ്ടിപൂത്തി ഒന്നു ഘോഷി ക്കണം. അതിന് ഒരു വലിയ പ്രവ ത്തകസമിതി ഉണ്ടാക്കണം. അദ്ധ്യ ക്ഷൻ ഞാൻ."

"ഓഹോ- ശരി : വള്ളത്തോഠം കമ്മിററിയിൽ ചാൻസു കിട്ടിയില്ല അല്ലേ? മനസ്സിലായി മനസ്സിലായി."

"അല്ല പിള്ളേ, ഞാൻ സാഹിത്യ ത്തിനു വേണ്ടി എന്തെല്ലാം ചെയ്തു. എന്നേക്കൂടെ ആ സമിതിയിൽ ഒന്നു ചേത്താൽ അവക്കെന്താ നഷ്ടം ! 'പ്രമുഖരായ മലയാളികള്'ടെ കൂട്ട ത്തിൽ നമുക്ക സ്ഥാനമില്ലപോലും! മുഴുവൻ ഒരൊററ സമുദായത്തിലെ അംഗങ്ങളാണ്. ഒരൊററ മുസ്ലീം ഇല്ല. ക്രിസ്ത്യൻ ഇല്ല. എന്തിനു കേര ളത്തിൽ ഉള്ള ഒരു കുഞ്ഞു പോലും ഇല്ലെന്നേ—"

"കഷ്ടം. പിന്നാരാണ് ഇതൊ ക്കെ നടത്തുന്നതു്? "

"നടക്കാനുള്ളതു നടന്നുകൊള്ളും. പേരെടുക്കാനല്ലേ നോക്കേണ്ടതു്."

"ശരി. എനിക്കൊരു 59 വയ സ്സായെന്നു വെച്ചോളൂ."

"എന്തിന് 60 എന്നു പറയൂ. നിങ്ങഠം സമുദായത്തിനുവേണ്ടി ചെ യ്തിട്ടുള്ള വൻകാര്യങ്ങഠം പ്രകീത്തിച്ച് കൊണ്ട് ഒരു തടിച്ച പുസ്തകം സമ പ്പിക്കും. ഒരു കേന്ദ്രസമിതി രൂപവൽ ക്കരിക്കും. ഞാൻ അതിൻെറ അദ്ധ്യ ക്ഷൻ. എൻെറ അനന്തിരവൻ ആ പച്ചുനില്ലേ– അവൻ കാര്യദർശി. വേറെ നമ്മുടെ സിൽബന്ധികഠം മൂന്നു നാലു പേർ അംഗങ്ങഠം– പ ക്ഷേ— വേണോ— ശരി. അയാഠം കൂടെ ഇരിക്കട്ടെ. അഴകൻ പിള്ള. അ യാഠം അകമേ നമ്മുടെ വിരോധിയാ ണെങ്കിലും, അയാളേക്കൂടെ പിടിച്ചി ട്ടെങ്കിലേ കാര്യം നടക്കു. ഇരിക്കട്ടെ. നമ്മെ ആരുതോല്പിക്കാനാണ്? പപ്പു പിള്ളയ്ക്കെന്താ ഒരു വൈക്ലബ്യം?"

"ഓ;ഒന്നുമില്ല (സങ്കോചത്തോടെ) നമുക്ക വേറൊരാളുടെ ഷഷ്ടിപൂത്തി ആഘോഷിക്കാം.എന്നേക്കൂടെ അതി ലെ ഒരു സിക്രട്ടറി ആക്കിയാൽമതി."

*　　*　　*

"കഷായം കുടിച്ചു പലക്കും വ യററിനൊരിളക്കം" പപ്പുപള്ളയുടെ റിപ്പോർട്ട്.

"അയാം റിയലി സോറി. ഡോ സ് കുറച്ചേയ്ക്കാം.'' വാഗ്ഭടൻെറ സാന്ത്വനം.

# വീഥീനിയമം *

വി. പി. എ. വി. പി.

1917-ലെ വിപ്ലവം കഴിഞ്ഞ ഉടനെ മദ്ധ്യവയസ്സോടടുത്തെങ്കിലും മദാലസയായ ഒരു നിതംബിനി, വലിയൊരു പച്ചക്കറിക്കൂട ബാഹുമൂലത്തിലിറുക്കിപ്പിടിച്ചുകൊണ്ടു്, ലെനിൻഗ്രാഡിലെ തിരക്കു നിറഞ്ഞ ഒരു തെരുവിന്റെ നടുവിൽക്കൂടി 'ഗജരാജവിരാജിതമന്ദഗതി' യായി അങ്ങിനെ ഉലാത്തുകയായിരുന്നു. വാഹനഗതാഗതത്തിന്നു കണക്കിലേറെ വിഷമതകളുണ്ടാക്കുന്നതിന്നു പുറമേ, സ്വജീവിതത്തിന്നു പോലും ആപത്തു ക്ഷണിച്ചു വരുത്തുകയായിരുന്നു അവർ. നടവഴിയാണു് കാൽനടക്കാർക്കുള്ളതെന്നും, നിരത്തു വാഹനഗതാഗതത്തിന്നുള്ളതെന്നും അവർക്കു പല തവണ ചൂണ്ടിക്കാണിച്ചു കൊടുക്കായ്കയല്ല. 'ഞാനെനിക്കു തോന്നിയേടത്തു നടക്കും, നമുക്കു സ്വാതന്ത്ര്യം കിട്ടിയില്ലേ ഇപ്പോൾ' എന്നാണത്രേ അവർ മറുപടി പറഞ്ഞതു്. ആ സഹോദരിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല, നടവഴി വിട്ടു നിരത്തിന്റെ നടുവിൽക്കൂടി നടക്കുവാൻ സ്വാതന്ത്ര്യം അവരെ അനുവദിച്ചുവെങ്കിൽ, അതേ സ്വാതന്ത്ര്യം കാർ ഡ്രൈവർക്കു നടവഴിയിൽക്കൂടി കാറോടിക്കുവാനും അധികാരം നൽകിയേക്കാമെന്നു്; അത്തരം സ്വാതന്ത്ര്യം എത്തിച്ചേരുന്നതു കുഴപ്പത്തിലാണെന്നു്; എല്ലാവരും എല്ലായിടത്തും എത്തിയേക്കാമെങ്കിലും ആരും എത്തേണ്ടിടത്തെത്തുകയില്ലെന്നു്; വ്യക്തിയുടെ സ്വാതന്ത്ര്യം സമുദായത്തിന്റെ അരാജകത്വമായിപ്പരിണമിക്കുമെന്നു്.

തെരുവിന്റെ നടുവിൽക്കൂടി നടന്നു് അനേകം കുഴപ്പങ്ങൾക്കു കാരണക്കാരിയായിത്തീൎന്ന പ്രസ്തുത സഹോദരിയെപ്പോലെ സ്വാതന്ത്ര്യ ലഹരിയാൽ തല തിരിഞ്ഞു പോയ നാം വഴി പിഴച്ചു പോകുന്നില്ലേ എന്നു ന്യായമായി ഭയപ്പെടേണ്ടിയിരിക്കുന്നു. അതുകൊണ്ടു് വീഥീനിയമമെന്തെന്നു് — സ്വാതന്ത്ര്യം താന്തോന്നിത്തമാകാതിരിക്കുന്നതു് എങ്ങനെയെന്നു് — വിശദീകരിക്കുന്നതു് അസ്ഥാനത്താവുകയില്ലല്ലോ.

ചുരുക്കിപ്പറഞ്ഞാൽ ഇതാണു് വീഥീനിയമം : എല്ലാവരുടേയും സ്വാതന്ത്ര്യം പാലിക്കാൻ വേണ്ടി, എല്ലാവരുടേയും സ്വാതന്ത്ര്യത്തിന്നു ചില വ്യവസ്ഥ വരുത്തുക, അതിർത്തിവരമ്പിടുക. താരാ ചൗധുരിയുടെ നൃത്തം കാണാൻ സെയ്ന്റ് മേരീസ് ഹാളിലേക്കു തിരക്കിട്ടു പോകുന്ന നിങ്ങളുടെ കാർ നിർത്താൻ, സെൻടൽ സ്റ്റേഷന്നു മുമ്പിലുള്ള ശൃംഗാടക (നാൽക്കൂട്ടപ്പെരുവഴി) ത്തിൽ നില്ക്കുന്ന പോലീസുകാരൻ കൈയ് കാട്ടുമ്പോൾ, അതു് അസ്വാതന്ത്ര്യത്തെയല്ല, സ്വാതന്ത്ര്യത്തെയാണു സൂചിപ്പി

---

* പ്രേരണ: എ. ജി. ഗാർഡിനറിൽ നിന്നു്.

ക്കുന്നതു്. നിങ്ങൾക്കങ്ങിനെ തോന്നുന്നില്ലായിരിക്കാം. ഏതോ തരുണീമണിയുടെ തരളങ്ങളായ കടാക്ഷ വീക്ഷണങ്ങൾ നിറം പിടിപ്പിച്ച ഭാവനയുമായി കുതിക്കുന്ന നിങ്ങളെ ആ വൃത്തികെട്ട തെരുവിൽ വെച്ചു ഒരു ചുവന്ന തൊപ്പിക്കാരൻ തടഞ്ഞു നിർത്തുന്നതു് നിങ്ങളുടെ സ്വാതന്ത്ര്യത്തിന്മേൽ കൈവെക്കലാണെന്നു നിങ്ങൾക്കു തോന്നിയേക്കാം. ലേശംകൂടി വിശാലമായ് വീക്ഷിക്കാൻ ശ്രമിച്ചാൽ നിങ്ങൾക്കു തന്നെ മനസ്സിലാക്കാൻ കഴിയും, നിങ്ങളുടെ സ്വാതന്ത്ര്യഭംഗം ചെയ്യുകയാണ്, അതുപോലെ എല്ലാവരുടേയും സ്വാതന്ത്ര്യഭംഗം ചെയ്യുന്നുണ്ടെന്നും, അങ്ങിനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങൾക്കൊരിക്കലും ആ നാൽക്കൂട്ടപ്പെരുവഴി കടന്നു പോകാൻ കഴിയില്ലെന്നും. സ്വാതന്ത്ര്യം ഒരു യാഥാർത്ഥ്യമായി അനുഭവപ്പെടാൻ വേണ്ടി—വാസ്തവത്തിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നതിന്നു വേണ്ടി-നിങ്ങൾ തന്നെ നിങ്ങളുടെ സ്വാതന്ത്ര്യത്തിന്മേൽ യഥോചിതം ഇടപെടുവാൻ അധികൃതന്മാരെ അനുവദിക്കുകയാണ്. നാൽക്കൂട്ടപ്പെരുവഴിയിൽ നിന്നു് ഒരിക്കലും കടന്നുപോകാൻ കഴിയാത്ത തരത്തിലുള്ള സ്വാതന്ത്ര്യമല്ലല്ലോ നിങ്ങൾക്കു വേണ്ടതു്.

അപ്പോൾ, വ്യക്തിപരമായ ഒരു സംഗതിയല്ല, സാമൂഹ്യമായ ഒരു വ്യവസ്ഥയാണ് സ്വാതന്ത്ര്യം. എല്ലാവരുടേയും താല്പര്യങ്ങളെ, തട്ടു മുട്ടു കൂടാതെ, കൂട്ടിയിണക്കുവാനുള്ള ഒരു വ്യവസ്ഥ. അന്യരുടെ സ്വാതന്ത്ര്യവുമായി ഏററ മുട്ടാത്ത വിഷയങ്ങളിൽ നിങ്ങൾക്കു് എങ്ങിനെ വേണമെങ്കിലും പ്രവർത്തിക്കാം. ഒരു ഡബ്ബ്ൾ ധോത്തി ചുററി, ഷർട്ടിടാതെ, ഈവിനിങ്ങ് ഹാററും അമ്മൂണിഷൻ ബൂട്സും ധരിച്ചുകൊണ്ടാണ് നിങ്ങൾ മൗണ്ട്റോഡിൽക്കൂടി നടക്കാൻ ഭാവം. ആര് അരുതെന്നു് പറയാനാ? നിങ്ങളുടെ നേരെ നോക്കി ചിരിക്കാനെനിക്കു് സ്വാതന്ത്ര്യമുണ്ടു്; അതു് കണ്ടില്ലെന്നു നടിക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കും; അത്ര തന്നെ. ഞാനിന്നു് തൈരും പഞ്ചസാരയും ചേർത്താണ് ഉണ്ണാൻ വിചാരിക്കുന്നതു്; നിങ്ങളുടെ സമ്മതം വേണോ? തീർച്ചയായും വേണ്ട. ഇന്നു് ഈശ്വരനുണ്ടെന്നും, ആളെ അനേകം ഈശ്വരന്മാരുണ്ടെന്നും, മററന്നാൾ ഈശ്വരനേ ഇല്ലെന്നും, നാലാന്നാൾ ഞാൻ നബിയിലാണ് വിശ്വസിക്കുന്നതെന്നും പ്രഖ്യാപിച്ചാൽ ആക്കുമേതും ചേതമില്ല. എനിക്കു ഖുർഷീദിനേയോ നൂർജ്ജഹാനേയോ അധികം ഇഷ്ടമെന്നു് നിങ്ങളുടെ അഭിപ്രായമനുസരിച്ചു് നിർണ്ണയിക്കേണ്ടതല്ല. ഇങ്ങിനെ ആയിരമായിരം കാര്യങ്ങളുണ്ടു്, മററാരുടേയും സ്വാതന്ത്ര്യവുമായ് ഇടപെടാതെ, നമുക്കു് യഥേഷ്ടം ചെയ്യാവുന്നതായിട്ടു്. അതാ, ഒരു വലിയ സ്വാതന്ത്ര്യ സാമ്രാജ്യത്തിന്റെ മനോഹരമായ മലക്കാവ്, നമ്മുടെ മുന്നിൽ, മലക്കെ തുറന്നിട്ടിരിക്കുന്നു. നമുക്കു് സ്വയംഭരണ സ്വാതന്ത്ര്യമുണ്ടവിടെ; എന്തു വേണമെങ്കിലും ചെയ്യുവാനും എങ്ങനെ വേണമെങ്കിലും നടക്കുവാനും, നന്നാകുവാനും ചീത്തയാകുവാനും, ഉല്പതിഷ്ണുവാകാനും യാഥാസ്ഥിതികനാകാനും, പുരോഗമനസാഹിത്യമോ ശുദ്ധസാഹിത്യമോ ആസ്വദിക്കാനും, സ്ട്രൈക്ക് ചെയ്യാനും, ചെയ്യാതിരിക്കാനും, കമ്മ്യൂണിസ്റ്റോ സോഷ്യലിസ്റ്റോ മറേറതെങ്കിലും 'ഇസ്റ്റോ' ആ

കാനും എല്ലാമുള്ള സ്വാതന്ത്ര്യമുണ്ട വിടെ.

എന്നാൽ ആ സമ്മോഹന സാമ്രാജ്യത്തിൻെറ പുറത്തു കടന്നാൽ,വളരെ കരുതിക്കൊണ്ടു വേണം പെരുമാറാൻ. വ്യക്തിസ്വാതന്ത്ര്യവും സമഷ്ടിസ്വാതന്ത്ര്യവും തമ്മിൽ കൂട്ടി മുട്ടരുതല്ലോ. അർദ്ധരാത്രി സമയത്ത് എനിക്കു ചെണ്ടകൊട്ട് പരിശീലിക്കണം, അല്ലെങ്കിൽ കുറച്ചു പിയാനോ വായിക്കണമെന്നു തോന്നുകയാണ്. ആകാമല്ലോ. പക്ഷെ, റോയപുരത്തുള്ള വീട്ടിൽ വെച്ചു വേണ്ടാ, വല്ല മൈതാനത്തോ കടൽക്കരയിലോ ചെന്നിട്ടു വേണമെന്ന് മാത്രം. ആളുകൾ തിങ്ങിപ്പാർക്കുന്ന തെരുവുകളിൽ വെച്ച് അകാലികമായ കലാപരിശീലനം തുടങ്ങിയാൽ നല്ല പന്തിയാവില്ലല്ലോ. ചെണ്ടകൊട്ടു പരിശീലിക്കാൻ എനിക്കു സ്വാതന്ത്ര്യമുണ്ടെങ്കിൽ എന്നെ 'ചെണ്ടകൊട്ടിക്കാൻ' എൻെറ അയൽ വാസികൾക്കും സ്വാതന്ത്ര്യ മുണ്ടെന്നത് ഞാൻ മറക്കരുത്. എൻെറ കലാപരിശീലനവും പൊതുജനങ്ങളുടെ വിശ്രമവും തമ്മിൽ ഒരു സംഘട്ടനമുണ്ടാകരുത്.

നാം പലപ്പോഴും മറന്നു പോകുന്ന ഒരു വിഷയമാണിത്. വ്യക്തിയുടെ സ്വാതന്ത്ര്യത്തിന്മേൽ സമുദായം കുതിര കയറുന്നതല്ലാതെ, സമുദായത്തിൻെറ സമാധാനപരമായ ജീവിതത്തിൽ വ്യക്തി സ്വാതന്ത്ര്യം കല്ലെറിയുന്നതു കാണാൻ നാം ശ്രമിക്കാറില്ല. പലപ്പോഴും കല്പിച്ചുകൂട്ടിയല്ല; വാസ്തവം ഗ്രഹിക്കാൻ ബുദ്ധിയെ ക്ലേശിപ്പിക്കാഞ്ഞിട്ട്. സ്വന്തം ന്യൂനതകൾ അപഗ്രഥിച്ചറിയുവാനുള്ള ഒരു ആത്മാർത്ഥമായ പരിശ്രമം, അതുകൊണ്ട്, അത്യാവശ്യമാണ്.

കപ്പയിലും കൂടി വിളവുണ്ടാക്കുന്ന കുംഭമാസത്തിലെ ഒരു മഴ കഴിഞ്ഞ്, പ്രവൃദ്ധവീരനായി പ്രകാശിക്കുന്ന മദ്ധ്യാഹ്നസൂര്യൻെറ തപ്തകിരണങ്ങൾ, ഒരു കുട പോലുമില്ലാതെ ഏററുകൊണ്ട് പത്തു നാഴിക വഴി നടന്ന്, പട്ടാമ്പി സ്റ്റേഷനിൽ ചെന്നു ഞാൻ കോഴിക്കോട്ടേക്കുള്ള വണ്ടിയിൽ അല്പം ഒഴിവുള്ള ഒരു മൂലയിൽച്ചെന്നിരുന്ന് തെല്ലു വിശ്രമിക്കുകയായിരുന്നു. സഹയാത്രക്കാരിൽപ്പലരും അസഹനീയമായ ചൂടു നിമിത്തം അങ്ങിനെ ഇരുന്ന് മയങ്ങുകയാണ്. വണ്ടി ഇളകിയപ്പോൾ, വിയപ്പിൽ മുങ്ങിയ കുപ്പായത്തിന്മേൽ തട്ടി ചൂട് വിട്ട് ഒരു നേരിയ കുളിർ തോന്നിക്കുന്ന ഇളങ്കാററ് എനിക്കൊരു രസം പിടിപ്പിച്ചു. കാലുകൾ മെല്ലെ എതിർ സീററിൽ വശ്രമിപ്പിച്ച് ഞാനൊന്നു ചാരിക്കിടന്നു. കൈയ്യിലുണ്ടായിരുന്ന സഞ്ചി തുറന്ന്, ബഷീറിൻെറ 'ശബ്ദങ്ങൾ' എടുത്തു വായിക്കാൻ തുടങ്ങി. ഒക്കുമെങ്കിൽ കോഴിക്കോട്ടെത്തുമ്പോഴേക്ക് വായിച്ചു തീർത്ത് ഒരു വിമർശമെഴുതി വല്ല പത്രത്തിനും കൊടുത്താൽ, തിരികെ പോകാൻ വണ്ടിക്കൂലിക്കുള്ള കാശ്ശ് കിട്ടുമോ എന്നൊന്നു പരീക്ഷിക്കണമെന്നും ഉണ്ടായിരുന്നു. കാശിക്കു പോകുന്ന രണ്ടാം കൂടി തോത്തു മുണ്ട് വീശിയാൽ നിത്തുന്ന ജാതി വണ്ടിയല്ലേ? ഏതോ ഒരു ഓണം കേറാ മൂലയിൽ ചെന്നു നിന്നു. അര ഡസൻ മത്തിക്കൊട്ടക്കാർ, മൂന്നോ നാലോ വെററിലക്കെട്ടുകാർ, എലിമെണ്ടറി സ്കൂൾ അധ്യാപകന്മാരെന്ന് മുഖത്തു നോക്കി വായിക്കാവുന്ന രണ്ടു വൃദ്ധയുവാക്കൾ, രണ്ടു ഖദറ ജിബ്ബക്കാർ ഇത്രയും പേരെ പുതുതായി എൻെറ മുറിയിലേക്ക് ആ നാടൻ സ്റ്റേഷൻ മാ

സ്സർ സംഭാവന ചെയ്തു. വണ്ടി ഇള കിയാൽ ഈ ബഹളമൊന്നു ശമിക്കു മെന്നുകരുതി ഞാൻ പുസ്തകംനിവർത്തി മടിയിൽ വെച്ചു് നവാഗതന്മാരുടെ നേരെ കുശലം ചോദിക്കുന്ന മട്ടിൽ നോക്കിക്കൊണ്ടിരിക്കയായിരുന്നു. വണ്ടി ഇളകി. ഒടുവിൽ പറഞ്ഞ ജി ബ്ബ്രക്കാർ, വേറെ ധാരാളം സ്ഥലമു ണ്ടെങ്കിലും ഞാൻ കാൽ വെച്ചേടത്തു വന്നു് നിന്നു്, ഒന്നങ്ങിനെ പരുങ്ങി ഒരു 'സലജ്ജജാഹം' അഭിനയിച്ചു് എന്നെക്കൊണ്ടു് കാലെടുപ്പിച്ചു് അ വിടെ ഇരുന്നു. പോട്ടെ, ഇനിയെങ്കി ലും വായന തുടരാമല്ലോ എന്നു വെ ച്ചു് ഞാൻ പുസ്തകത്തിലേക്കു കണ്ണോ ടിക്കാൻ തുടങ്ങിയപ്പോഴേക്കും, നമ്മു ടെ ജിബ്ബ്രക്കാർ, വണ്ടികയറുന്ന കോ ലാഹലത്തിൽ ബ്രെയ്ക്കിടുവാൻ നി ര്‍ബ്ബന്ധിതരായെന്നൂഹിക്കപ്പെടേണ്ട ഒരു വാദപ്രതിവാദം തുടങ്ങി. ഐ ക്യ കേരളമാണു് വിഷയം. എന്തി ക്കും നിങ്ങൾക്കും അറിയാമല്ലോ എ ന്തൊക്കെയായിരിക്കും അവർ പറയു ക എന്നു്. പറയട്ടെ, ഭഗവാനേ, പ റയട്ടേ. പക്ഷെ, വണ്ടിയിൽ മററു ള്ളവർക്കെല്ലാം ഇവരുടെ പ്രസംഗം കേൾക്കുന്നതിനേക്കാൾ പ്രധാനമാ യിട്ടൊന്നും ചെയ്യാനില്ലെന്നു കരുതു ന്നതു കഷ്ടമല്ലേ? താംബൂലരസം വായിൽ നിറച്ചു്, പരുക്കൻ ശബ്ദ ത്തിൽ പ്രവഹിച്ചിരുന്ന അവരുടെ രാജ്യതന്ത്രപാണ്ഡിത്യം എനിക്കു 'ജ്ഞാനസ്നാനം' നല്കി. ആ പ്രസംഗ ത്തിൻെറ ശബ്ദം അല്പം കുറച്ചാൽ എനിക്കെൻെറ 'ശബ്ദങ്ങൾ' വായി ക്കാമെന്നു് ഞാനൊന്നു സൂചിപ്പിച്ച പ്പോൾ വളരെ സഭ്യമല്ലാത്ത ഒരു മ റുപടിയാണെനിക്കു കിട്ടിയതു്. പൗ രബോധമില്ലായ്മയുടെ പരമകാഷ്ഠ, അല്ലാതെന്തു പറയട്ടെ.

അന്യരുടെ അവകാശങ്ങളും അഭി മതങ്ങളും ഏറക്കുറെ അറിഞ്ഞാദരി ക്കുക; അതാണു് സമാധാനപരമായ സാമൂഹ്യ ജീവിതത്തിൻെറ അടി സ്ഥാനം. ഇതറിഞ്ഞു പെരുമാറു വാൻ എല്ലാവർക്കും സന്മനസ്സുണ്ടാ യാൽ നമ്മെ ഇന്നഭിമുഖീകരിക്കുന്ന പല വിഷമപ്രശ്നങ്ങളും എളുപ്പ ത്തിൽ പരിഹരിക്കാം. വണ്ടിയാത്ര ക്കിടയിൽ സധാരണ കാണുന്ന ചി ല സംഭവങ്ങൾ ഈ അവസരത്തിൽ ഓർമ്മ വരുന്നു. മംഗലാപുരത്തുനിന്നു് സമാധാനപരമായി യാത്രയാരംഭി ച്ചു്, ഓരോ സ്റ്റേഷനിൽ വെച്ചും ഉ ണ്ടാകുന്ന സമരങ്ങളുടേയും സന്ധി കളുടേയും ഫലമായി കവിഞ്ഞൊഴു കുന്ന ജനപ്രവാഹത്തോടു കൂടി ആ സന്നപ്രസവയായ വധുവിനെപ്പോ ലെ തീവ്രയാതനകളനുഭവിച്ചു കൊ ണ്ടു മാംഗളോർ മെയിൽ ഒലവക്കോട്ടു വന്നു നിൽക്കുന്നു. നിർഭാഗ്യവാ നായ ഒരു സാധു യാത്രക്കാരനു് അവിടെ ഇറങ്ങണം. സീററിൽ സ്ഥ ലമില്ലാതെ വാതിൽ ചാരി ഇരിക്കു ന്ന സഹയാത്രക്കരോടു് നല്ല വാ ക്കു് പറഞ്ഞു വാതിലൊന്നു തുറ ക്കാൻ ഭാവിച്ചതേയുള്ളു, ആ നീണ്ട പ്ലാററ്ഫോമിൽ അണിയണിയായി നിന്നിരുന്ന സുഹൃത്തുക്കളെല്ലാം തുറ ന്നു കണ്ട വാതിലിലൂടെ തള്ളിക്കയറു കയായി. വാതിലിന്നടുത്തു തിരക്കു വ ർദ്ധിച്ചപ്പോൾ കെട്ടും ഭാണ്ഡവും പെട്ടികളും ജനലിൽക്കൂടി ഉള്ളിലേ ക്കു തള്ളുകയായി, ഉള്ളിലൊതുങ്ങാ തെ പുറത്തേക്കൊഴുകുകയായി, ചോ ദ്യമായി, ഉത്തരമായി, ഉന്തായി, ത ള്ളായി, പോരേ ബഹളം! തരക്കി ല്ലാത്ത മുറികൾ നോക്കി സാവധാന ത്തിൽ കയറിക്കൂടാൻ സമയവുമു ണ്ടു്; താരതമ്യേന ഒഴിവുള്ള മുറികൾ

മിക്കവാറും ഉണ്ടായിരിക്കുമെന്നതു ഒരു വാസ്തവമാണ്. പക്ഷെ, ഒരു വാതിൽ തുറന്നു കണ്ടാൽ അതിലേയങ്ങു കടക്കാൻ എല്ലാവക്കും ഒരു വാസന, അത്രമാത്രം. പലരും 'കടക്കേണ്ട വാതിലി'ലൂടെയല്ല പലപ്പോഴും കടക്കാറുള്ളത്. ഏതായാലും പത്തുപതിനഞ്ചു മിനിട്ടു നേരത്തെ വാദപ്രതിവാദങ്ങളുടെയും മദ്ധ്യസ്ഥസംസാരത്തിൻെറയും ഫലമായി ആളുകൾ മിക്കവാറും കേറിക്കൂടി, വണ്ടി പുറപ്പെടുന്നു. ഇക്കണ്ട സമരമെല്ലാം കഴിഞ്ഞ സ്ഥിതിക്കു് ഈ രണ്ടു കൂട്ടരും ഒത്തു ചേൎന്നുള്ള വണ്ടിയാത്ര ശുഭപ്രദമാവുകയില്ല, മദിരാശി എത്തുന്നതിലിടയ്ക്കു ചില കുത്തും കൊലയുമെല്ലാം നടക്കും എന്നൊക്കെയല്ലേ ശുദ്ധഗതിക്കാരനായ നിങ്ങളാലോചിക്കുന്നതു്? ഒന്നും ആലോചിക്കാനില്ല. വണ്ടി നീങ്ങിക്കഴിഞ്ഞാൽ മതി, അകത്തും പുറത്തും നിന്നു യുദ്ധം ചെയ്തിരുന്ന ബദ്ധവൈരികൾ പരസ്പരം ബീഡിയും സിഗററും മുറുക്കാനും കൈമാറുകയായി. ഒററക്കായ്യം മാത്രം; പുതുതായി സൃഷ്ടിച്ച ഐക്യമുന്നണിയോടുകൂടി, ഇതേ രംഗം അടുത്ത സ്റ്റേഷനിലും അഭിനയിക്കും. അപ്പോൾ, കൂട്ടരേ, ഈ മഹാഭാരതയുദ്ധത്തിനൊന്നും പോകാതെ, ഒഴിവുള്ളേടത്തു നോക്കി കയറാനും കയറുന്നേടത്തു് ഒഴിവുണ്ടാക്കാനും പുറത്തും അകത്തുമുള്ള യാത്രക്കാർ ലേശമൊന്നു മനസ്സിരുത്തിയാലെന്തേ? ഈ വക സംഗതികളാലോചിക്കുമ്പോഴാണ്, ഒത്തൊരുമിച്ചു കഴിഞ്ഞുകൂടുവാൻ നമുക്കുള്ള വൈമനസ്യത്തെപ്പററി ഓക്കുമ്പോഴാണ്, പണ്ടു ശങ്കുവാശാൻ പറഞ്ഞതു പോലെ, 'എക്കു് എങ്ങുമില്ലാത്ത തുന്തിരി ഒക്കെ വരുന്നതു്'

---

"ഞാൻ തത്വജ്ഞാനിയല്ല; ശാസ്ത്രജ്ഞനല്ല; പുണ്യാത്മാവുമല്ല. ഞാൻ ഒരു ദരിദ്രൻ, ദരിദ്രന്മാരെ സ്നേഹിക്കുന്നവൻ."

സ്വാമി വിവേകാനന്ദൻ.

*　　*　　*

"ജീവിതത്തിൽ വിജയം ഉണ്ടാകാൻ ആരുടെ ഉപദേശമാണു കേൾക്കേണ്ടതു്?"

"പരാജയം അടഞ്ഞിട്ടുള്ളവരോടു ചോദിക്കുക. വിജയികൾക്കു നിങ്ങളോടു സംസാരിച്ചുകൊണ്ടിരിക്കാൻ സമയമുണ്ടാവില്ല."

*　　*　　*

"പുകയില ഉപയോഗിക്കയില്ല എന്നു ഞാൻ വാക്കു കൊടുത്തിട്ടാണ് അവൾ എന്നെ വിവാഹം കഴിച്ചതു്"

"എന്നിട്ട്?"

"ഹാ. ഇപ്പോൾ ചുരുട്ടു പിടിച്ചില്ലെങ്കിൽ അവൾക്കു സുഖമില്ല."

# സ്ക്കൂളിലേക്ക്

ആലുവാ രാഘവൻ പിള്ള

തങ്കച്ചാറേറവം തളിച്ചു തനിച്ചു നീ
തങ്കമേ! യീ വഴി പോയിടുമ്പോൾ
എൻ കരളെന്തിനായ് കോരിത്തരിക്കണം
മംഗലപ്പൊൽക്കളിർ ചിന്തകളാൽ?
നിശ്ശൂന്യമാകു മി പ്പാത്രത്തിലെന്തിനീ
വിസ്മയപ്രേമത്തിൽ വീഞ്ഞു വീഴ്ത്തി!
ഞാനറിഞ്ഞീടാതെ, നീയറിഞ്ഞീടാതെ
നാണം പൊതിഞ്ഞൊരാനന്ദമെത്തി!

സ്ഫാടിക കോമളപ്പൂങ്കവിൾത്തട്ടിലും
പാവാടത്തുമ്പിലും പാദത്തിലും
നീ പോകു മീ വഴിത്താരയിലുമിന്ദ്ര—
ചാപത്തിൻ ചാപല്യം ചാഞ്ചാടുന്നു.

ഏകയായെന്നെപ്പിരിഞ്ഞങ്ങുപോകുന്നെൻ
രാഗത്തിൻ കിങ്കിണിക്കൊഞ്ചലേ നീ?

വെള്ളിനിലാവല്ലാ പുല്ലാങ്കുഴലല്ലെ—
ന്നുള്ളലിയിക്കുന്ന ഗാനമല്ലാ
ചെമ്പനീർപ്പൂവിൽ പരിമളമല്ലല്ലാ
സമ്പത്തിൻ നഗ്നസൌഭാഗ്യമല്ലാ.
കേവലപ്രേമത്തിൻ കേദാരമേ നിന—
ക്കൗപമ്യമെന്തു ഞാൻ ചൊല്ലിടേണ്ടൂ?

വിദ്യുല്ലതാംഗീ! നീ വിദ്യാലയത്തിൽ ചെ—
ന്നെത്തുവാനിന്നേറെ നേരമായി
നീ വന്നാൽ നോവുമെന്നാനന്ദം മാറുന്നു.
നീ പോയാലാരമ്യാതങ്കമായി!

'സൊള്ളി' നിന്നീടുകി,ലാരാനും കാണുകിൽ
കൊള്ളിവാക്കെത്ര വന്നെത്തുകില്ല!
വിട്ടുപിരിയാൻ വിഷമം, പിരിയാഞ്ഞാൽ
കഷ്ടം! കനകം ഞാനെന്തുചെയ്യും?
അല്പം നടന്നും, തിരിഞ്ഞുനിന്നു,മൊരു
സ്വപ്നംപോൽ മന്ദം നീ മാഞ്ഞിടുമ്പോൾ
അന്തിമയക്കിന്നനുജത്തിയായി നീ
വന്നെത്തുമെന്നോർത്തു കാത്തിരിക്കാം.

# ശ്രീ. പുളിമാന

## ഒരു സുഹൃത്തിന്റെ സ്മരണകൾ

എസ്. ഗുപ്തൻ നായർ.

" ഏതു പുളിമാന പരമേശ്വരൻ പിള്ള? അന്നു നിങ്ങളോടൊന്നിച്ച് ആർട്ട്സ് കോളേജിൽ ആ നാടകത്തിലഭിനയിച്ച ആളാണോ?"

" അതെ, ആ ആൾ തന്നെ."

" അദ്ദേഹം കഥകളുമെഴുതുമായിരുന്നു അല്ലേ ?"

" എഴുതുമായിരുന്നു."

" കഷ്ടം! ഭംഗിയായിട്ട് അഭിനയിച്ചു അന്നു്. ഒരു ക്ഷയരോഗിയുടെ ഭാഗമായിരുന്നില്ലേ, അന്നു് അഭിനയിച്ചതു്. നന്നായിരുന്നു."

അതു ശ്രീ. പുളിമാനയുടെ ചരമത്തെപ്പററി പത്രങ്ങളിൽ നിന്നും ഗ്രഹിച്ച ഒരു സ്നേഹിതനുമായുണ്ടായ സംഭാഷണത്തിൽ നിന്നാണ്. വലിയ സാഹിത്യരസികനൊന്നുമല്ലാത്ത ആ സ്നേഹിതന്റെ അനുശോചന പ്രകടനം 'നടനാ'യ പുളിമാനയുടെ ചരമത്തിലായിരുന്നു.

അതെ, പുളിമാന പരമേശ്വരൻ പിള്ള നടനായിരുന്നു. ഒന്നാം തരം നടനായിരുന്നു. പക്ഷേ അദ്ദേഹം മററെന്തെല്ലാമായിരുന്നു ! ഗായകനായിരുന്നു, കവിയായിരുന്നു, ഗാനകൃത്തായിരുന്നു. ചുരുക്കത്തിൽ എന്റെ സുഹൃത്തു് നൂറു ശതമാനവും കലാകാരനായിരുന്നു ; സൗന്ദര്യോപാസനയിൽ തളച്ചയറിയാത്ത ഒരാത്മാവായിരുന്നു. സാഹിത്യകാരനായ പുളിമാനയെ നിങ്ങൾക്കെല്ലാം അറിയാം. പക്ഷേ ഗായകനായ, നടനായ പുളിമാനയെ ഞങ്ങളിൽ ചിലരേ അറിഞ്ഞിരുന്നുള്ളു. എന്തെല്ലാം സ്മരണകളാണു് അദ്ദേഹത്തിന്റെ സ്നേഹിതന്മാർക്കു പുളിമാനയുടെ ആ അത്ഭുതസിദ്ധികളെപ്പററി ഉള്ളതു്.

അന്നൊരിക്കൽ ചവറയിൽ 'നിലാവും നിഴലും' അഭിനയിക്കുകയായിരുന്നു. നാട്ടുകാരനായ പുളിമാന, കല്യാണവീട്ടിൽ കരനാഥനെന്നപോലെ കൊണ്ടുപിടിച്ചു് ഉത്സാഹിക്കുകയാണു്. സന്ധ്യയായപ്പോൾ നാടകം നടക്കുന്ന കാര്യം ഒന്നു കേളികൊട്ടി അറിയിക്കണമെന്നു് അവർ തീരുമാനിച്ചു. ഉടൻതന്നെ രണ്ടു ചെണ്ടകൾ കൊണ്ടുവന്നു. പുളിമാനയും ഒരു സുഹൃത്തും കൂടി ചെണ്ട കൈയ്യിലെടുത്തു കൊട്ടിത്തുടങ്ങി. ചെണ്ട കൊട്ടിന്റെ ഉത്സാഹത്തിൽ അദ്ദേഹം നാടകക്കാര്യം പോലും മറന്നിരിക്കണം. താളങ്ങൾ മാററിയും, കാലം ദ്രുതമാക്കിയും അങ്ങനെ കൊട്ടുകയാണു്. കൂട്ടുകാരൻ തന്നോടൊപ്പം ഫലിപ്പിക്കുന്നോ എന്നു നോക്കിക്കൊണ്ടു് ഇടയ്ക്കിടെ ആ കള്ളച്ചിരിയും. ചെണ്ട കൊട്ടി എന്നു പറയുമ്പോൾ 'കണ്ടം തുണ്ടം' കുറെ കൊട്ടിയെന്നു നിങ്ങൾ ധരിച്ചുകളയരുതു്. താളം തെററാതെ, കേൾക്കാൻ സുഖ

മുള്ള മട്ടിൽ കൊട്ടി എന്നാണെ വരി ക്കേണ്ടതു്. ഒരു തീപ്പെട്ടിക്കൂടാണെ ങ്കിൽ അതു് അദ്ദേഹത്തിനു് ഒന്നാം തരം മൃദംഗമായി. തീപ്പെട്ടിയില്ലെ ങ്കിൽ താനിരിക്കുന്ന തടിക്കട്ടിൽ മതി, തകൎത്തുവച്ചു് ഒരു പാട്ടുകച്ചേരി നട ത്താൻ.

ഞങ്ങൾ കൂട്ടുകാരായതു് ഗവ ൎമ്മെൻറു ഹോസ്റ്റലിൽ താമസിക്കു മ്പോഴാണ്. അവധി ദിവസങ്ങൾ വന്നാൽ ബോറടിക്കാൻ ഇഷ്ടപ്പെടു ന്ന വിദ്യാൎത്ഥികൾ തിക്കിക്കൂടുന്ന ചി ല മുറികളുണ്ടല്ലോ എല്ലാ ഹോസ്റ്റലു കളിലും—അത്തരത്തിലൊന്നായിരുന്നു ശ്രീ. പുളിമാനയുടെ മുറി. കാപ്പി കഴിഞ്ഞാൽ അത്താഴം വരെ കൂട്ടുകാ രെ വെടി പറഞ്ഞു രസിപ്പിക്കാനുള്ള വക പുളിമാനയുടെ കൈയ്യിലുണ്ടു്. നേരമ്പോക്കുള്ള കഥകൾ, തമിഴ്നാ ടകങ്ങളുടെ അനുകരണങ്ങൾ, പാട്ടു കച്ചേരികൾ, ചങ്ങാതികളെപ്പററി ചില കഥകളിപ്പദങ്ങൾ ഇങ്ങനെ പലതും അവിടെ നടക്കും. എല്ലാററി ൻേറയും പ്രധാന നടൻ പുളിമാന തന്നെ.

പുളിമാന രാഗങ്ങൾ ആലപിക്കു മ്പോൾ സ്തബ്ധരായി നിന്നുപോകാറു ണ്ടു് ഞങ്ങൾ. ഒരു ഭാഗവതരുടെ അടുക്കലും ശിഷ്യപ്പെട്ടു പഠിച്ചിട്ടി ല്ലാത്ത ആ മനുഷ്യൻ, സുഖമായ ശാ രീരത്തിൽ, അത്ഭുതാവഹമായ നവീ നതയോടെ രാഗങ്ങൾ വിസ്തരിക്കും; അപൂൎവ്വരാഗങ്ങൾപോലും വിസ്തരി ക്കും. 'രവിചന്ദ്രിക'യിൽ തൻെറ മുദ്ര യോടുകൂടി നിൎമ്മിച്ച ഒരു കീൎത്തനം ഞങ്ങളെ പാടിക്കേൾപ്പിച്ചതു ഞാൻ ഇപ്പോഴും വ്യക്തമായോൎമ്മിക്കുന്നു. ആദ്യകാലങ്ങളിൽ പുളിമാനയ്ക്കു് ഹി ന്ദുസ്ഥാനിപ്പാട്ടിനോടു കുറച്ചു കയ്പാ യിരുന്നു. അതിൽ അത്ര പരിശീലനവു മില്ലായിരുന്നു. പക്ഷേ എൽ. എൽ. ബി.യ്ക്കു പഠിക്കാൻ ബോംബെയിൽ പോയി തിരി വന്നപ്പോൾ 'വാററൻ' (അതാണു കൂട്ടുകാരദ്ദേഹത്തെ വിളി ച്ചിരുന്ന പേരു്) ഹിന്ദുസ്ഥാനിപ്പാ ട്ടിലും ഒരു മിടുക്കനായിട്ടാണു വന്ന തു്. സെയ്ഗാളിനെയും പങ്കജ്മല്ലി ക്കിനേയും അതേ ശാരീരഭംഗിയിൽ അനുകരിക്കാൻ അദ്ദേഹത്തിനു കഴി യുമായിരുന്നു.

പുളിമാ നയുടെ കോളേജ് ജീവിത ത്തിൽ സുവ്യക്തമായ രണ്ടു ഘട്ടങ്ങൾ ഉണ്ടായിരുന്നു. ഒന്നു്, വീട്ടിൽനിന്നു് അത്യാവശ്യത്തിനു മാത്രം കിട്ടുന്ന രൂ പാ വല്ലവക്കും കൊടുത്തും വല്ലപാടും തീൎത്തും അലയുന്ന ഒരു ഘട്ടം. അന്നു് അദ്ദേഹത്തിനു് കൂട്ടുകാരുടെ പണം തൻെറ പണമാണു്; കൂട്ടുകാരുടെ സാധനങ്ങൾ തൻെറ സാധനങ്ങളാ ണു്. അതിൽ അപ്രിയമുള്ളവർ അ ദ്ദേഹത്തെ വിട്ടകന്നുകൊള്ളണം. പ ക്ഷെ അതൊന്നും അദ്ദേഹം കാൎയ്യമാ ക്കാറില്ല. അന്നു ഗവൎമ്മെൻറു ഹോ സ്റ്റലിലേ പേടിത്തൊണ്ടന്മാരായ പ ട്ടക്കുട്ടികൾക്കു് പുളിമാന എന്നുപറ ഞ്ഞാൽ ഒരു 'ഉമ്മാക്കി'യോ മറേറാ ആണു്. ഊണൊരിടത്തു് കിടപ്പൊ രിടത്തു് എന്ന മട്ടിൽ കഴിഞ്ഞ പുളി മാന അന്നു കോളേജിൽ, ഒരപൂൎവ്വ ദൎശനനാണു്. ഒരു വേള അന്നത്തെ അവ്യവസ്ഥിതമായ ആ ജീവിതം ത ന്നെയായിരിക്കാം അദ്ദേഹത്തിൻെറ ശ്വാസകോശത്തിന്നു പരുക്കേൽപ്പി ച്ചതു്. ഓണേഴ്സിനു പരീക്ഷക്കു പോകേണ്ട കൊല്ലമായിരുന്നു അതു്. എങ്ങനെ പരീക്ഷയ്ക്കെഴുതാൻ പോകുന്നു എന്നു കൂട്ടുകാർ ഉൽക്കണ്ഠ പ്പെട്ടു. പോകാൻ നിവൃത്തിയില്ലാ ത്തവണ്ണം രോഗം വൎദ്ധിച്ചു. ഏതാ യാലും ഫീസടയ്ക്കാതെ, ഹാജർ

പോരാതെ പരീക്ഷയ്ക്കെഴുതാതെ പുളിമാന വീട്ടിലേക്കു മടങ്ങി ക്ലാസ്സ കിട്ടേണ്ട ഒരു വിദ്യാത്ഥി പോയല്ലോ എന്നു പ്രൊഫസറന്മാർ സങ്കടപ്പെട്ടു.

അടുത്ത കൊല്ലം പുളിമാന വന്നു—ഒരു പ്രഭുവിൻെറ മോടിയോടും സജ്ജീകരണങ്ങളോടുംകൂടി. ആ പഴയ വ്യവസ്ഥയില്ലായ്മയും അടുക്കില്ലായ്മയും അദ്ദേഹത്തെ വിട്ടകന്നു എന്നു തോന്നി. എങ്കിലും അടുത്തറിഞ്ഞവക്കറിയാം ആ ഹൃദയത്തിനു മാററമൊന്നുമില്ലായിരുന്നു എന്നു്. വിദ്യാത്ഥിയാണു്, പക്ഷേ നോട്ടുപുസ്തകങ്ങളില്ല, ടെക്സ്റ്റ്ബുക്കുകൾ കണ്ടിട്ടുപോലുമില്ല. പക്ഷേ അതിനെപ്പററിയൊന്നും ഒരു നിമിഷംപോലും ചിന്തിക്കയില്ല. നല്ല മാർഗ്ഗങ്ങൾ ഉപദേശിക്കാൻ നിങ്ങൾ ചെന്നിട്ടു ഒരു ഫലവുമില്ല. എന്നാൽ നിങ്ങൾക്കു വേണമെങ്കിൽ അദ്ദേഹത്തിൻെറ ഒരു മാനേജരാകാം. മാനേജു ചെയ്യപ്പെടാൻ അദ്ദേഹം ഇഷ്ടപ്പെട്ടു. ഒടുവിൽ ആ ശീലം വളന്നു്, പെട്ടിയും ചെല്ലവും എടുക്കാൻ ഒരാളില്ലാതെ പുറത്തേക്കിറങ്ങുകയില്ലെന്നുള്ള മട്ടുവരെയായി. പുളിമാന പ്രമാണിത്തം ചമയാൻ ഇഷ്ടപ്പെട്ടില്ല. പക്ഷേ പ്രമാണികൾക്കുപോലും അദ്ദേഹമാണാശ്രയം. കോളേജിലെ എല്ലാ പൊതു പ്രവത്തനങ്ങളിലും പുളിമാന ഉണ്ടെങ്കിലേ അവക്കു സമാധാനമുള്ളു. (കായിക വിനോദങ്ങളിലൊഴിച്ചു്) അങ്ങനെ കോളേജ് ദിനാഘോഷത്തിൽ, നാടകങ്ങളിൽ, കോളേജ്മാസികയുടെ നടത്തിപ്പിൽ, വാദപ്രതിവാദങ്ങളിൽ എല്ലാം പുളിമാനയുണ്ടു്.

വാദപ്രതിവാദയോഗത്തിൻെറ കായ്യം പറഞ്ഞപ്പോൾ ചില ഓമ്മകൾ പൊന്തിവരുന്നു. മലയാളം ഐച്ഛികമെടുത്തു പഠിക്കുന്നവർ സാധാരണ ഇംഗ്ലീഷിനു മോശമായിട്ടാണു് കാണാറുള്ളതു്. എന്നാൽ പുളിമാനയെപ്പോലെ ഇംഗ്ലീഷെഴുതുകയും സംസാരിക്കുകയും ചെയ്യുന്നവർ അന്നു കോളേജിൽ ചുരുക്കമാണു്. "ശാസ്ത്രമോ കലയോ ലോകപുരോഗതിക്കുതകുന്നതു്?" എന്ന വിഷയത്തെപ്പററി അന്നൊരിക്കൽ ഒരു വാദപ്രതിവാദമുണ്ടായി— സയൻസുകോളേജും ആർട്ട്സ് കോളേജും തമ്മിൽ. ശാസ്ത്രത്തിൻെറ പക്ഷം പറയാൻ വന്നതു് ഒരു വിദ്യാത്ഥിനിയാണു്. "I am a student of Zoology" എന്നു സ്ത്രൈണമായ സ്വരത്തിലെങ്കിലും സാഹങ്കാരമായി പ്രസ്താവിച്ചുകൊണ്ടാണു് ആ ശ്രീമതി പ്രസംഗമാരംഭിച്ചതു്. പ്രതിവക്താവായിരുന്ന പുളിമാന "I am not a Student of Zoology" എന്നു് ആ തുടക്കത്തിനുതന്നെ ഒരു തട്ടും കൊടുത്താണു് ആരംഭിച്ചതു്. പിന്നെയവിടെയുണ്ടായ ചിരിയും കൈയ്യടിയും ശാസ്ത്രക്കാരെ പറ പറപ്പിക്കാൻ പോരുന്നതായിരുന്നു.

മറെറാരിക്കൽ കോളേജ് വിദ്യാത്ഥിനികളോടു് ആൺകുട്ടികൾ അപമയ്യാദമായി പെരുമാറുന്നു എന്നു് ഒരാരോപണവുമായി, സന്മാർഗ്ഗത്തിൻെറ കുത്തകക്കാരായ ഒരു സംഘടന മുന്നോട്ടു വന്നപ്പോൾ ഉചിതമായ ഒരു മറുപടി എഴുതാൻ വിദ്യാത്ഥികൾ പുളിമാനയെ പിടികൂടി. ആരോപണക്കാർ ഒരു വിധം കടുത്ത ഇംഗ്ലീഷിലാണവരുടെ ലഘുലേഖ അടിച്ചിറക്കിയതു്. പുളിമാനയും ആ ശൈലിയിൽ, എന്നാൽ അതിലേറെ മനോഹരമായും അതിലേറെ ശക്തിമത്തായും ഒരു മറുപടി തയ്യാറാക്കി.

എനിക്കതിലേ വാചകങ്ങൾ ഒന്നും തോന്നുന്നില്ലല്ലോ എന്നു സങ്കടപ്പെട്ടുകയാണിപ്പോൾ. എങ്കിലും ഒരു കാര്യം പറയാം. അന്നു് ആ വാചകങ്ങൾ മന:പാഠം പഠിച്ചു് ഉരുവിട്ടുകൊണ്ടു നടന്ന പരശ്ശതം വിദ്യാർത്ഥികളുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു.

പുളിമാന കോളേജിൽ പഠിക്കുമ്പോൾ തന്നെ ഒരു കാഥികനായി പേരെടുത്തു. പക്ഷേ അത്ഭുതമെന്നല്ലേ പറയേണ്ടൂ, പുളിമാനയുടെ അച്ചടിച്ച ആദ്യത്തേ കഥ പ്രസിദ്ധപ്പെടുത്താതെ പോകുകയാണുണ്ടായതു്. അന്നത്തെ കോളേജു മാസികയ്ക്കു വേണ്ടി 'മറുപുറം' എന്ന പേരിൽ ഒരു കഥയദ്ദേഹം എഴുതിക്കൊടുത്തു. 'പ്രേമം പ്രേമം' എന്നു പറഞ്ഞുംകൊണ്ടു വിദ്യാർത്ഥിനികളുടെ പുറകേ നടന്നു്, അവരുടെ സുഖസ്വപ്നങ്ങൾക്കു് തീനിട്ടു കൊടുത്തു്, ഒടുവിൽ കാലു മാറിക്കളയുന്ന പുരുഷവേഷധാരികളെ ഭംഗിയായി പരിഹസിക്കുന്ന ഒരു കഥയായിരുന്നു അതു്. ആ കഥ അച്ചടിച്ചു കഴിഞ്ഞപ്പോൾ അതു് തങ്ങളെ സ്പർശിക്കുന്നതാണെന്നു ചിലർക്കൊക്കെ തോന്നി. അവർ പ്രിൻസിപ്പാളിനോടു പരാതി പറഞ്ഞു. അപ്പോഴേക്കും മാസികയുടെ സകല പ്രതികളും അച്ചടിച്ചു് വിതരണത്തിനു തയ്യാറാക്കി കഴിഞ്ഞിരുന്നു. വിദ്യാർത്ഥികൾ പറഞ്ഞതു പ്രിൻസിപ്പാൾ വിശ്വസിക്കുക തന്നെ ചെയ്തു. (അദ്ദേഹവും ഒരു സാഹിത്യകാരനായിരുന്നു.) സകല കോപ്പികളിൽ നിന്നും പുളിമാനയുടെ കഥ കീറിക്കളയാൻ അദ്ദേഹം ഉത്തരവിട്ടു. അങ്ങനെ മറുപുറമില്ലാതെ മാസിക വിതരണം ചെയ്യപ്പെട്ടു.

പുളിമാനയുടെ കോളേജ് ജീവിതം പാറയിൽ തട്ടി ഒലിക്കുന്ന ഒരു നദിയുടെ പ്രവാഹത്തിനു തുല്യമായിരുന്നു. കണ്ടു നിൽക്കുന്നവർക്കു് ആ നദിയുടെ പോക്കിൽ പലപ്പോഴും കൗതുകമേ തോന്നാൻ വകയുള്ളു. പക്ഷേ ആ നദിക്കറിയാം ഓരോ പാറയിലും മുട്ടുമ്പോഴത്തെ വേദന.

ഒരു പിന്മാററത്തിനു ശേഷം, ശേഷിച്ച ഒററത്തവണത്തെ അവകാശം ഉപയോഗിച്ചു്, പരീക്ഷയ്ക്കു് എഴുതാൻ ചെന്ന പുളിമാനയുടെ കൈയ്യിൽ ഏതോ ലക്കില്ലാത്ത ഹാൾ സൂപ്രണ്ടു് മലയാളത്തിന്റെ 'ഫിലോളജി'ക്കടലാസിനു പകരം തമിഴിന്റെ 'ഫിലോളജി'ക്കടലാസ് വച്ചു കൊടുത്തു. പുളിമാന തന്റെ സഹജമായ അലക്ഷ്യഭാവത്തിൽ ആ ചോദ്യങ്ങൾക്കു തന്നെ ഉത്തരമെഴുതിത്തുടങ്ങി. ദ്രാവിഡഭാഷകളെപ്പററി പൊതുവായുള്ള പ്രശ്നങ്ങൾ അതിലുമുണ്ടു്. അവയ്ക്കെല്ലാം ഉത്തരമെഴുതി കൈയ്യും വീശി പുറത്തു വന്നപ്പോളാണു് കാര്യം മനസ്സിലായതു്. മററുള്ളവന്റെ മരണപ്പിടച്ചിലിലും ചട്ടത്തിന്റെ തലനാഴപ്പിൽ നിന്നും വിട്ടു മാറാത്ത മദിരാശി സർവ്വകലാശാലക്കാർ അദ്ദേഹത്തിനൊരു ബി. എ. ഡിഗ്രി പോലും കൊടുത്തില്ല. പിന്നെ രണ്ടു കൊല്ലത്തിനു ശേഷം പ്രൈവററായി ചെന്നാണു് അദ്ദേഹം ബി. എ. ഡിഗ്രി നേടിയതു്.

ബോംബെയിൽ എൽ. എൽ. ബി.ക്കു പോയിട്ടു് അദ്ദേഹം എന്താണു ചെയ്തതെന്നു് എനിക്കറിഞ്ഞുകൂടാ. പക്ഷേ ഒന്നറിയാം ; ഒന്നാംതരം കുറെ ടെഡീഡ് സൂട്ടുകൾ തയ്പിച്ചു എന്നും നല്ല കുറെ ഹിന്ദി സിനിമാകൾ കണ്ടു എന്നും. ബോംബയിൽ നിന്നു

തിരിച്ചു വന്നു് അദ്ദേഹം 'മഴവില്ല്'' പ്രസിദ്ധപ്പെടുത്തി. (1942) ആ ആദ്യത്തെ കൃതിയിലും അദ്ദേഹത്തിന്റെ വ്യക്തിമുദ്ര സ്പഷ്ടമായി പതിഞ്ഞിരുന്നു. ആ കഥകറം, തലയെടുപ്പുള്ള ചില കൊമ്പനാനകളെപ്പോലെ കൂട്ടത്തിൽ നിന്നു് അല്പം ഒന്നു യന്നു്, വ്യത്യസ്തമായി ഒരു മണ്ഡലത്തെ സ്പർശിച്ചു് നിൽക്കുന്നതു കാണാമായിരുന്നു. അദ്ദേഹം കാഥികനെക്കാറം കവിയായിരുന്നു എന്നു നമുക്കു ചിലപ്പോറം തോന്നും. ആ 'കടത്തുകാരനും' ആ 'ശിവരാത്രിയും' മനോഹരങ്ങളായ കവിതകളല്ലേ? പക്ഷേ അദ്ദേഹം കാഥികനുമാണു്. 'അവറം', 'മഴവില്ല്'' ഇവയിലെ ജീവിതനിരീക്ഷണത്തിന്റെ മുമ്പിൽ തല കുനിക്കാതെ വായിച്ചു പോകാൻ ആർക്കെങ്കിലും സാദ്ധ്യമാണോ ? ഏതു നാട്ടിൽ ചെന്നാലും ഒരഞ്ചു ദിവസം കൊണ്ടു ജനങ്ങളുടെ കണ്ണിലുണ്ണിയായിത്തീരുന്ന ആ ഡാക്ടരെ അദ്ദേഹം എത്ര മധുരമായ പരിഹാസസ്ഫുരണത്തോടെ വണ്ണിച്ചിരിക്കുന്നു എന്നു നോക്കുക : " ഡാക്ടർ മേനോൻ ഒരു ഇംഗ്ലീഷ് ചിരിയും, ഒരു പുകയുന്ന സിഗററും, കൈയ്യിൽ ഒരു ഹാററുമായി എത്തും. '' ഗുഡ്' മോർണിംഗ്' മിസസ്' നായർ" എന്നു തുടങ്ങിയാൽ പിന്നെ പോകുന്നതു വരെ സംസാരം തന്നെ. രോഗി രോഗത്തിന്റെ കാര്യം മറക്കും; വാല്യക്കാരു പോലും വന്നു മേനോന്റെ സംസാരം കേറംക്കാൻ ഒളിഞ്ഞു നിൽക്കും. ഒരു കുട്ടിയെ കൈയ്യിലെടുത്തു്, മററതിന്റെ ചെവിക്കൊന്നു പിടിച്ചു്, മൂന്നാമതൊന്നിന്റെ നേക്കൊരു ഗോഷ്ടി കാണിച്ചു്, കാരണവരോടു് ഉപചാരം കാട്ടി, മുത്തമ്മയോടു് നല്ല വാക്കു പറഞ്ഞു്, ഡാക്ടർ രോഗിയുടെ മുറിയിൽ കയറുമ്പോഴേക്കു്, മുറി മുഴുവൻ ആളുകളുമായി."

ഒരൊററ വാചകത്തിൽ എന്തൊരു ചിത്രമാണദ്ദേഹം വരയ്ക്കുന്നതു്.

'മഴവില്ല്'' പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പ് ഞങ്ങളിൽ പലരും ചോദിച്ചു, അവ്യക്തമധുരമായ ആ 'പ്രതിമ' എന്ന കഥ എന്തിനു് അതിൽ ഉറംപ്പെടുത്തുന്നു എന്നു്. അദ്ദേഹത്തിനു് ആ കഥയെ ഒഴിച്ചു നിത്താൻ കഴിവില്ലായിരുന്നു. ഓസ്കാർ വൈൽഡും, ബർനാഡ്' ഷായും പുളിമാനയെ വളരെ സ്വാധീനപ്പെടുത്തിയ രണ്ടു കലാകാരന്മാരായിരുന്നു. രണ്ടു പേരുടെയും 'സിനിസിസ' വും പരിഹാസവും പുളിമാനയ്ക്കിഷ്ടമായിരുന്നു. എന്നു മാത്രമല്ല അവ ഒരു നല്ല അളവിൽ അദ്ദേഹത്തിനുമുണ്ടായിരുന്നു. വൈൽഡിന്റെ ഫലിതത്തെക്കാറം ഉന്മാദകരമായ ആ സൗന്ദര്യബോധമാണു് പുളിമാനയെ അധികം വശപ്പെടുത്തിയതു്. 'ഡോറിയൻ ഗ്രേയുടെ ചിത്ര'വും 'പ്രതിമ' യും തമ്മിലുള്ള സാമ്യം അവിട്ടരമല്ല. സാധാരണക്കാക്കു് അവ്യക്തമായി തോന്നുന്ന ആ മധുരിമ പുളിമാനയുടെ ഹൃദയത്തിൽ ഉൽക്കടമായ വികാരസാഗരങ്ങളായി രൂപാന്തരപ്പെടുന്നു. 'പ്രതിമ'യിൽനിന്നു് 'യവനിവയ്ക്കപ്പുറം' എന്ന കഥയിലെത്തുമ്പോഴേക്കും അദ്ദേഹത്തിന്റെ സൗന്ദര്യപൂജ സുവ്യക്തമായ ഒരു മത (cult) മായി തീരുന്നു.

ചികിത്സക്കായി, രണ്ടാം പ്രാവശ്യം തിരുവനന്തപുരത്തു വന്നു താമസിക്കുമ്പോഴാണു് പുളിമാനയുടെ ശ്രദ്ധ നാടകമെഴുത്തിലേക്കു തിരിഞ്ഞതു്. നടനും നാടകവിമർശകനുമായിരുന്ന പുളിമാന, നമ്മുടെ ഭാഷയിലെ നാടകസാഹിത്യത്തിൽ വിപ്ലവാ

ത്മകമായ ഒരു പരിവത്തനം വരുത്താൻ ശ്രമിച്ചതു് സ്വാഭാവികം മാത്രമാണ്. അദ്ദേഹം ആധുനിക യൂറോപ്യൻ നാടകങ്ങൾ ഒട്ടു മുക്കാലും വായിച്ച് അവയെപ്പററിയുള്ള നിരൂപണങ്ങളും പഠിച്ചു. ആധുനിക യൂറോപ്യൻ സാഹിത്യത്തിൽ റിയലിസത്തിൻെറ സ്ഥാനം വളരെ കുറഞ്ഞു പോയിരിക്കുന്നു എന്നും, നാടകസാഹിത്യം പ്രത്യേകിച്ചും ഭാവാത്മകത്വത്തിലേക്കു പ്രയാണം ചെയ്യുകയാണെന്നും അദ്ദേഹം കണ്ടു. കൈസർ, മോൾനാർ മുതലായവരുടെ കൃതികൾ അദ്ദേഹത്തെ ആകർഷിച്ചു. അങ്ങനെ 'സമത്വവാദി'—മലയാളത്തിലെ ആദ്യത്തെ ഭാവാത്മകകൃതി എന്നതു പോകട്ടെ; കൈവിരലുകൊണ്ടു എണ്ണാവുന്ന നമ്മുടെ നല്ല നാടകങ്ങളിലൊന്നു്—രൂപമെടുത്തു. ഈ കൃതിയിലൂടെ കുലീനതയെ തള്ളിക്കീറാനദ്ദേഹം ആഗ്രഹിച്ചു. പക്ഷേ പുളിമാന എഴുതിയതു് ഒരു സോഷ്യലിസ്റ്റ് വിരുദ്ധ നാടകമായിരുന്നു. (സോഷ്യലിസത്തിനെതിരല്ല) സമത്വവാദിയിലെ ബാരിസ്റ്ററിൽക്കൂടി പുളിമാന സംസാരിക്കുന്നു. സ്ത്രീയുടെ പുറകേ ഏങ്ങലടിച്ചുകൊണ്ടു നടക്കുന്ന ദുർബലനായ കാമുകനേയും, ആദർശപ്രസംഗങ്ങളിൽ മാത്രം ജീവിക്കുന്ന സമത്വവാദിയേയും ആ ബാരിസ്റ്റർ കളിയാക്കുന്നു. അയാൾ സ്ത്രീയോടു പറയുന്നു: " തൊഴിക്കണം സഹോദരീ, തൊഴിക്കണം, കാലിൽ പിടിക്കുന്നവനേ. അതാണു സ്ത്രീയുടെ പുരുഷത്വം."

സമത്വവാദിയോടു പറയുന്നു: " നിങ്ങൾ ഒന്നിലും വിശ്വസിക്കുന്നില്ല. നിങ്ങൾ വെറുക്കാൻ ശക്തനാണോ? ഭയങ്കരമായ, നിഖിലവും ഭസ്മീകരിക്കുന്ന ഒരു വിദ്വേഷക്കൊടുതീ സൃഷ്ടിക്കുവാൻ നിങ്ങൾ ശക്തനാണോ? അല്ലെങ്കിൽ സുശക്തമായ ഗംഭീരമായ സ്നേഹത്തിനുള്ള കഴിവു് നിങ്ങൾക്കെങ്ങനെയുണ്ടാകും? "

ഈ ബാരിസ്റ്ററുടെ 'സിനിസിസ'ത്തിൻെറ അടിയിൽ ദൗർബല്യമുണ്ടു്. പുളിമാനയുടെ സിനിസിസത്തിൻെറ കുപ്പായത്തിനുള്ളിൽ സ്നേഹനിർഭരമായ ഒരു ഹൃദയം തുടിക്കുന്നുണ്ടായിരുന്നു. പക്ഷേ ആ സ്നേഹത്തെ ജ്വലിക്കുന്ന, തീക്ഷ്ണവീര്യമായ ആ സ്നേഹത്തെ—അദ്ദേഹം വിഴുങ്ങുകയായിരുന്നു; വിഴുങ്ങേണ്ടി വന്നു എന്നു പറയുന്നതാണു ശരി. അതാണു വിധി അദ്ദേഹത്തോടു കാണിച്ച കടുംചതി.

ഒരിക്കൽ എനിക്കയച്ച ഒരു കത്തിൽ " ഈ സ്നേഹം വല്ലാത്തൊരു വികാരമാണ്. നിങ്ങളറിഞ്ഞോ ഞാൻ പ്രണയബദ്ധനായിരിക്കുന്നു! " എന്നിത്രയും എഴുതിയിട്ടു ശേഷമെഴുതാൻ ശക്തനല്ലാതെ കടലാസ്സിൽ അദ്ദേഹം കുത്തിവരച്ചിരുന്നു. എന്തൊരുൽക്കടമായ വികാരത്തെയാണ് താരതമ്യേന പ്രശാന്തമായ ആ ആകാരത്തിനുള്ളിൽ അദ്ദേഹം കൊണ്ടു നടന്നതു്! ആ കഥകൾ തന്നെ നോക്കുക! എന്തൊരു വികാരക്ഷോഭമാണവയിൽ ഓളം വെട്ടുന്നതു്! ഈ പ്രപഞ്ചത്തിൻെറ ശോകമയമായ സംവിധാനത്തെ ഇത്ര മധുരമായി, ഇത്ര ഭാവസാന്ദ്രമായി പ്രകടിപ്പിക്കുന്ന തൂലികകൾ നമ്മുടെ ഭാഷയിലധികം ഉണ്ടായിട്ടില്ല. തൻെറ കഥകളിൽ, അദ്ദേഹം ആ ശോകമയമായ സംവിധാനത്തോടു് അലിഞ്ഞു ചേരുന്നതായി നമുക്കു തോന്നി. ആ ജീവിതവും അല്പാല്പമായി അതിൽ ലയിക്കുകയായിരുന്നെന്നു് ആരറിഞ്ഞു!

——

# വായനക്കാർ
# ലോകവാണിയിൽ

[വായനക്കാർക്കു് ഇഷ്ടമുള്ള വിഷയങ്ങളെക്കുറിച്ചു് വിമർശിക്കുന്നതിനുള്ള ഒരു പംക്തിയാണു് ഇതു്. ചുരുങ്ങിയ കത്തുകൾ ക്ഷണിച്ചുകൊള്ളുന്നു.]

## ബാലപംക്തി

അടുത്ത കാലത്തായി മലയാള ഭാഷയിൽ പ്രസിദ്ധപ്പെടുത്തിത്തുടങ്ങീട്ടുള്ള എണ്ണമററ വാരികകൾക്കും മാസികകൾക്കും പ്രതിപക്ഷ പത്രികകൾക്കുമിടയിൽ പറയാൻ കൊള്ളാവുന്നവ അധികമില്ല. ലോകവാണിയുടെ ആദ്യലക്കം തന്നെ ആകർഷകമായിട്ടുണ്ടു്. നല്ല ലേഖനങ്ങൾക്കു പുറമേ ചിത്രങ്ങളും പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയിട്ടുള്ളതു പ്രശംസാർഹംതന്നെ. മേലിൽ ബാലപംക്തി, വനിതാപംക്തി തുടങ്ങിയ പംക്തികൾകൂടെ ചേർക്കുവാൻ ശ്രമിക്കണം. പണിക്കർ, ദേവൻ തുടങ്ങിയ ചിത്രകാരന്മാരും ലോകവാണിയെ അലംകൃതമാക്കുവാൻ അടുത്തുതന്നെയുണ്ടല്ലോ.

പത്തായക്കുന്നു്. കെ. പി. ബി. പാട്യം.

★

ഒന്നാംലക്കം, 'ലോകവാണി'യുടെ പത്രാധിപ പംക്തിയിൽ പറഞ്ഞിട്ടുള്ളതുപോലെ "മലയാളത്തിൽ പത്രങ്ങളുടെ പൂക്കാലമാണിതു്. എത്രയും വാസ്തവമായ ഒരു സംഗതിതന്നെയാണതു്. എല്ലാഭാഷകളിലും പത്രങ്ങളുടെ എണ്ണം വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നുണ്ടു്. മററു ഭാഷകളിലെല്ലാം ബാലസാഹിത്യം വളരെ പുരോഗമിച്ചിട്ടുണ്ടു്. എന്നാൽ മലയാളത്തിൽ മാത്രമാണു് ആ കാര്യത്തിൽ തീരെ അഭിവൃദ്ധിയില്ലാതിരിക്കുന്നതു്. പരിഹാരം കാണുവാൻ വൈഷമ്യമേറെയില്ലെങ്കിലും, വൈഷമ്യമുള്ള ഒരു പ്രശ്നംതന്നെയാണു് അതു്.

ബാലന്മാർക്കായി പ്രത്യേകം പത്രങ്ങൾ മലയാളഭാഷയിൽ ഒന്നോ, രണ്ടോ എണ്ണം മാത്രം കാണും. എന്നാൽ ഇതര ദ്രാവിഡ ഭാഷകളായ തമിഴ്,

തെലുങ്ക്, കന്നാടകം എന്നിവകളിലെല്ലാം ബാലപത്രികകരം ധാരാളമായി കാണ്മാനുണ്ട്. ഇന്നുള്ള മലയാളിപ്പത്രങ്ങളിൽത്തന്നെ ചിലതിൽ മാത്രമേ 'ബാലപംക്തി', 'കുട്ടികളുടെലോകം' എന്നീ പേരുകളിൽ കുട്ടികരംക്കായുള്ള പ്രത്യക പംക്തികരം കാണ്മാനുള്ളു. വളരെ പഴക്കമുള്ള "മാതൃഭൂമി" കൂടി ഈ സംഗതിയിൽ ചിലപ്പോരം അശ്രദ്ധ കാണിക്കുന്നുണ്ട്.

മേൽപ്പറഞ്ഞ വിധത്തിൽ ഒരു ബാലപംക്തി 'ലോകവാണിയിൽ' സ്ഥലംപിടിച്ചുകാണുവാൻ ഞാൻ ആശിക്കുന്നു. മലയാളഭാഷയിലുള്ള എല്ലാ മാസികകളിലും, വാരികകളിലും ബാലന്മാക്കായുള്ള പംക്തി ഏപ്പെടുത്തിക്കാണുവാനും, അതു വഴി ചെറുകുട്ടികളുടെ സാഹിത്യാഭിരുചി തട്ടിയുണത്തപ്പെടുവാനും ഞാൻ ആശിക്കുന്നു.

കക്കാട്ട്, സി. എം. ഗോപാലൻ.

[നിങ്ങരം നിർദ്ദേശിച്ചിരിക്കുന്ന പംക്തികരം കൂടെ ചേക്കുന്നതിനു ഞങ്ങരം തയ്യാറാണ്. വല്ലതും എഴുതി പേരിനുമാത്രം ഒരു പംക്തി കൂട്ടണമെന്നു മോഹവുമില്ല. പല പത്രങ്ങളിലും കാണുന്ന 'ബാലപംക്തി' വാസ്തവത്തിൽ 'ബാലിശപംക്തി'കളല്ലേ എന്നു ഓത്തു നോക്കുക. ഉണ്ടെങ്കിൽ നന്നായിരിക്കണം എന്ന പ്രമാണമാണു ഞങ്ങരം ആദരിക്കുന്നതു്. ഈക്കായ്യത്തിൽ നിങ്ങളുടെ സഹായ സഹകരണങ്ങരം ക്ഷണിച്ചുകൊള്ളുന്നു.—പ).

✶

## സ്വാഗതാഹം

എല്ലാംകൊണ്ടും ഈ ദ്വൈവാരികം അത്യാകർഷകമായിരിക്കുന്നു. സഹൃദയന്മാക്കു വായിക്കുന്നതിനും പഠിക്കുന്നതിനും രസിക്കുന്നതിനും കൊള്ളാവുന്ന പല നല്ല ലേഖനങ്ങരം ഇതിലുണ്ടെന്നുള്ളതാണ് ഇതിൻെറ പ്രത്യേകത. അന്തസ്സും ഗൗരവവും ഉള്ള വാരികകളോ മാസികകളോ നമ്മുടെ ഭാഷയിൽ വളരെക്കുറവാണെന്നു് വിശേഷിച്ചു ഞാൻ പറയേണ്ടല്ലോ. അതിനാൽ "ലോകവാണി" സർവദാ സ്വാഗതാർഹമാണ്. ഇതിൽ ഉടനീളം കാണുന്നുണ്ട് ഒരു നല്ല തറവാടിത്തം.

ഉത്തമ ലേഖനങ്ങരം സംഭരിച്ചും സ്വയംനിർമ്മിച്ചും കൈരളിക്കു സമർപ്പിക്കുവാൻ താങ്കരം ചെയ്യുന്ന ഈ ശ്രമം ശ്ലാഘനീയംതന്നെ. ഇക്കാര്യ

ത്തിൽ സഹൃദയലോകം നിങ്ങളോട് കടപ്പെട്ടിരിക്കുന്നു. മലയാളികളുള്ള എല്ലാ ദിക്കുകളിലും ലോകവാണിക്കു പ്രചുരപ്രചാരം ഉണ്ടാവുമെന്നുള്ളതിൽ തക്കമില്ല.

തിരുവനന്തപുരം. ഇടയാറന്മുള കെ. എം. വറുഗീസ്.

★

## പുരോഗമനം എങ്ങോട്ട് ?

ദ്രുതഗതിയിൽ പുരോഗമിക്കുന്ന (പുരോഗമിക്കുന്നുണ്ടെന്നു പറയുന്ന) ലോകത്തിനോട് എനിക്കു ചോദിക്കാനുള്ളത് "ഈ പുരോഗമനം ഏതുവരെ തുടരും? ഇതു പുരോഗമനംതന്നെയാണോ, അതോ വെറും പരിവർത്തനമാണോ? അതുമല്ല അനവധി ബുദ്ധിമുട്ടുകൾ സഹിച്ചും ജീവിക്കാനാശിക്കുന്ന മനുഷ്യരെ കൂടുതൽ വിഷമിപ്പിക്കാനാണോ? അതിലും കവിഞ്ഞു മനുഷ്യരിൽ ജീവിതാശയില്ലാതാക്കിത്തീർക്കുന്നതിനുള്ള ഒരു ഉപായ വിശേഷമാണോ? അതോ സ്വാർത്ഥം, സ്വാതന്ത്ര്യമെന്ന പട്ടുടുപ്പണിഞ്ഞു ജനങ്ങളെ ആകർഷിക്കുന്നതിന്റെ വകഭേദമായിരിക്കുമോ?" എന്നീ വകയാണ്. ചിന്താശീലരായ സഹൃദയന്മാർ ഈ വക പ്രശ്നങ്ങൾക്കുത്തരം തരുമെന്നു പ്രത്യാശിക്കുന്നു.

ലോകവാണിയിലെ 'വാശ്ടാ'ച്ചായ്യന്റെ, ഫലിതം അനുപാനം ചേർത്ത 'കഷായം' വ്യക്തിവിദ്വേഷച്ചുവപ്പില്ലാത്തതായിത്തന്നെ എന്നും ആസ്വാദകക്കനുഭവപ്പെടുമെന്നനുമാനിച്ചുകൊണ്ട് വാശ്ടനെ ഞാൻ അഭിനന്ദിക്കുന്നു.

വടക്കാഞ്ചേരി. സി. എൻ. മംഗലം.

[താങ്കളുടെ ഈ ചോദ്യങ്ങൾക്കെല്ലാം സമാധാനം പറയുക സുകരമല്ല. എങ്കിലും അതിലെല്ലാംതന്നെ സത്യത്തിന്റെ അംശമുണ്ടെന്നു ആരും സമ്മതിക്കും—പ.]

## കഷായത്തിനു പത്ഥ്യം

പത്രങ്ങൾക്ക് സാഹിത്യപരമായി പലതും സാധിപ്പിക്കാനുണ്ടെന്ന ബോധം ഇന്നത്തെ മിക്ക പത്രാധിപന്മാരും മറന്നിരിക്കയാണ്. വാടിക്കൊഴിയുന്നതിനിടയിൽ മടിശ്ശീല തടിപ്പിക്കുക മാത്രമാണു അത്തരക്കാരുടെ ഉദ്ദേശമെന്നു തോന്നുന്നു. 'ലോകവാണി' ഔചിത്യബോധത്തോടുകൂടി പ്രവർത്തിക്കുന്നതിൽ അഭിനന്ദിക്കുന്നു. സാഹിത്യത്തറവാട്ടിലെ കാരണവന്മാരേയും അനന്തിരവന്മാരെയും സൌഹാർദ്ദത്തോടും ഒരുമയോടുംകൂടി നടത്തിക്കണമെന്ന 'ലോകവാണി'യുടെ ആദർശം നന്നായിട്ടുണ്ടു്.

കൃത്യമായ പത്ഥ്യത്തോടുകൂടിയാൽ 'കഷായം' കൂടുതൽ ഫലപ്രദമാകും. ഒരാഴ്ചക്കുള്ളിൽ ഭാരതം ഒന്നുകൂടി വായിക്കാതെ നിവൃത്തിയില്ല. ഡാക്ടർ ചേലന്നാടൻ ഭാരതപാരായണത്തിൽ എന്നെ ധൃതിപ്പെടുത്തിക്കഴിഞ്ഞു. വിമർശനം ഒരു കാലത്തും ഒഴുക്കൻമട്ടിലാവരുതു്. 'പ്രകടനപത്രിക' നിഷ്പക്ഷമായി വിശദീകരിച്ചതിൽ അഭിനന്ദിക്കുന്നു. ആകെ കൌതുകമുണ്ടു്.

പള്ളിക്കുന്നു്. കെ. പ്യാർ, മാസ്റ്റർ.

[പത്ഥ്യവിഷയത്തിൽ ശ്രദ്ധിക്കേണ്ടതു കഷായം ഉപയോഗിക്കുന്നവരല്ലേ? അവരേ വേണ്ടതുപോലെ ഗുണദോഷിക്കാൻ വശഭാനനോടു പറയാം. ഡാക്ടർ അച്യുതമേനോൻെറ ലേഖനത്തിൻെറ അവസാനഭാഗം അടുത്ത ലക്കത്തിൽ മാത്രമേ ഉണ്ടായിരിക്കയുള്ളു. അതിനകം നിങ്ങൾ ഭാരതം വായിച്ചു തീർക്കുമോ ?—പ.]

---

Printed by: K. L. Shanmughasundaram at the Jaya Kerala Press, 1/16 Royapettah High Road, Madras.
Edited and Published by: K. M. George M. A., 1/16 Royapettah High Road, Madras.

# അടുത്ത ലക്കത്തിൽ

| | | |
|---|---|---|
| 1. | സി. വി. രാമൻപിള്ള : | ശ്രീ. പി. കെ. പരമേശ്വരൻ നായർ ബി. ഏ. |
| 2. | പ്രകടനപത്രികയെ പ്പററി വീണ്ടും : | ശ്രീ. എം. ഗോവിന്ദൻ |
| 3. | മലയാള ഭാഷയും ശാസ്ത്രീയ സംജ്ഞകളും: | ശ്രീ. പി. എൻ. മൂസത് ബി. ഏ. എൽ. ടി. |
| 4. | എന്നെ ഏററം സ്പർശിച്ച ഗ്രന്ഥം : | പ്രൊഫസർ. കെ. ആർ. ചന്ദ്രശേഖരൻ എം. ഏ. എം. ലിററ്. |
| 5. | ഷെല്ലിയുടെ ജീവതകഥ IV | ശ്രീ. കെ. എം. ജോർജ്ജ് |
| 6. | സ്വാതന്ത്ര്യ ഇന്ത്യയും നാട്ടുരാജ്യപ്രശ്നവും: | ഡാ: പി. സി. അലക്സാണ്ടർ. |

കൂടാതെ പല കവിതകളും ലേഖനങ്ങളും
ചിത്രങ്ങളുമുണ്ടായിരിക്കും.

# പുതിയ പുസ്തകങ്ങൾ

(കെ. എം. ജോർജ്ജ്)

1. സാധുകൊച്ചുകുഞ്ഞ് :

തികഞ്ഞ മിസ്റ്റിക്കും ഭക്താഗ്രേസരനുമായ ഒരു വിശുദ്ധ ന്റെ ജീവചരിത്രം. സാധാരണ കടലാസ്സ് 1 ക. 4 ണ.
മേനിക്കടലാസ്സ് 1 ക. 10 ണ.

2. പ്രബന്ധചന്ദ്രിക :

ഭാരതത്തിലെ ഭാഷാപ്രശ്നം, ആത്മകഥാസാഹിത്യം, നാളത്തെ നേതാവ്, സാഹിത്യകാരന്റെ സ്വാതന്ത്ര്യം, വിദ്യാഭ്യാസപദ്ധതിയിൽ പ്രക്ഷേപണത്തിന്നുള്ള സ്ഥാനം എന്നിങ്ങനെ ഏഴ് പ്രൗഢോപന്യാസങ്ങൾ. 1 ക. 8 ണ.

3. ഏകാങ്കമണ്ഡലം :

ദൂഷണസാഹിത്യം, പത്നീസമാജം പണിമുടക്ക്, രാഗവർദ്ധിനി, പുള്ളിസ്സാരി, അർദ്ധരാത്രിയിൽ എന്നീ ഏകാങ്കങ്ങളുടെ സമാഹാരം. 1 ക.

4. റേഡിയോനാടകങ്ങൾ :

അഖിലേന്ത്യാ റേഡിയോവിന്റെ മദിരാശി കേന്ദ്രത്തിൽ നിന്നു് പ്രക്ഷേപണം ചെയ്തിട്ടുള്ള അഞ്ചു നാടകങ്ങളും, റേഡിയോ നാടകപ്രസ്ഥാനത്തിന്റെ സാങ്കേതികമാർഗ്ഗങ്ങളെ കുറിച്ചു സമഗ്രമായ ഒരു വിശദീകരണവും ഈ ഗ്രന്ഥത്തിൽ അടങ്ങിയിരിക്കുന്നു. മലയാളത്തിൽ ഇത്തരമൊരു പ്രസിദ്ധീകരണം ഇദംപ്രഥമമാണ്. 1 ക.

പുസ്തകങ്ങൾക്ക് താഴെ ചേർക്കുന്ന വിലാസത്തിൽ എഴുതുക.

K. M. GEORGE, M.A.
*Madras Christian College*
TAMBARAM P.O.

Cover printed at Lodhra Press, Madras.